The Malankara Catholic Children's League, an integral part of The Malankara Catholic Church, has been at the forefront of fostering this childlike faith. Our children are not merely the future of our church; they are the present, the beating heart that infuses energy and life into our congregation. Through MCCL, we have endeavoured to create a space where our children can grow in the love and knowledge of Christ, where they can embrace their spiritual identity, and where they can learn to be compassionate, responsible, and active members of the church and society.

In conclusion, on behalf of the Malankara Catholic Children's League, I extend our warmest congratulations and heartfelt blessings to our Malankara Catholic Church on its 25th anniversary. Let our faith continue to guide us, our unity continue to strengthen us, and our love continue to bind us. As we celebrate this Silver Jubilee, let us reflect on the lives that have been transformed, the friendships that have blossomed, and the impact we have made in our community. With a heart full of gratitude, we honour our founding members, past leaders, and every individual who has contributed to our Church's growth.  May our unity continue to be our strength, and may our faith be the cornerstone that guides us through the years to come. Let us continue to be a community that exemplifies Christ's teachings and radiates His love to all corners of the world. Happy 25th anniversary to our beloved Church family!

MAY GOD BLESS US ALL

www.malankaralibrary.com

# ദുബായ് മലങ്കര സുറിയാനി കത്തോലിക്കാ സമൂഹം

**ബിരൺ ഫിലിപ്പ്**

## ആമുഖം

യു എ ഇ യിലെ മലങ്കര സുറിയാനി കത്തോലിക്കാ സഭാ സമൂഹം, പ്രധാനമായും 8 സമൂഹങ്ങളിലായി, അബുദാബി, അൽ ഐൻ, ദുബായ്, ഫുജൈറ, ജെബേൽ അലി, മുസ്സഫ, റാസൽഖൈമ, ഷാർജ എന്നിവിടങ്ങളിൽ അധിവസിക്കുന്നു.

വ്യവസായ വിപ്ലവും മധ്യപൂർവ്വ ഗൾഫ് രാജ്യങ്ങളിലെ എണ്ണഖനനത്തിന്റെ കണ്ടുപിടിത്തവും തുടർന്നുണ്ടായ വ്യാവസായിക അഭിവൃദ്ധിയും, ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്ന് ഗൾഫ് രാജ്യങ്ങളിലേക്ക് കുടിയേറ്റമുണ്ടായതുപോലെ, മലങ്കര മക്കളും ഈ മണ്ണിലേക്ക് ഉപജീവനാർത്ഥം ആകർഷിക്കപ്പെട്ടു. 1960കൾ മുതൽ ആരംഭിച്ചെങ്കിലും സഭാതനയരുടെ പ്രകടമായ സാന്നിധ്യം 1970 മുതൽ ശക്തിപ്പെട്ടുവെന്നു കാണാൻ സാധിക്കും. 70കളിൽ ദിവംഗതനായ സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനി ദുബായിൽ സന്ദർശനം നടത്തിയതായി മനസിലാക്കുന്നു.

തങ്ങൾ ആയിരിക്കുന്നിടത്തു സഭയുടെ ആത്മീയ ശുശ്രൂഷകൾക്ക് സാദ്ധ്യതകൾ കണ്ടു പിടിച്ചു സഭാ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുക എന്ന പാരമ്പര്യത്തെ പിന്തുടർന്ന് ദുബായിലും സഭാ മക്കൾ പരസ്പരം കണ്ടും അറിഞ്ഞും പരിചയപ്പെട്ടും ബന്ധം നിലനിറുത്തി വന്നിരുന്നു. യൂറോപ്പിലേക്കും അമേരിക്കൻ ഐക്യ നാടുകളിലേക്കും തിരിച്ചുമുള്ള യാത്രാമദ്ധ്യേയോ നമ്മുടെ വൈദികർ സാഹചര്യങ്ങൾക്കനുസരിച്ചു കൂട്ടായ്മയിൽ സംബന്ധിക്കുകയും വിശുദ്ധ കുർബാന അർപ്പിച്ചിരുന്നു എന്നുള്ളതല്ലാതെ മറ്റു കൂടിവരവുകളോ ആത്മീയ ശുശ്രൂഷകളോ വർഷങ്ങളായി ലഭിച്ചിരുന്നില്ല. ഇത്തരം അവസരങ്ങൾ നാമമാത്രമായിരുന്നുവെങ്കിലും, സമൂഹാംഗങ്ങൾക്കു ഈ സന്ദർശനങ്ങൾ വളരെയേറ പ്രചോദനവും ആത്മവിശ്വാസവും നൽകുന്നതായിരുന്നു. ഇടയനില്ലാത്ത ആടുകളെപ്പോലെ അലയേണ്ടി വന്നെങ്കിലും സഭാ പൈതൃകവും വിശ്വാസവും അണയാതെ കാത്തു സൂക്ഷിക്കുവാൻ സഭാ തനയർ ബദ്ധശ്രദ്ധരായിരുന്നു.

ഗൾഫ് മേഖലയിൽ സഭാ സമൂഹങ്ങൾ രുപീകരിക്കുന്നതിന്റെ ആദ്യപടി എന്ന നിലയിൽ ഭാഗ്യസ്മരണാർഹനായ ആർച്ച് ബിഷപ്പ് ബെനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി വികാരിയറ്റിന്റെ ബിഷപ്പായിരുന്ന അഭിവന്ദ്യ ബർണാഡ് ഗ്രിമോളി തിരുമേനിയുമായി കത്തിടപാടുകൾ നടത്തുകയും ഈ നീക്കങ്ങൾക്ക് ചുവടുപിടിച്ചവണ്ണം 1988 ൽ ബഹുമാനപ്പെട്ട ഏബ്രഹാം കാക്കനാട്ടച്ചൻ (അഭി.ഏബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലീത്ത) യു എ ഇ സന്ദർശനത്തിന്റെ ഭാഗമായി നമ്മുടെ അംഗങ്ങളുടെ ഭവനങ്ങളിൽ സന്ദർശനം നടത്തി കൂട്ടായ്മയിൽ പങ്കെടുക്കുകയും തുടർന്ന് വിവിധ അവസരങ്ങളിൽ നടത്തിയ വ്യക്തിഗത സന്ദർശനങ്ങളും ഒരു സമൂഹം എന്ന നിലയിലുള്ള കൂടിവരവുകൾക്കു വേദിയും പ്രേരകവുമായി.

അഭിവന്ദ്യ ആർച്ച് ബിഷപ്പ് ബെനഡിക് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ കാലശേഷം, അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് കാതോലിക്കാ ബാവ തിരുമനസ്സ് തന്റെ മുൻഗാമി ആരംഭിച്ച ദൗത്യം ഏറ്റെടുക്കുകയും വന്ദ്യ മണ്ണിക്കരോട്ട് കോർ എപ്പിസ്കോപ്പോയെ 1998ൽ ഔദ്യോഗികമായി യു എ ഇയിലേക്ക് അയയ്ച്ചത് സമൂഹസ്ഥാപനത്തിന്റെയും വളർച്ചയിലെയും സുപ്രധാന നാഴികക്കല്ലാണ്..

1998 ഫെബ്രുവരി 27നു വെള്ളിയാഴ്ച വന്ദ്യ കോർ എപ്പിസ്കോപ്പോമിനി ഹാളിൽ വിശുദ്ധ കുർബാന അർപ്പിച്ചു. മാർച്ച് 6 വെള്ളിയാഴ്ച വൈകിട്ട് 7.30നു ഏകോപന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്ന മി.കെ വി. ജോണിന്റെ ഭവനത്തിൽ എപ്പിസ്ക്കോപ്പയുടെ നേതൃത്വത്തിൽ പ്രാർത്ഥന നടത്തുകയും St.George Prayer Group എന്ന പേരിൽ ദുബായ് മലങ്കര കത്തോലിക്കാ സമൂഹത്തിനു ഔദ്യോഗികമായി തുടക്കം കുറിച്ചു.

സഭയുടെ ഗൾഫ് മേഖലയിലെ കൂട്ടായ്മകളുടെ രൂപീകരണവും ആദ്ധ്യാത്മിക ശുശ്രൂഷകൾ ലഭ്യമാക്കി സഭയ്ക്കു ശക്തമായ ഒരു അടിത്തറ നൽകുക എന്നുള്ളതാണ് തന്റെ ദൗത്യമെന്നു അഭിവന്ദ്യ കോർ എപ്പിസ്കോപ്പാ അറിയിക്കുകയും നിയന്ത്രണങ്ങളും അസ്തിത്വപരമായ തടസ്സങ്ങളും സ്വാഭാവികമാണെന്നും അതിനെ തരണം ചെയ്യേണ്ടതായിട്ടുണ്ടെന്നും ഉറച്ചു നിന്ന് പ്രവർത്തിക്കണമെന്നും ആഹ്വാനം ചെയ്തു. സഭയുടെ മിഷൻ പ്രവർത്തനങ്ങളിൽ ഗൾഫ് സമൂഹങ്ങൾക്കു പങ്കു വഹിക്കുവാനാകണമെന്നും ഉദ്ബോധിപ്പിച്ചു.

സമൂഹത്തിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി പ്രവർത്തക സമിതിയെ രൂപീകരിച്ചു. ദുബായ് മലങ്കര സഭാ സമൂഹത്തിന്റെ ആദ്യത്തെ പ്രവർത്തക സമിതി അംഗങ്ങൾ താഴെപ്പറയുന്നവരാണ്:

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീ..കെ വി ജോൺ |
| വൈസ് പ്രസിഡന്റ് | : | ശ്രീ. വി.എസ്. വറുഗീസ് |
| സെക്രട്ടറി | : | ശ്രീ. പോൾസൺ മനപുറത്തു |
| ട്രഷറർ | : | ശ്രീ. ചാക്കോ പണിക്കർ |
| അംഗങ്ങൾ | : | ശ്രീ. മാത്യു ഏബ്രഹാം, ശ്രീ. തോമസ് മാത്യു, ശ്രീ..ജോസഫ് കെ വി. |

ഇടവക സമൂഹത്തിൽ അറിയപ്പെടുവാനും പ്രചരിക്കപ്പെടുവാനും നമ്മുടെ പ്രാർത്ഥനാ കൂട്ടായ്മകൾ ദേവാലയത്തിൽ നടത്തേണ്ടതാണെന്നും അതിനുള്ള സൗകര്യം ലഭ്യമാകുന്നതുവരെ മാസത്തിലെ രണ്ടാമത്തെ വെള്ളിയാഴ്ച വൈകുന്നേരങ്ങളിൽ നമ്മുടെ ഏതെങ്കിലും ഒരു അംഗത്തിന്റെ ഭവനത്തിൽ പ്രാർത്ഥനാ യോഗം കൂടുന്നതിന് തീരുമാനിക്കുകയും അത് നിർബാധം തുടർന്നുപോകുകയും ചെയ്തു വന്നു.

ഒരുമിച്ച് കൂടുവാനും അനുഭവങ്ങളും വിഷമങ്ങളും സന്തോഷങ്ങളും പങ്കുവയ്ക്കുവാനും പുതിയ വ്യക്തികളെ പരിചയപ്പെടുവാനും സംഘടിതമായ പ്രവർത്തനവും മൂലം ഒരു കൂട്ടായ്മയുടെ ആത്മീയവും സാമൂഹ്യവുമായ ഫലങ്ങൾ പ്രത്യക്ഷപ്പെട്ടു തുടങ്ങുകയും അനേകരെ കൂട്ടായ്മ ആകർഷിക്കുകയും അനുദിനമെന്നോണം വളരുകയും ചെയ്തു.

ആത്മീയ പ്രവർത്തങ്ങൾക്ക് സ്വാതന്ത്ര്യവും വളക്കൂറുമുള്ള ഈ മണ്ണിൽ, പ്രായഭേദമന്യേ സമൂഹത്തിലെ എല്ലാ വിഭാഗത്തെയും ഉൾച്ചേർത്തുകൊണ്ടു, വ്യവസ്ഥാപിതമായി നമ്മുടെ സഭാ സംവിധാനം കെട്ടിപ്പടുക്കുവാൻ ദീർഘവീക്ഷണത്തോടു കൂടിയുള്ള പരിപാടികൾ ആസൂത്രണം ചെയ്തു വന്നിരുന്നു.

ഒരു സമൂഹം എന്ന നിലയിൽ എല്ലാ അംഗങ്ങളെയും ഉൾപ്പെടുത്തികൊണ്ടുള്ള ഒരു കൂടിവരവ് വളർച്ചയുടെ പുതിയ തലങ്ങളിലേക്ക് പ്രചോദനമാകുമെന്നുള്ള കാഴ്ചപ്പാടിൽ 1998 ഡിസംബർ 18നു ശ്രീ ജോയ് എൻ ജോർജിന്റെ വില്ലയിൽ സമൂഹം എന്ന നിലയിൽ ആദ്യത്തെ കൂടിവരവും ക്രിസ്തുമസ് ആഘോഷ പരിപാടികളുമായി നടത്തപ്പെട്ടു.

ഒരു കൂട്ടായ്മയുടെ വൈകാരികവും ആത്മീയവും സാമൂഹ്യവുമായ ഫലങ്ങൾ പ്രത്യക്ഷപ്പെട്ടു തുടങ്ങിയപ്പോൾ അനേകർ കൂട്ടായ്മയിലേക്ക് ആകർഷിക്കപ്പെടുകയും അനുദിനമെന്നോണം വളരുകയും ചെയ്തു. മലങ്കര സഭാ സമൂഹാംഗങ്ങൾക്ക് ഒരുമിച്ച് കൂടുവാനും അനുഭവങ്ങളും വിഷമങ്ങളും സന്തോഷങ്ങളും പങ്കു വയ്ക്കുവാനും പുതിയ അംഗങ്ങളെ പരിചയപ്പെടുവാനും സംഘടിതമായി പ്രവർത്തിക്കുവാനും ലഭിച്ച അവസരം എല്ലാവരും പ്രയോജനപ്പെടുത്തുകയും വളരുകയും വളർത്തുകയും ചെയ്തു. ഭവനങ്ങളിൽ ക്രമമായി കൂട്ടായ്മകൾ നടക്കുമ്പോഴും സെന്റ് മേരീസ് ദേവാലയത്തിൽ കമ്മ്യൂണിറ്റിയുടെ സാന്നിധ്യം അറിയിക്കുവാനായുള്ള പരിശ്രമങ്ങൾക്കുള്ള ഫലം കാണുകയുണ്ടായി. അപ്രകാരം 1999 ഡിസംബർ 10നു സെയിന്റ് മേരീസ് ദൈവാല യത്തിലെ പ്രാർത്ഥനാ മുറികളിൽ വയ്ച്ചു നമ്മുടെ മാസത്തിലെ പ്രാർത്ഥന നടത്തുന്നതിനുള്ള അനുമതി ലഭിക്കുകയുണ്ടായി.

മുതിർന്നവർ മാത്രം പങ്കെടുത്തിരുന്ന പ്രാർത്ഥനായോഗങ്ങളിൽ, നമ്മുടെ പ്രാർത്ഥനകൾ പരിചിതമാക്കുക, വേദപുസ്തക വായന, സ്വയം പ്രേരിത പ്രാർത്ഥന, സമൂഹത്തിന്റെ വിവിധ പരിപാടികളിൽ ഉൾച്ചേർക്കുക എന്ന ലക്ഷ്യത്തോടെ കുട്ടികളെ പ്രാർത്ഥനകളിൽ പങ്കെടുപ്പിക്കുവാൻ ആരംഭിച്ചു. വിവിധ ഇടങ്ങളിലായി നമ്മുടെ അനേകം സഭാ മക്കളുണ്ടെന്നും അവരവരുടെ സൗകര്യാർത്ഥം ഏതെങ്കിലും ഒരു ക്രിസ്തീയ സഭയുടെ ശുശ്രൂഷകളിലും പ്രാർത്ഥനകളിലുമാണ്

www.malankaralibrary.com

അവർ പങ്കെടുക്കുന്നതെന്നും അറിവാകുകയും ഭവനങ്ങൾ തേടിപ്പിടിച്ചു സന്ദർശനം ആരംഭിക്കുകയും അനേകം പേർ നമ്മുടെ പ്രാർത്ഥനാ കൂട്ടായ്മയിൽ കടന്നു വരികയുണ്ടായി.

The Great Jubilee Year 2000 നമ്മുടെ സമൂഹത്തെ സംബന്ധിച്ചടത്തോളം വലിയ അനുഗ്രഹങ്ങളുടെ വർഷമായിരുന്നു.

സമൂഹത്തിന്റെ പ്രവർത്തനങ്ങളിൽ പുതിയ ഒരു കാൽവയ്പ്പിന് 2000 ഫെബ്രുവരി 18നു സാക്ഷ്യം വഹിച്ചു. അംഗങ്ങളുടെ ഭവനങ്ങളിൽ നടത്തിക്കൊണ്ടിരുന്ന പ്രാർത്ഥന മാസത്തിലെ രണ്ടാമത്തെ വെള്ളിയാഴ്ച വൈകിട്ട് സെന്റ് മേരീസ് ദേവാലയത്തിൽ നടത്തുവാൻ ആരംഭിച്ചു.

2000 ആഗസ്റ്റിൽ ETRI കോ ഓർഡിനേറ്റർ ബഹു. ജോൺ ബർക്കുമാൻസച്ചൻ നമ്മുടെ കൂട്ടായ്മ സന്ദർശിക്കുകയും, രണ്ടാഴ്ചയോളം താമസിച്ച് ഭവനങ്ങൾ സന്ദർശിക്കുകയും വിശുദ്ധ കുർബാന അർപ്പിക്കുകയും യുവജനങ്ങൾക്കും കുട്ടികൾക്കും വേണ്ടി സെമിനാറുകളും നടത്തിയത് വലിയ ഉണർവിന് കാരണമായി. സമൂഹത്തിന്റെ തീക്ഷ്ണമായ ആത്മീയ ദാഹത്തിന്റെ ആഴവും പരപ്പും സ്ഥിതിഗതികളുടെ വിശദമായ വിവരങ്ങളും ബഹു. ബർക്കുമാൻസ് അച്ചൻ അഭിവന്ദ്യ സിറിൽ പിതാവിനെ അറിയിച്ചു..

നമ്മുടെ സമൂഹത്തിന്റെ ആദ്യത്തെ പിക്നിക്ക് 2000 ഒക്ടോബർ 20നു ഫുജൈറ ഖോർഫക്കാനിൽ നടത്തിയത് സമൂഹത്തിന്റെ ആനന്ദകരമായ കൂടിവരവിനു വേദിയായി.

**വിവിധ മേഖലകളിലെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ഒക്ടോബർ 2000ൽ Vincent De Paul യൂണിറ്റിനു രൂപം നൽകി.**

എം സി വൈ എം ഗായകസംഘത്തിന്റെ നേതൃത്വത്തിൽ ആദ്യമായി ഭവനങ്ങൾ സന്ദർശിച്ച് ക്രിസ്തുമസ് കരോൾ സർവീസിന് തുടക്കം കുറിച്ചു.

മുന്നേ നടക്കുന്ന ഇടയനെപ്പോലെ, അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവും വികാരിയേറ്റുമായി തുടർന്നും നിരന്തരം കത്തിടപാടുകൾ നടത്തിയതിന്റെ പശ്ചാത്തലത്തിൽ ഒരു വ്യക്തിഗത സഭ എന്ന നിലയിൽ മലങ്കര കത്തോലിക്കരുടെ ആത്മീയ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഒരു വൈദികന്റെ ശുശ്രൂഷ ലഭ്യമാക്കുവാനായി തത്വത്തിൽ അംഗീകാരം ലഭ്യമായത് സഭാ ചരിത്രത്തിലെ സുവർണ നിമിഷങ്ങളിൽ ഒന്നാണ്.

2001 ജനുവരിയിൽ അഭിവന്ദ്യ മാർ ബസേലിയോസ് മെത്രാപ്പോലീത്തായും വികാരിയേറ്റ് അദ്ധ്യക്ഷനായ ബർണാഡ് ഗ്രിമോളി പിതാവും തമ്മിലുണ്ടായ ധാരണ പ്രകാരം 2001 ജനുവരിയിൽ, ഒമാൻ കേന്ദ്രമാക്കി ശുശ്രൂഷ നടത്തിയിരുന്ന, കൊല്ലം മുഖത്തല കപ്പൂച്ചിയൻ ആശ്രമാംഗവും അതിരൂപതയിൽ ശുശ്രൂഷയും ചെയ്തിരുന്ന, ബഹു. ചാക്കോ മണ്ണിശ്ശേരിൽ OFM Cap, നമ്മുടെ സമൂഹത്തിൽ വരികയും, മൂന്നു മാസത്തിലൊരിക്കൽ വിശുദ്ധ കുർബാന നടത്തി വന്നു.

ജീവ കാരുണ്യ പ്രവർത്തങ്ങളുടെ ധന സമാഹരണത്തിനായി Vincent De Paul യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ അൽ വാസെൽ ആശുപത്രിയിൽ 2001 ജനുവരിയിൽ ആദ്യത്തെ രക്തദാന ശിബിരം സംഘടിപ്പിച്ചു. ഓരോ മൂന്ന് മാസത്തിനു ശേഷവും ഇത് തുടർന്നുകൊണ്ടേയിരുന്നു.

കൂട്ടായ്മയുടെ കൂടിവരവിന് മറ്റൊരു വേദി കൂടി എന്ന ലക്ഷ്യത്തോടെ കേരളീയരുടെ ദേശീയോത്സവമായ ഓണം സമൂഹത്തിന്റെ ആഭിമുഖ്യത്തിൽ ആദ്യമായി 2001 ഓഗസ്റ്റ് 30 നു ആഘോഷിച്ചു.

മൂന്നു മാസത്തിൽ ഒരിക്കൽ ലഭിച്ചിരുന്ന വിശുദ്ധ കുർബാനയും മാസത്തിൽ ഒരിക്കൽ നടന്നു വന്നിരുന്ന പ്രാർത്ഥനാ കൂട്ടായ്മയും ഒരു പരിധിയിൽ കൂടുതൽ നമ്മുടെ വളർച്ചയ്ക്കും ആത്മീയ ദാഹമകറ്റുവാനും പര്യാപ്തമല്ല എന്ന തിരിച്ചറിവിൽ യു എ ഇയ്ക്ക് മാത്രമായി ഒരു വൈദീകന്റെ ആവശ്യകതയെക്കുറിച്ച് അഭിവന്ദ്യ ഗ്രിമോളി പിതാവിന് മെമ്മോറാണ്ടം 2001 ഏപ്രിലിൽ നൽകുകയുണ്ടായി. നമ്മുടെ ആവശ്യങ്ങൾക്ക് പ്രത്യക്ഷത്തിൽ ഫലം കാണാതിരുന്നപ്പോൾ 2002 മെയ് 8നു Prefect of the Congregation for the Oriental Churches, Cardinal Mousa Daud നു, Prefect of the Congregation for the Evangelisation of Peoples Cardinal Seppe ക്കും നിവേദനം സമർപ്പിച്ചു. നൽകിയ നിവേദനത്തിനു ഓറിയന്റൽ കോൺഗ്രിഗേഷൻ 29 മേയ് 2002ൽ നൽകിയ മറുപടിയിൽ ഈ വിഷയം ആ ദിവസങ്ങളിൽ റോമിൽ സന്ദർശനത്തിലായിരുന്ന അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവുമായി ചർച്ച ചെയ്തു എന്നറിയിച്ചു.

**2001 ജനുവരി 19നു മാതൃസമാജം രൂപീകൃതമാകുകയും**, ദേവാലയത്തിൽ സ്ഥലസൗകര്യം ലഭിക്കുന്നതുവരെ മാസത്തിലെ മൂന്നാം വെള്ളിയാഴ്ച അംഗങ്ങളുടെ ഭവനങ്ങളിൽ വയ്ച്ചു പ്രസീദിയം കൂടുവാനും തീരുമാനിച്ചു.

**2002 ജൂൺ 7നു എം സി വൈ എം ദുബായ് യൂണിറ്റ് രൂപീകരിക്കപ്പെട്ടു.**

അഭിവന്ദ്യ സിറിൽ സിറിൽ മാർ ബസേലിയോസ് പിതാവിന്റെ തുടർച്ചയായ ഇടപെടൽ മൂലം യു എ ഇയിലെ ശുശ്രൂഷകൾക്കായി, ഖത്തർ കേന്ദ്രമാക്കി, ബഹു. ജെറോം പീടികപ്പറമ്പിൽ OIC അച്ചൻ മലങ്കര കത്തോലിക്കാ സഭാദ്ധ്യക്ഷനാൽ നിയമിതനാകുകയും 2003 ഫെബ്രുവരി 17നു ദുബായിൽ എത്തുകയും ചെയ്തു.

2003ൽ ആദ്യമായി ഹാശാ ആഴ്ചയിലെ ശുശ്രൂഷകൾ നമ്മുടെ ആരാധനാ ക്രമത്തിൽ ബഹു. ജെറോം അച്ചന്റെ കാർമികത്വത്തിൽ ജെബേൽ അലി ദേവാലയത്തിൽ നടത്തി. സ്ഥല സമയ ക്രമീകരണം ലഭിച്ചതനുസരിച്ച് ദുഖവെള്ളിയുടെ ശുശ്രൂഷ വൈകിട്ട് 4 മുതൽ 8 വരെയും ഉയിർപ്പ് ശുശ്രൂഷ വൈകിട്ട് 8 മണിക്കും നടത്തപ്പെട്ടു.

2003 മേയ് സമൂഹത്തിന്റെ ചരിത്രത്തിലെ മറ്റൊരു സ്മരണീയ ദിനമായി മേയ് മാസം മുതൽ എല്ലാ മാസത്തിലെയും നാലാമത്തെ വ്യാഴാഴ്ച വൈകിട്ട് നമ്മുടെ വിശുദ്ധ കുർബാന നടത്തുവാൻ അനുമതി ലഭിക്കുകയുണ്ടായി..

നമ്മുടെ വിശുദ്ധ കുർബാനയിലും പ്രാർത്ഥനാ യോഗങ്ങളിലും മറ്റു പരിപാടികളിലും ദുബായിലെ വിവിധ തൊഴിലാളി ക്യാമ്പുകളിൽ കഴിയുന്ന നമ്മുടെ സമൂഹാംഗങ്ങൾക്ക് വേണ്ടി, വാഹന സൗകര്യം ഏർപ്പെടുത്തി

പ്രവർത്തി കൂടാതെയുള്ള വിശ്വാസം അതിൽ തന്നെ നിഷ്ഫലമാണെന്നുള്ള കർത്തൃ വചനത്തെ ഉൾക്കൊണ്ടുകൊണ്ട് അവശത അനുഭവിക്കുന്നവർക്ക് സഹായഹസ്തവുമായി ജീവകാരുണ്യ പ്രവർത്തനങ്ങളിൽ, പ്രത്യേകിച്ച് രോഗീചികിത്സാ സഹായങ്ങൾക്ക്, കൂടുതൽ ശ്രദ്ധ നൽകി. 2004ലെ സുനാമി ദുരിതാശ്വാസമായി ഗണ്യമായ സഹായം എത്തിക്കുകയുണ്ടായി.

കൃത്യമായ നിർദ്ദേശങ്ങളും ദിശാബോധവും ബഹു. ജെറോം അച്ചൻ നൽകി തന്നത് സമൂഹത്തിന്റെ വളർച്ചയിൽ മുതൽക്കൂട്ടായത് എന്നും സ്മരണീയമാണ്. ഒന്നരവർഷക്കാലം ശുശ്രൂഷ അർപ്പിച്ചതിനു ശേഷം 2004 ജൂണിൽ ബഹു. ജെറോമച്ചൻ കേരളത്തിലേക്കു തിരികെ പോകുകയുണ്ടായി.

തുടർന്ന്, ബഹു. മത്തായി ഐരാണത്തറ OIC അച്ചൻ, ഖത്തർ കേന്ദ്രമാക്കി, അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവിനാൽ നിയമിതനാകുകയും, 2004 സെപ്റ്റംബർ 28നു സമൂഹത്തിന്റെ ചുമതലയേൽക്കുകയും ചെയ്തു. ബഹു. ഐരാണത്തറ അച്ചന്റെ, ETRIയിലെ, പ്രത്യേകിച്ച് ബോംബെയിലും സമീപ പ്രദേശങ്ങളിലെ വിവിധ സമൂഹങ്ങളിലെ പ്രവർത്തി പരിചയം, സഭാ പ്രവർത്തനങ്ങളിൽ യുവജനങ്ങളെ കൂടുതലായി ആകൃഷ്ടരാക്കുവാൻ സഹായകമായി. ഭവന സന്ദർശനങ്ങൾക്ക് കൂടുതൽ ശ്രദ്ധ പതിപ്പിക്കുകയും സമൂഹത്തിന്റെ ആദ്യത്തെ Directory പ്രകാശനം ചെയ്യുവാനും സാധിച്ചു.

ബഹു. അച്ചന്റെ ശുശ്രൂഷാ കാലയളവിൽ, വിവിധ എമിറേറ്റുകളിലെ ഭാരവാഹികളുടെ യോഗം വിളിച്ചു ചേർക്കുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി, 2004 നവംബർ 26നു, കേന്ദ്ര സമിതിക്കു രൂപം നൽകി.

2005 ഡിസംബർ 21നു യു എ ഇയിലെ മലങ്കര സമൂഹത്തിന്റെ ദീർഘനാളത്തെ പ്രാർത്ഥനാ നിരതമായ ആഗ്രഹം ബഹു. പീറ്റർ കടമാൻകോട് OIC അച്ചൻ, അഭിവന്ദ്യ മാർ ബസേലിയോസ് പിതാവിനാൽ നിയമിതനായതോടുകൂടി സാക്ഷാത്കരിക്കപ്പെട്ടു. ജെബേൽ അലി കേന്ദ്രമായി, സമൂഹത്തിന്റെ റെസിഡന്റ് ചാപ്ലയിൻ ആയി ബഹു. പീറ്ററച്ചൻ ചുമതലയേറ്റു.

'സഭയായി വളരുക' എന്ന ദർശനത്തിൽ അധിഷ്ഠിതമായി വിവിധ പ്രവർത്തന പരിപാടികൾക്ക് ബഹു. പീറ്ററച്ചൻ തുടക്കം കുറിച്ചു. ജെബേൽ അലി ദേവാലയത്തിൽ രണ്ടാം വെള്ളിയാഴ്ച നമുക്ക് വിശുദ്ധ കുർബാന അർപ്പിക്കുവാൻ അനുമതി ലഭിച്ചു.

എമിറേറ്റുകളിലെ നമ്മുടെ സമൂഹങ്ങൾക്കിടയിലുള്ള ആത്മീയ ഐക്യവും സഹകരണവും ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ട് ബഹു. അച്ചന്റെ നേതൃത്വത്തിൽ ജെബേൽ അലി ദേവാലയത്തിൽ സംഘടിപ്പിച്ച ആദ്യത്തെ 'മലങ്കര സംഗമം' 2007 ഡിസംബർ 21നു അഭിവന്ദ്യ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ തിരുമേനി ഉത്ഘാടനം ചെയ്തു. വികാരിയേറ്റി

www.malankaralibrary.com

ന്റെ അദ്ധ്യക്ഷൻ അഭി.പോൾ ഹിൻഡർ തിരുമേനി സമ്മേളനത്തിൽ പങ്കെടുത്തു. തുടർന്ന് അഭിവന്ദ്യ ക്ളീമീസ് ബാവ തിരുമേനി ഡിസംബർ 23നു ദുബായ് സെയിന്റ് മേരീസ് ദേവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും തുടർന്ന് അഭിവന്ദ്യ പിതാവിന് നമ്മുടെ സമൂഹം സ്വീകരണം നൽകുകയും ചെയ്തു.

യു എ ഇയിൽ സ്ഥിരതാമസത്തോടെയുള്ള വൈദീക ശുശ്രൂഷയുടെ ഫലമായി സമൂഹത്തിന്റെ പ്രവർത്തനങ്ങളിൽ സ്ഥായിയായ മാറ്റങ്ങൾ ദർശിക്കുവാൻ ആരംഭിച്ചു. ആരാധനക്രമം അനുസരിച്ചുള്ള ശുശ്രൂഷകൾ ദുബായിലും ജെബേൽ അലിയിലുമായി നടത്തുവാൻ സാഹചര്യം ഒരുങ്ങി. വികാരിയേറ്റുമായി ഊഷ്മള ബന്ധം സ്ഥാപിക്കുന്നതിനും അത് നിലനിറുത്തുന്നതിലും പ്രത്യേകം ശ്രദ്ധ നൽകുകയുണ്ടായി.

2011 ജൂൺ വരെയുള്ള അഞ്ചര വർഷക്കാലത്തെ പരിശ്രമത്തിൽ സമൂഹത്തെ പിച്ചവയ്ച്ചു നടത്തി, വളർച്ചയുടെ പടവുകൾ ചവിട്ടിക്കയറുവാൻ ബഹു. പീറ്റർ കടമാൻകോടച്ചൻ ഗണ്യമായ പങ്കു വഹിച്ചു.

അഭിവന്ദ്യ ബസേലിയോസ് ക്ളീമീസ് കാതോലിക്കാ ബാവായാൽ നിയമിതനായ ബഹു. മാത്യു കണ്ടത്തിൽ അച്ചൻ 2011 ജൂൺ 16നു ദുബായിൽ എത്തുകയും ജൂൺ 23നു ബഹു, പീറ്ററച്ചന് യാത്രയയപ്പും ബഹു. കണ്ടത്തിലച്ചന് സ്വീകരണവും നൽകുകയുണ്ടായി.

2011 മുതലുള്ള ഈ ഒരു പതിറ്റാണ്ടു കാലം സമൂഹം ദർശിച്ച വളർച്ചയും പരിണാമവും ബഹു. മാത്യു കണ്ടത്തിലച്ചന്റെ അദ്ധ്വാനത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും ഫലമായിരുന്നു. മറ്റു സമൂഹങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ അംഗ സംഖ്യയിൽ കുറവാണെന്നുള്ള വിലയിരുത്തലുകൾ മൂലം പലപ്പോഴും അവഗണിക്കപ്പെട്ടപ്പോൾ ദീർഘ വീക്ഷണത്തോടെ കർമ്മപരിപാടികൾ ആസൂത്രണം ചെയ്ത് നേരിടുകയുണ്ടായി.

സഭയുടെ പ്രവർത്തന മേഖലകൾ വർദ്ധിപ്പിച്ചും സാധ്യതകൾ പഠിച്ചും വിശകലനം ചെയ്തും അധികമായി വിശുദ്ധ കുർബാനകൾ നേടിയെടുത്തു.. ഭക്ത സംഘടനകളുടെ പ്രവർത്തനങ്ങൾ ഒരു ഇടവേളയ്ക്കു ശേഷം വീണ്ടും പുനർജീവിപ്പിച്ചു.. കുട്ടികളുടെ വേദപഠനം ആരംഭിച്ചു.. പുതുതായി പ്രാർത്ഥനാ കൂട്ടായ്മകൾ രൂപീകരിച്ചു.. സഹോദര റീത്തുകൾക്കിടയിൽ സ്വത്വബോധത്തിൽ കത്തിജ്വലിക്കുവാൻ, ശിരസ്സ് വാനോളം ഉയർത്തിപ്പിടിക്കുവാൻ മലങ്കര സമൂഹത്തിനു പേരും മേൽവിലാസവും അംഗീകാരവും ലഭിച്ചു.

ബഹു. അച്ചന്റെ നിരന്തരമായ പ്രയത്നം മൂലം മാസത്തിൽ ഒരു വ്യാഴാഴ്ച നടത്തിക്കൊണ്ടിരുന്ന വിശുദ്ധ കുർബാന, 2012 മുതൽ, മാസത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും നടത്തുവാനുള്ള അനുമതി നേടിയെടുത്തു.

2014 ജൂലായിൽ തിരുവനന്തപുരത്തും 2017 ഡിസംബറിൽ റാസൽഖൈമയിലും സംഘടിപ്പിച്ച ഒന്നും രണ്ടും ഗൾഫ് മീറ്റുകളുടെ നടത്തിപ്പിൽ ദുബായ് സമൂഹം ശ്രദ്ധേയമായ നേതൃത്വം നൽകി.

2020 വർഷത്തിന്റെ ആഘോഷങ്ങളുടെ തിരി കത്തി തീരുന്നതിനു മുൻപേ, അനിതരസാധാരണമായ ഒരു കാലഘട്ടത്തിലേക്ക് നാം നയിക്കപ്പെട്ടു. Covid 19 നെ സധൈര്യം നേരിടുവാൻ 'സ്വാന്തനം' എന്ന പേരിൽ, സമൂഹത്തിലെ ഡോക്ടർസ്, മുതിർന്ന നഴ്സസ്, ഇടവ ഭരണ സമിതിയുടെയും ഭക്ത സംഘടനയും പ്രതിനിധികൾ എന്നിവർ അടങ്ങിയ സമിതി, ബഹു. കണ്ടത്തിലച്ചന്റെ നിർദ്ദേശപ്രകാരം രൂപീകൃതമാകുകയും സമൂഹാംഗങ്ങളെ നിരന്തരം ബന്ധപ്പെട്ടുകൊണ്ട് അവരുടെ ആരോഗ്യ മേഖലകളിൽ ഉപദേശവും പാലിക്കേണ്ട നിർദേശങ്ങളും, രോഗബാധിതരെ ആശ്വസിപ്പിച്ചും, ഫലപ്രദമായ രീതിയിൽ പ്രവർത്തിച്ചു.

അപരിചിതമായിരുന്ന, ഓൺലൈൻ പ്ലാറ്റഫോറത്തെ ഏറ്റവും പ്രയോജനകരമായി ഉപയോഗിച്ച ദുബായ് സമൂഹം, ഓൺലൈൻ വഴിയായി ശുശ്രൂഷകൾ, സെമിനാറുകൾ, പഠനശിബിരങ്ങൾ, പ്രാർത്ഥനാ സമ്മേളനങ്ങൾ, കൺവെൻഷനുകൾ, മത്സരങ്ങൾ, വാർഷികാഘോഷങ്ങൾ എന്നിവ നടത്തി. ഇതിൽ 38 ദിവസങ്ങളിലായി നടത്തിയ ഇവാനിയൻ യാത്ര എന്ന പ്രഭാഷണ പരമ്പരയുടെ അവതരണത്തിൽ നമ്മുടെ സമൂഹാംഗങ്ങൾ നിസ്തുലമായ നേതൃത്വം നൽകി.

ഈ അറേബ്യൻ മരുഭൂമിയിൽ, പ്രത്യേകിച്ച് ദുബായ് ദേശത്ത്, ജീവനുള്ള ദൈവത്തിന്റെ വചനം വ്യാപരിപ്പിക്കുന്നതിനും സഭയുടെ തനിമ കാത്തു സൂക്ഷിക്കുന്നതിനും സ്വത്വബോധം ഉയർത്തിപ്പിടിക്കുന്നതിനും, കൃപ നിറഞ്ഞ കുടുംബങ്ങൾ കെട്ടിപ്പടുക്കുന്നതിലും ഭാവിതലമുറയ്ക്ക് സുഗമമായ പാതകൾ വെട്ടി ഒരുക്കുന്നതിലും ദൈവം ഇടയാക്കി. സമൂഹത്തിന്റെ സമസ്ത മേഖലകളിലും ചലനം സൃഷ്ടിച്ച്, ഒരു ദശാബ്ദക്കാലത്തെ അനുഗ്രഹീതമായ ശുശ്രൂഷയ്ക്ക് പര്യവസാനം കുറിച്ചുകൊണ്ട്, 2021 മാർച്ച് 30നു ബഹു. കണ്ടത്തിലച്ചൻ മാതൃ രൂപതയിലേക്കു തിരികെപ്പോയി.

യു എ ഇയിലെ സഭാ സമൂഹത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ അത്യഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ളീമീസ് കാതോലിക്കാ ബാവായാൽ നിയോഗിതനായ ബഹു. റെജി വറുഗീസ് മനക്കലെത്തച്ചൻ 28 ഫെബ്രുവരി 2021 എത്തിച്ചേരുകയും 19 March 2021ൽ ദുബായ് സമൂഹം Ras Al Khaimah ദേവാലയത്തിൽ വച്ച് ബഹു. അച്ചന് സ്വീകരണം നൽകി. സമൂഹത്തിന്റെ എല്ലാ തലങ്ങളിലുമുള്ള പ്രവർത്തനങ്ങൾക്ക്, ആരാധനാ ക്രമങ്ങളിലും കൂദാശകളിലും പ്രത്യേകമായ ഊന്നൽ നൽകികൊണ്ട്, അനുഗ്രഹീതമായ നേതൃത്വവും മാർഗ്ഗനിർദ്ദേശങ്ങളും നൽകി വരുന്നു. ബഹു. അച്ചന്റെ പ്രത്യേകമായ ശ്രദ്ധയിലും മേൽനോട്ടത്തിലും ജൂബിലിയുടെ ക്രമീകരണങ്ങൾ നടത്തപ്പെടുന്നു.

പരിമിതമായ സാഹചര്യങ്ങളുടെ മദ്ധ്യേയും വിരലിൽ എണ്ണാമായിരുന്ന വിശ്വാസികളുടെ കൂട്ടം ഇന്ന് വളർച്ചയുടെ പടവുകൾ താണ്ടുന്നു എന്നുള്ളത് ഏറ്റവും അഭിമാനകരമാണ്.. നീണ്ട ഇരുപത്തിയഞ്ചു വർഷങ്ങൾ പിന്നിടുമ്പോൾ ആയിരത്തിനടുത്തു അംഗങ്ങളുമായി ഈ സമൂഹം യൗവന കാലഘട്ടത്തിലൂടെ അനസ്യൂതം യാത്ര തുടരുന്നു.. ബുദ്ധിമുട്ടുകളുടെയും കഷ്ടപ്പാടുകളുടെയും പ്രതികൂല സാഹചര്യങ്ങളുടെ നടുവിലും ഈ സഭാ സമൂഹത്തിന്റെ നിർമ്മിതി അഭിവന്ദ്യ സഭാദ്ധ്യക്ഷന്മാരുടെ ദീർഘവീക്ഷണവും അനുഗ്രഹാശിസ്സുകളും അജപാലനവും യഥാകാലങ്ങളിൽ അയയ്ക്കപ്പെട്ട അനുയോജ്യരായ വൈദീകരുടെ നേതൃത്വവും ശുശ്രൂഷകളും പ്രേഷിത തീക്ഷണതയാൽ നിറഞ്ഞ ഓരോ അൽമായന്റെയും തോളോട് തോൾ ചേർന്നുള്ള സഹകരണത്താലും പരിശ്രമത്താലുമാണ് എന്നുള്ളത് ദൈവ പരിപാലനയുടെ വലിയ മഹത്വമായി നമുക്ക് വീക്ഷിക്കാവുന്നതാണ്..

വളച്ചയുടെ ഓരോ പടവുകൾ നാം അനുഗ്രഹകരമായി പിന്നിടുമ്പോൾ കേരളത്തിന് പുറത്തുള്ള ശക്തമായ ഒരു വിശ്വാസ സമൂഹമായി ദുബായ് സമൂഹം രൂപം പ്രാപിച്ചു എന്നുള്ളത് സന്തോഷവും അഭിമാനവും നൽകുന്നതാണ്.. സഭയുടെ തലവനും പിതാവുമായ ബസേലിയോസ് ക്ളീമീസ് കാതോലിക്കാ ബാവാ തിരുമേനിയുടെ പ്രത്യേക വാത്സല്യവും പരിലാളനയും നിർലോഭം ലഭിക്കുന്നത് സഭാ മക്കളുടെ ആത്മീയ ഉണർവിനും സഭാത്മകബോധത്തിനും വലിയ പങ്കു വഹിക്കുന്നു. സഭാ ആരാധന ക്രമവത്സരം അനുസരിച്ചുള്ള പ്രധാനപ്പെട്ട എല്ലാ കൂദാശകളും, ശുശ്രൂഷകളും, നോമ്പുകളും, പെരുന്നാളുകളും ചിട്ടയിലും മുറയിലും നടത്തപ്പെടുന്നു. പ്രാർത്ഥനാ കൂട്ടായ്മകളും ഭക്ത സംഘടനകളും വിശ്വാസ സമൂഹത്തിന്റെ നിർലോഭമായ പിന്തുണയും സഭയുടെ വളർച്ചയിൽ പ്രധാന പങ്കു വഹിക്കുന്നു..

യു എ ഇയിലെ മലങ്കര കത്തോലിക്കാ സഭാ സമൂഹത്തിലെ തിലകക്കുറിയായ ദുബായ് സഭാ സമൂത്തിന്റെ ക്രമാനുഗതമായ പ്രവർത്തന രീതിയും ബഹുവിധ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത രൂപവും വരും താളുകളിൽ വിശദീകരിക്കുന്നു.

### 01. പ്രീസ്റ്റ് ഇൻചാർജ് & മുൻകാലങ്ങളിൽ സേവനം അനുഷ്ഠിച്ച വൈദീകരും

സഭാ സമൂഹത്തിന്റെ ആദ്ധ്യാത്മിക ചുമതല വഹിക്കുന്നത്, സഭയുടെ തലവനും പിതാവുമായ കാതോലിക്കാ ബാവായാൽ നിയോഗിതനായ, വൈദീകനാണ് (പ്രീസ്റ്റ് ഇൻചാർജ്). മാർച്ച് 2021 മുതൽ, തിരുവല്ലാ അതിരൂപതാംഗമായ ബഹുമാനപെട്ട ഫാ. റെജി വറുഗീസ് മനക്കലെത്ത് ശുശ്രൂഷ നിർവ്വഹിക്കുന്നു.

#### മുൻകാലങ്ങളിൽ ശുശ്രൂഷ അനുഷ്ഠിച്ച ചാപ്ലയിൻസ്

റെവ.ഫാ.ചാക്കോ മണ്ണിശ്ശേരിൽ OFM Cap (2001 Jan to 2003 January), റെവ. ഫാ. ജെറോം പീടികപ്പറമ്പിൽ OIC (2003 February to 2004 June), റെവ. ഫാ. മത്തായി കൈരാണത്തറ OIC (2004 September to 2005 November), റെവ. ഫാ. പീറ്റർ കടമാൻകോട് OIC (2005 December to 2011 May), ഫാ മാത്യു കണ്ടത്തിൽ (2011 June to 2021 February)

### 02: ഇടവകതല സമിതി (ഇടവക കമ്മിറ്റി)

സമൂഹത്തിന്റെ ഔദ്യോഗികമായ രൂപീകരണം മുതൽ ബഹു. വൈദീക

www.malankaralibrary.com

രുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് കമ്മറ്റികൾ രൂപീകരിച്ചു പ്രവർത്തനം നടത്തി വന്നിരുന്നു. സമൂഹത്തിന്റെ ഘട്ടം ഘട്ടമായ വളർച്ചയ്ക്കൊപ്പം സുഗമമായ പ്രവർത്തങ്ങൾക്കായി അത്യഭിവന്ദ്യ കാതോലിക്കാ ബാവ തിരുമനസ്സ് 2021 ഓഗസ്റ്റിൽ പുറപ്പെടുവിച്ച മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ കമ്മറ്റികൾ രൂപീകൃതമായി പ്രവർത്തനം നടത്തി വരുന്നു.

പ്രീസ്റ്റ്ഇൻചാർജ്, ഏരിയാ പ്രാർത്ഥന കൂട്ടായ്മകളിലെ പ്രതിനിധികൾ. പൊതുയോഗത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്നവർ, വനിതാ പ്രതിനിധി, ഭക്ത സംഘടനകളുടെ പ്രതിനിധികൾ, സഭയുടെ സിനഡൽ കമ്മീഷനുകളിൽ അംഗം / സഭയുടെ ഔദ്യോഗിക പദവി ലഭിച്ചിട്ടുള്ളവർ ഉൾപ്പെടെയുള്ള നോമിനേറ്റഡ് അംഗങ്ങൾ എന്നിവർ കൂടി ചേരുന്നതാണ് ഇടവകതല സമിതി. സമിതിയുടെ കാലാവധി രണ്ടു വർഷമാണ് ജനുവരി മുതൽ ഡിസംബർ വരെ.

ഇടവകതല സമിതിയിൽ നിന്ന്, (നോമിനേറ്റഡ് അംഗങ്ങൾ ഒഴികെയുള്ളവരിൽ നിന്ന്) പ്രവർത്തക സമിതി (Executive Committee)യെ പൊതുയോഗത്തിൽ നിന്ന് തിരഞ്ഞെടുക്കുന്നു. ഇടവക ചാപ്ലയിനിന്റെ നേതൃത്വത്തിൽ, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ, ജോയിന്റ് ട്രഷറർ എന്നിവർ അടങ്ങുന്നതാണ് പ്രവർത്തക സമിതി. പ്രവർത്തക സമിതി ഇടവകയിലെ ആദ്ധ്യാത്മികവും ഭൗതീകപരവുമായ ശുശ്രൂഷകളുടെ നിർവഹണത്തിൽ ഇടവക വൈദികനെ സഹായിക്കുന്നതോടോപ്പം സഭാ സമൂഹത്തിന്റെ ദൈനംദിന നടത്തിപ്പിന്റെ ചുമതലയും സമൂഹത്തിന്റെ വളർച്ചയും വ്യാപ്തിയും ലക്ഷ്യമാക്കി വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വവും നൽകുന്നു.

സഭയുടെ കേന്ദ്ര ഭരണ സമിതിയിൽ ഇടവകതല സമിതിയിൽ നിന്ന് അഞ്ച് പേർ സമൂഹത്തെ പ്രതിനിധീകരിക്കുന്നു, പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവർ സ്വമേധയായും മറ്റു രണ്ടു അംഗങ്ങളെ ഇടവക സമിതിയിൽ നിന്ന് (പ്രവർത്തക സമിതി അംഗങ്ങൾ ഒഴികെ) തിരഞ്ഞെടുക്കപ്പെടുന്നു.

ഇടവകതല സമിതിയുടെ കാലാവധിയായ രണ്ടു വർഷത്തിൽ, ഓരോ വർഷാവസാനവും പൊതുയോഗം നടത്തി നടപ്പു വർഷത്തെ പ്രവർത്തന റിപ്പോർട്ടും ഓഡിറ്റ് ചെയ്ത വരവ് ചിലവ് കണക്കുകളും അവതരിപ്പിക്കുന്നു.

### 03. വിശുദ്ധ കുർബാന / കൂദാശകൾ

മാസത്തിലെ എല്ലാ ശനിയാഴ്ചകളിലും വൈകിട്ട് 5.30 മുതൽ ബിഷപ്പ് ബർണാഡ് ഗ്രീമോളി ഹാൾ (മെയിൻ ഹാളിൽ) വിശുദ്ധ കുർബാന നടത്തുന്നു. വിശുദ്ധ കുർബാനയ്ക്കു മുൻപായി സന്ധ്യാ പ്രാർത്ഥന നടത്തി വരുന്നു. വിശുദ്ധ കുർബാനയിൽ ജന്മദിനം, വിവാഹ വാർഷികം, പ്രാർത്ഥനാ അപേക്ഷകൾ, പരേതരുടെ ഓർമ്മ, വാങ്ങിപ്പോയ ശ്രേഷ്ഠാചാര്യരുടെ ഓർമ്മദിനങ്ങളിൽ അവരെ അനുസ്മരിച്ച് ധൂപ പ്രാത്ഥനയും നടത്തി വരുന്നു.

സമാപന ആശീർവാദത്തിനു ശേഷം ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെ വിശുദ്ധ പദവിയിലേക്ക് ഉയർത്തുവാനുള്ള പ്രാർത്ഥന നടത്തിവരുന്നു. കോവിഡിന് മുൻപ് എല്ലാ ആഴ്ച്ചയും MCCL കുട്ടികളുടെ സങ്കീർത്തന പാരായണവും സുവിശേഷ വിചിന്തനവും നടത്തപ്പെട്ടിരുന്നു. മൂന്നാമത്തെ ആഴ്ചയിൽ പ്രഭാത പ്രാർത്ഥനയും പഴയ നിയമം വായിക്കുകയും വിശുദ്ധ കുർബാനയ്ക്കു ശേഷം പരിശുദ്ധ ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന സഭാ പാരമ്പര്യം അനുസരിച്ചു നടത്തി വന്നിരുന്നു.

അൾത്താര ശുശ്രൂഷയിൽ 10 ബാലന്മാരും അൾത്താര ഒരുക്കുന്നതിനും അനുബന്ധമായ ക്രമീകരണങ്ങൾക്കുമായി മുതിർന്ന അംഗങ്ങളും സഹായിക്കുന്നു. വിശുദ്ധ കുർബാന പങ്കിട്ടു നൽകുന്നതിന് വൈദീകനെ സഭാംഗങ്ങളായ Eucharistic മിനിസ്റ്റേഴ്സ് സഹായിക്കുന്നു.

**ഗായകസംഘം** : ഗീതങ്ങളും പ്രാത്ഥനകളും ഇമ്പകരമായി ആലപിച്ചു വിശ്വാസ സമൂഹത്തെ ഭക്ത്യാദരപൂർവം ശുശ്രൂഷകളിൽ പങ്കെടുപ്പിക്കുന്നതിലും ഉൾച്ചേർക്കുന്നതിലും ഗായകസംഘം പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നു. കുട്ടികളുടെ ഗായക സംഘം മാസത്തിലെ നാലാമത്തെ ആഴ്ചയിൽ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു.

**വാഹനസൗകര്യം**: വിശുദ്ധ കുർബാനകൾക്കും മറ്റു വിശേഷ ദിവസങ്ങളിലെ ശുശ്രൂഷകൾക്കും പങ്കെടുക്കുവാൻ ക്യാമ്പുകളിലും മറ്റും കഴിയുന്ന നമ്മുടെ സഹോദരങ്ങൾക്ക് കൂട്ടായ്മയുടെ ആരംഭ കാലം മുതൽതന്നെ ഗതാഗത സൗകര്യം ക്രമീകരിച്ചു നൽകി വരുന്നു

### 03 (1) കൂദാശകൾ

നമ്മുടെ ശുശ്രൂഷാ ക്രമമനുസരിച്ചുള്ള മാമോദീസായും സ്ഥൈര്യലേപനവും ഇടവക ദേവാലയത്തിൽ പരികർമ്മിക്കപ്പെടുന്നു. ഇക്കാലയളവിൽ നാല് വിവാഹങ്ങളും ആശീർവദിക്കപ്പെട്ടു അഭിവന്ദ്യ പിതാക്കന്മാരുടെ സന്ദർശന വേളയിൽ പ്രഥമ കുമ്പസാരം പൂർത്തിയാക്കി വിശുദ്ധ കുർബാന സ്വീകരണത്തിനായി കുട്ടികളെ ഒരുക്കുന്നു.

### 04. പ്രാർത്ഥനാ കൂട്ടായ്മകൾ

സമൂഹത്തിന്റ ഇന്നത്തെ വളർച്ചയിൽ എടുത്തു പറയത്തക്ക വിധത്തിൽ ശക്തമായ പിന്തുണയാണ് കാലാകാലങ്ങളായി പ്രാർത്ഥനാ കൂട്ടായ്മകൾ നൽകി വരുന്നത്.. വിശുദ്ധ കുർബാന വിരളമായി മാത്രം ലഭിച്ചിരുന്ന കാലഘട്ടത്തിൽ വിശ്വാസ സമൂഹത്തെ ഒന്നിച്ചു നിറുത്തുന്നതിൽ പ്രാർത്ഥനാ കൂട്ടായ്മകൾ മുഖ്യമായ പങ്കു വഹിച്ചു വന്നിരുന്നു.

നിലവിൽ ദുബായ് സമൂഹത്തിൽ ഒൻപത് പ്രാർത്ഥനാ കൂട്ടായ്മകൾ സജീവമായി സഭാ ശുശ്രൂഷയിൽ വ്യാപൃതരാണ്. കൂട്ടായ്മയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി ഒരംഗത്തെ തിരഞ്ഞെടുക്കുന്നു. ഈ അംഗം ഇടവക ഭരണ സമിതിയിൽ ഏരിയായെ പ്രതിനിധീകരിക്കുന്നു. (Area Committee Member). മാസത്തിൽ ഒരിക്കൽ ഏരിയായിലെ അംഗങ്ങൾ ഒരു ഭവനത്തിൽ ഒത്തുകൂടി പ്രാർത്ഥന നടത്തി വരുന്നു. പ്രാർത്ഥന കൂട്ടായ്മകൾ അവരവരുടെ കൂട്ടായ്മകളുടെ സ്വർഗീയ മധ്യസ്ഥന്റെ തിരുനാളുകൾ / പെരുന്നാളുകൾ ഭക്ത്യാദരപൂർവ്വം വിപുലമായി അതാതു കാലങ്ങളിൽ ആഘോഷിക്കുന്നു. സമൂഹത്തിന്റെ വാർഷികാഘോഷത്തിൽ കൂട്ടായ്മകൾ വ്യത്യസ്തവും ശ്രദ്ധേയവുമായ കലാ പരിപാടികൾ അവതരിപ്പിക്കുന്നതോടോപ്പം ഭക്ത സംഘടനകളുടെ ആഭിമുഖ്യത്തിൽ നടത്തുന്ന വിവിധ മത്സരങ്ങളിലും ഉത്സാഹപൂർവ്വം പങ്കെടുക്കുന്നു. അതോടോപ്പം എട്ടു നോമ്പിൽ എല്ലാ ദിവസവും അമ്പതു നോമ്പിൽ ആഴ്ചയിൽ ഒരിക്കലും കൂട്ടായ്മകളിൽ നോമ്പിലെ പ്രാർത്ഥനകൾ നടത്തി വരുന്നു.

ദുബായ് സമൂഹത്തിന്റെ ഭാഗമായിരുന്ന 3 പ്രാർത്ഥനാ കൂട്ടായ്മകളെ ഉൾപ്പെടുത്തി ജെബേൽ അലി സമൂഹം രൂപീകൃതമാകുകയും നിലവിൽ ദുബായ് സമൂഹത്തിൽ 9 പ്രാർത്ഥനാ കൂട്ടായ്മകളാണുള്ളത്

St. Alphonsa (Deira), St. George (International City), St. Joseph (Satwa-Bur Dubai), St. Jude (Hor Al Lanz), St. Mary's (Sonapur-Muweilah), Mar Gregorios (Al Nahda), St. Paul (Ghusais), St. Peter (Karama) & St. Thomas (Al Quoz)

### 05. നോമ്പുകൾ

### 05 (1) വലിയ നോമ്പ് / മൂന്ന് നോമ്പ്

വലിയ നോമ്പിലെ ആഴ്ചകളിൽ ഏരിയ പ്രാർത്ഥനാ കൂട്ടായ്മകളിൽ നോമ്പിലെ പ്രത്യേക പ്രാർത്ഥനകൾ നടത്തിവരുന്നു. ഹാശാ ആഴ്ചയിലെ ശുശ്രൂഷകളിൽ ഇവിടെയുള്ള വൈദീകർക്കു പുറമെ അധികമായി ഒരു വൈദികന്റെ ശുശ്രൂഷകൂടി ലഭ്യമാക്കപ്പെടുന്നു. ഹാശാ ആഴ്ചയിലെ ശുശ്രൂഷകൾ നമ്മുടെ ദേവാലയത്തിലും ജെബേൽ അലി/ റാസൽഖൈമ ദേവാലയങ്ങളിലുമായി നടത്തപ്പെടുന്നു. ദുഖവെള്ളിയാഴ്ചയിലെ ശുശ്രൂഷകൾക്ക് ശേഷം പരമ്പരാഗതമായി കൈപ്പു നീരും നേർച്ചകഞ്ഞിയും നൽകി വരുന്നു.. മൂന്ന് നോമ്പും ഉപവാസത്തോടും പ്രാത്ഥനയോടും കൂടെ അനുഷ്ഠിക്കപ്പെടുന്നു.

### 05 (2 ) എട്ടു നോമ്പ്

ദുബായ് സമൂഹത്തിനു പരിശുദ്ധ ദൈവമാതാവിന്റെ ജനനതിരുന്നാൾ, ജപമാല മന്ത്രണങ്ങളിലൂടെ, അമ്മയോട് ചേർന്ന് നിന്നുകൊണ്ടുള്ള അനുഗമന യാത്രയാണ്. നോമ്പിലെ ദിവസങ്ങളിൽ പ്രാർത്ഥനാ കൂട്ടായ്മകളിൽ മാതൃസമാജത്തിന്റെ നേതൃത്വത്തിൽ ഭവനങ്ങളിൽ ഒത്തു ചേരുന്നു. സമാപന ദിവസം വിശുദ്ധ കുർബാനയ്ക്കു ശേഷം ഇടവക ദേവാലയത്തിൽ പ്രദിക്ഷണവും തുടർന്ന് ഭവനങ്ങളിൽ നിന്ന് കൊണ്ട് വരുന്ന നേർച്ച പാച്ചോറും നൽകുന്നു.

### 05 (3) ഇരുപത്തഞ്ചു നോമ്പ്

പൊതുവായ ക്രമീകരണങ്ങൾ അനുസരിച്ചു നമ്മുടെ ക്രിസ്തുമസ് ശുശ്രൂഷ നടത്തപ്പെടുന്നത് ജെബേൽ അലി/റാസൽ ഖൈമ ദേവാലയങ്ങളിലാണ്. 2000 മുതൽ ഭവനങ്ങൾ സന്ദർശിച്ചു ക്രിസ്തുമസ് കരോൾ സർവീസ് നടത്തി വരുന്നു. ശുശ്രൂഷകൾക്ക് ഇവിടെയുള്ള വൈദീകർക്ക് പുറമെ അധി

www.malankaralibrary.com

കമായി ഒരു വൈദികന്റെ ശുശ്രൂഷകൂടി ലഭ്യമാക്കപ്പെടുന്നു. ക്രിസ്തുമസ് ശുശ്രൂഷയ്ക്ക് തുടർന്ന് വരുന്ന വിശുദ്ധ കുർബാനയിൽ MCCL കുട്ടികളും പ്രാർത്ഥനാ കൂട്ടായ്മകളും കരോൾ ഗാനം ആലപി ക്കുന്നു.

### 06: ഭക്ത സംഘടനകൾ

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ എല്ലാ ഭക്ത സംഘടനകളും, എം സി എ (MCA) ഒഴികെ ദുബായ് സമൂഹത്തിൽ അടുക്കോടും ചിട്ടയോടും കൂടെ സജീവമായി പ്രവർത്തിക്കുന്നു.

### 06 (1) : എംസിസിൽ (MCCL)

2011 സെപ്റ്റംബർൽ 3 അദ്ധ്യാപകരും 23 കുട്ടികളുമായി വേദപാഠ ക്ലാസുകൾ ആരംഭിച്ചു. സ്ഥലപരിമിതി മൂലം ദേവാലയത്തിലെ ഒരു മുറിയിൽ നടത്തിയിരുന്ന ക്ലാസുകൾ, നിരന്തരമായ പരിശ്രമങ്ങളുടെ ഫലമായി 2017 ജനുവരി മുതൽ, സെയിന്റ് മേരീസ് സ്ക്കൂളിലെ ക്ലാസ് റൂമുകളിൽ വയ്ച്ചു നടത്തുവാൻ ആരംഭിച്ചു. വേദപാഠ ക്ലാസുകൾ എല്ലാ ശനിയാഴ്ചകളിലും വിശുദ്ധ കുർബാനയ്ക്കു ശേഷം വൈകിട്ട് 7 മണി മുതൽ നടത്തിവരുന്നു.

ജനുവരി മുതൽ ഡിസംബർ വരെയുള്ള ഒരു അധ്യയന വർഷത്തിൽ അർദ്ധ വാർഷിക പരീക്ഷ ഇടവക തലത്തിലും, വാർഷിക പരീക്ഷ കേന്ദ്ര തലത്തിലും നടത്തുന്നു. നിലവിൽ 240ൽപരം കുട്ടികളും 19 അധ്യാപകർ അവരെ വേദപാഠ ക്ലാസുകൾ പരിശീലിപ്പിക്കുന്നു.

വിശ്വാസപരിശീലനത്തോടോപ്പം കുട്ടികളുടെ ധാർമ്മികവും ആന്തരികവുമായ രൂപീകരണത്തെ സഹായിക്കുന്ന പരിപാടികൾ, സഭാത്മക ക്രൈസ്തവജീവിത പരിശീലനം, സഭയുടെ സാമൂഹിക പ്രബോധനങ്ങളെപറ്റി അറിവ് നൽകുക ആദിയായ ലക്ഷ്യത്തോടെ, സഭയിൽ ഈ മേഖലകളിൽ പ്രാവീണ്യം നേടിയ വൈദീകരുടെയും അൽമായരുടെയും നേതൃത്വത്തിൽ, വേദപാഠ അധ്യാപകരെ ഉൾകൊള്ളിച്ചുകൊണ്ടു Eckara എന്ന പേരിൽ വേനൽ അവധിക്കാലത്ത് കർമ്മപരിപാടി സംഘടിപ്പിക്കുന്നു.

കുട്ടികളിൽ അന്തർലീനമായ കലാ സാംസ്കാരിക കഴിവുകളെ വെളിച്ചത്തു കൊണ്ടുവരുവാനും പരിപോഷിപ്പിക്കുവാനുമായി യു എ ഇ തലത്തിൽ സംഘടിപ്പിക്കുന്ന സർഗോത്സവം (Talent Fest)ൽ നമ്മുടെ കുട്ടികൾ പങ്കെടുക്കുകയും തിളക്കമാർന്ന വിജയം കരസ്ഥമാക്കുകയും ചെയ്യുന്നു. എം സി സി ൽന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി അവരിൽ നിന്ന് ഭാരവാഹികളെ തിരഞ്ഞെടുക്കുന്നു.

### 06 (2) : മലങ്കര കാത്തലിക് ടീച്ചേഴ്സ് ഫോറം (MCTF):

യു എ യിലെ പ്രത്യേക സാഹചര്യത്തിൽ വേദപാഠ അധ്യാപർക്കായി കേന്ദ്രതലത്തിൽ രൂപം നൽകിയിരിക്കുന്നതാണു ടീച്ചേഴ്സ് ഫോറം. പരീക്ഷകൾ, കലാമത്സരങ്ങൾ, പാഠ്യേതര വിഷയങ്ങൾ, ക്യാമ്പുകൾ തുടങ്ങിയ കുട്ടികളുടെ വിവിധ പ്രവർത്തനങ്ങൾ ഇവരുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്നു. ഈ സംഘടനയിൽ നമ്മുടെ എല്ലാ അധ്യാപകരും അംഗങ്ങളും പ്രവത്തനങ്ങളിൽ പങ്കാളികളുമാണ്.

2017 മുതൽ വികാരിയേറ്റിലെ Catechetical Directoryയിൽ Syro Malankara Catholic Catechism in UAE എന്ന തലക്കെട്ടിൽ നമ്മുടെ വേദപഠന വിശദാംശങ്ങൾ ഉൾപ്പെടുത്തിയത് വേദപഠനത്തിന് വികാരിയേറ്റിന്റെ ഔദ്യോഗിക അംഗീകാരവും സഭയ്ക്ക് അഭിമാനകരമായ നിമിഷവുമായി.

### 06 (3) : എം സി വൈ എം (MCYM)

യുവജനങ്ങളെ സഭയുടെ ജീവിത ദൗത്യത്തിന്റെയും കടമകളുടെയും പങ്കാളികൾ ആക്കുവാനും, സമൂഹത്തിൽ നന്മയുടെ വക്താക്കളാക്കി ആത്മീയമായി പരിപുഷ്ടരാക്കുന്നതിനും സഭയ്ക്ക് ഓജസ്സും ശക്തിയും നൽകി സഭാ പാരമ്പര്യത്തിന്റെ പതാകവാഹകരാകുവാനും എന്ന ലക്ഷ്യത്തോടെ ജൂൺ 2002 ൽ എം സി വൈ എം രൂപീകൃതമായി. യു എ ഇ യിലെ ഈ പ്രഥമ യൂണിറ്റിൽ, നിലവിൽ 7 ഏരിയാകളിലായി 250 ൽ പരം അംഗങ്ങളോടെ, സഭയുടെ പ്രവർത്തങ്ങളിൽ സജീവമായ സാന്നിധ്യമാണ്.

മാസത്തിലെ നാലാമത്തെ ആഴ്ച്ച വിശുദ്ധ കുർബാനയിൽ അൾത്താര ശുശ്രൂഷ ചെയ്യുന്നു. വലിയ നോമ്പിലും എട്ട് നോമ്പിലും സഭാ പാരമ്പര്യത്തിലുള്ള പ്രാർത്ഥനകൾ പ്രത്യേകമായി നടത്തുന്നു. യുവജനങ്ങളെ കാലഘട്ടത്തിനുസരിച്ചു സഭയിൽ ഉൾച്ചേർത്തു നിറുത്തുവാൻ തക്കതും യുവ മനസ്സുകളുടെ രുചികളറിഞ്ഞു വിവിധ മേഖലകളെ ഉൾപ്പെടുത്തിക്കൊണ്ടും കർമ്മ പദ്ധതികൾക്കു രൂപം നൽകി പ്രവർത്തിച്ചു വരുന്നു.. സമൂഹത്തിലെ പ്രവർത്തനങ്ങളോടൊപ്പം എം സി വൈ എം കേന്ദ്ര സമിതിയുടെ പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ പങ്കു വഹിക്കുന്നു, മാർ ഈവാനിയോസ് ദിനാചരണത്തിന് നേതൃത്വം നൽകുന്നതോടൊപ്പം ദിനാചരണദിനത്തിലെ ഉപവാസത്തിലൂടെ സ്വരൂപിക്കുന്ന തുക (മന്നാ ചാരിറ്റി) വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി നൽകുകയും ചെയ്യുന്നു.

### 06 (4) : മദേഴ്സ് ഫോറം (Mothers Forum)

ദുബായ് മലങ്കര കത്തോലിക്കാ സമൂഹത്തിന്റെ ആരംഭം മുതൽ സമൂഹത്തിന്റെ ആത്മീയവും സാമൂഹികവുമായ വളർച്ചയ്ക്കും പുരോഗതിക്കുമായി ശ്രദ്ധേയമായ പ്രവർത്തനവും പങ്കാളിത്തവും സമൂഹത്തിലെ സ്ത്രീകൾ നൽകി വന്നിരുന്നു. കുടുംബ പ്രാർത്ഥന, പ്രാർത്ഥനാ കൂട്ടായ്മകളിൽ വചന വിചിന്തനം, സ്വയം പ്രേരിത പ്രാർത്ഥന, ഭവന സന്ദർശനം, സമൂഹത്തിന്റെ വാർഷികാഘോഷത്തിൽ പങ്കെടുക്കുക, സഭാ പൈതൃകത്തിൽ കുട്ടികളെ വളർത്തുക തുടങ്ങിയ വിവിധവും വ്യത്യസ്തവുമായ മേഖലകളിൽ സജീവ സാന്നിധ്യമായി നിലകൊണ്ടിരുന്നു.കൂട്ടായ്മയിലും പൊതുവേദികളിലും കൂടുതൽ പങ്കാളിത്തവും ഉൾച്ചേരലും ലക്ഷ്യം വയ്ച്ചു ഒരു കുടക്കീഴിലും സംഘടനാ സംവിധാനത്തിലും അമ്മമാരേ അണിനിരത്തുവാനുമുള്ള ഉദ്യമത്തോടെ Legion of Mary എന്ന പേരിൽ 2001 ജനുവരി 19നു രൂപീകൃതമായി നിലവിൽ വന്നു.

വിശുദ്ധഗ്രന്ഥ അപഗ്രഥനത്തോടൊപ്പം, ആധുനിക കാലഘട്ടത്തിലെ ഗാർഹിക സാമൂഹിക ആദ്ധ്യാത്മിക ജീവിത മേഖലകളിലെ വിവിധങ്ങളും കാലാനുസൃതവുമായ വിഷയങ്ങളും അന്തർദേശീയ വനിതാ ദിനം പോലെയുള്ള പ്രത്യേക ദിനങ്ങളോട് അനുബന്ധിച്ചും, ആദ്ധ്യാത്മിക നവീകരണവും ലക്ഷ്യമാക്കി സെമിനാറുകളും പ്രഭാഷണങ്ങളും സംഘടിപ്പിച്ചു വരുന്നു. വിവിധങ്ങളായ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ പങ്കും വഹിക്കുന്നു.

പരിശുദ്ധ ദൈവമാതാവിന്റെ ജനനതിരുന്നാളിനോടനുബന്ധിച്ചു നടത്തുന്ന പ്രാർത്ഥനകളിലും സമാപനദിന ശുശ്രൂഷകളിലും മാതൃസമാജ അംഗങ്ങൾ സജീവമായി പങ്കെടുക്കുകയും നേർച്ചയും ക്രമീകരിക്കുന്നു.

### 06 (5) നഴ്സസ് മിനിസ്ട്രി (Nurses Ministry)

ഈശോയുടെ സ്നേഹത്തിന്റെയും കരുതലിന്റെയും സൗഖ്യത്തിന്റെയും തുടർച്ചയായ നഴ്സിംഗ് ശുശ്രൂഷാ മേഖലയിൽ നിലവിൽ 60 ൽ പരം അംഗങ്ങളുണ്ട്. കോവിഡ് 19 ന്റെ മൂർദ്ധന്യാവസ്ഥയിലും, വിഷമമേറിയ സാഹചര്യങ്ങളിലും, ശാരീരികമാനസിക സമ്മർദ്ദങ്ങൾക്കിടയിലും ഈ മഹാമാരിയെ ചെറുക്കുന്നതിൽ നമ്മുടെ നേഴ്സ്മാരും മുൻനിര പോരാളികളായി സധൈര്യം പ്രവർത്തിച്ചിരുന്നു..

ഉപവാസ പ്രാർത്ഥനകൾ, ചെയിൻ പ്രെയർ, ബൈബിൾ പഠനം, രോഗികളായി ആശുപത്രിയിലും ഭവനത്തിലും കഴിയുന്നവർക്ക് പ്രത്യേകമായ സ്വാന്തനമേകുക തുടങ്ങി വിവിധങ്ങളായ പ്രവർത്തന പരിപാടികളിലൂടെ സമൂഹത്തിൽ സജീവ സാന്നിധ്യമായി പ്രവർത്തിക്കുന്നു.

### 07: ഓർമ്മപ്പെരുന്നാളുകൾ

### 07 (1): മാർ ഈവാനിയോസ് ദിനം

ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ഓർമ്മതിരുന്നാൾ സമൂഹം രൂപീകൃതമായതുമുതൽ ഭക്ത്യാദരപൂവം കൊണ്ടാടുന്നു.

മാർ ഈവാനിയോസ് പിതാവിന്റെ കബറിടം തുറക്കുന്നതിനോടനുബന്ധിച്ചു 2014 ജൂൺ മാസം എം സി വൈ എം ഡിഐപി (Dubai Investment Park) യൂണിറ്റ് ഒരു മാസം നീണ്ടു നിന്ന പ്രാർത്ഥന, അവരുടെ ലേബർ ക്യാമ്പിൽ ആരംഭിച്ചത് തുടർന്ന് പോരുകയും മാർ ഈവാനി യോസ് ദിനാചരണ ദിവസത്തിൽ പിതാവിന്റെ ഛായാ ചിത്രവും വള്ളികുരിശുമായി പദയാത്രയെ അനുസ്മരിക്കും വിധം സെയിന്റ് മേരീസ് ദേവാലയത്തിൽ എത്തുന്നു. അനുസ്മരണ സമ്മേളനത്തിനുശേഷം, സമൂഹം ഒന്നടങ്കം, കാഷായ വസ്ത്ര ധാരികളായി, ദേവാലയത്തിനു ചുറ്റും മെഴുകുതി പ്രദക്ഷിണവും തുടർന്ന് ആഘോഷമായ ദിവ്യബലിക്കും നേർച്ച വിളമ്പലിനോടും കൂടെ പെരുന്നാൾ സമാപിക്കുന്നു.

### 07 (2): മാർ ഗ്രീഗോറിയോസ് ദിനം

സഭയുടെ ദ്വിതീയ മെത്രാപ്പോലീത്തായുടെ ഓർമ്മപ്പെരുന്നാൾ ഭക്ത്യാദരപൂവം കൊണ്ടാടുന്നു. ദുബായ് സമൂഹത്തിന്റെ വാർഷിക ആഘോഷം ആർച്ച്ബിഷപ്പ് ബെനെഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ അനുസ്മരണാർത്ഥം 'ഗ്രീഗോറിയോസ് ദിനം' എന്ന പേരിൽ കഴിഞ്ഞ 15

www.malankaralibrary.com

വർഷമായി നടത്തി വരുന്നു. വാർഷിക ആഘോഷത്തിൽ എല്ലാ പ്രാർത്ഥനാ കൂട്ടായ്മയുടെയും ഭക്തസംഘടനകളുടെയും പങ്കാളിത്വത്തോടെ വിവിധ കലാപരിപാടികൾ ഉൾപ്പെടുത്തി വിപുലമായി നടത്തപ്പെടുന്നു. ഭരണ സമിതി ആഘോഷ പരിപാടികൾക്ക് നേതൃത്വം നൽകുന്നു. സഭയിലെ കാലം ചെയ്ത എല്ലാ പിതാക്കന്മാരുടെയും ഓർമ്മ അതാതു ദിവസങ്ങളിലോ തുടർന്ന് വരുന്ന വിശുദ്ധ കുർബാനയിൽ പ്രത്യേകമായി ഓർക്കപ്പെടുന്നു.

### 08: ജീവകാരുണ്യ പ്രവർത്തനങ്ങൾ

സമൂഹത്തിന്റെ ആദ്യ കാലഘട്ടം മുതൽ തന്നെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ പ്രത്യേകം ശ്രദ്ധിക്കുകയും സഹായം നൽകുവാൻ സാധ്യമായ എല്ലാ മേഖലകളിലും അത് തുടർന്നു കൊണ്ടേയിരിക്കുന്നു. ആദ്യകാലങ്ങളിൽ ഏകോപനത്തിനായി Vincent De Paul Society-യുടെ യൂണിറ്റ് രൂപീകരിക്കുകയും ധനസമാഹരണം മുഖ്യമായും രക്തദാന ശിബിരങ്ങളിലൂടെ സ്വരൂപിച്ചു വന്നിരുന്നു. വൈദ്യസഹായം, സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക്, മൃതശരീരം കേരളത്തിൽ എത്തിക്കുന്നതിന്, വെള്ളപ്പൊക്കത്തിൽ പൊതുവായ ദുരിതാശ്വാസം, ഭവനത്തിനു കേടുപാടുകൾ സംഭവിച്ച അംഗങ്ങളുടെ ഭവന നിർമ്മാണം, സുനാമി ഫണ്ട്, വിവാഹ സഹായം, വിദ്യാഭ്യാസ സഹായം, ദേവാലയ നിർമ്മാണം, എന്നിങ്ങനെ വ്യത്യസ്തമായ മേഖലകളിൽ സമൂഹം സദാ സഹായ ഹസ്തവുമായി ഒരു പടി മുന്നിൽ തന്നെയാണ്. പ്രത്യേകിച്ച് കോവിഡ് 19 കാലഘട്ടത്തിൽ നിരവധി മേഖലകളിൽ സഹായം എത്തിക്കുന്നതിന് സാധിച്ചു ജോലി നഷ്ടപ്പെട്ട നിരവധിപ്പേർക്കു ഭക്ഷണപൊതിയും, ഭക്ഷണസാധനങ്ങളും, വീട്ടുവാടക, മരുന്നുകൾ, നാട്ടിൽ പോകുവാനുള്ള വിമാന ടിക്കറ്റ്, ടെലിഫോൺ കാർഡ്സ് എന്നിവ ഇവയിൽ ചിലതു മാത്രം.

### 09: കേന്ദ്രസമിതികളിലെ സമൂഹത്തിന്റെ ഭാഗഭാഗിത്വം

യു എ ഇ യിലെ സഭയുടെ ശുശ്രൂഷകളുടെയും പ്രവർത്തനങ്ങളുടെയും പ്രാരംഭം മുതൽ ദുബായ് സമൂഹം മുൻനിരയിൽ നിന്ന് മറ്റു സമൂഹങ്ങളോട് തോളോട് തോൾ ചേർന്ന് പ്രവർത്തനങ്ങളിൽ മുഖ്യമായ പങ്കാളിത്വവും ശ്രദ്ധേയമായ പ്രാതിനിധ്യവും എല്ലാക്കാലത്തും നൽകി വരുന്നു.

യു എ ഇയിലെ സഭാ സമൂഹങ്ങളെ 'സഭയായി വളരുക' എന്ന ചിന്തയിൽ വളർത്തികൊണ്ടുവരുവാനായി ബഹു പീറ്റർ അച്ചൻ വിഭാവനം നൽകി, അത്യഭിവന്ദ്യ ബസേലിയോസ് ക്ളീമീസ് ബാവാ തിരുമേനി ഉത്ഘാടനം ചെയ്തു ആശീർവദിച്ച "മലങ്കര സംഗമം"ത്തിന്റെ ആതിഥേയത്വം വഹിച്ചതുമുതൽ, സഭയുടെ പ്രധാനപ്പെട്ട എല്ലാ പരിപാടികൾക്കും, പ്രത്യേകിച്ച് വലിയ നോമ്പ്, ക്രിസ്തുമസ് എന്നീ ശുശ്രൂഷകൾ പൊതുവായി നടത്തപ്പെട്ടിരുന്ന നാളുകളിലും, തുടർന്നും ആളും അർത്ഥവും കൊണ്ട് കേന്ദ്ര സമിതികൾക്ക് ശക്തമായ അടിത്തറ പാകുവാൻ ദുബായ് സമൂഹം സദാ പ്രയത്നിച്ചു.. വർഷംതോറുമുള്ള അഭിവന്ദ്യ പിതാക്കന്മാരുടെ സന്ദർശനത്തിനോടനുബന്ധിച്ചു നടത്തപ്പെടുന്ന പ്രതിനിധി സമ്മേളനം, ഭക്ത സംഘടനകളുടെ യു എ ഇ തല പരിപാടികൾ ആദിയായവയ്ക്കു സമൂഹം ആതിഥേയത്വം വഹിക്കുന്നു.

അതോടോപ്പം 2014 ൽ തിരുവനന്തപുരത്തും 2017 ൽ റാസ് അൽ ഖൈമയിലും സംഘടിപ്പിച്ച ഗൾഫ് മീറ്റുകളിൽ ദുബായ് സമൂഹം അനേകം ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തു നടപ്പാക്കി ശ്രദ്ധേയമായ പങ്കുവഹിച്ചു.

### 10: മാതൃസഭ

ദുബായ് മലങ്കര സുറിയാനി കത്തോലിക്കാ സഭാ സമൂഹം പരിശുദ്ധ സഭയോടും സഭാ തലവനോടും സഭാ പിതാക്കന്മാരോടും നിയോഗിക്കപ്പെടുന്ന വൈദീകരോടും എന്നും എല്ലായ്പ്പോഴും ചേർന്നും അനുസരിച്ചും വിധേയപ്പെട്ടുമാണ് ആയിരിന്നിട്ടുള്ളതും ആയിരിക്കുന്നതും. സഭയുടെ തലവന്റെയും പരിശുദ്ധ സുന്നഹദോസിന്റെയും മാർഗ്ഗനിർദ്ദേശങ്ങളും കൽപ്പനകളും കാലാകാലങ്ങളിലുള്ള പ്രബോധനങ്ങളും പഠനങ്ങളും അടിസ്ഥാനമാക്കി സമൂഹം പ്രവർത്തിക്കുന്നു.

2007-ൽ ആരംഭിച്ച മലങ്കര സംഗമം മുതൽ ആരംഭിച്ച ഔദ്യോഗിക ഇടയസന്ദർശനങ്ങളിലും അനുബന്ധ പരിപാടികളുടെ നടത്തിപ്പിലും മുഖ്യമായ പങ്കു വഹിയ്ക്കുന്നു. പുനരൈക്യ ദിനം, കാതോലിക്കാ ദിനം, എം സി വൈ എം ദിനം, എം സി സി ൽ ദിനം തുടങ്ങിയ പ്രധാനപ്പെട്ട ഓർക്കപ്പെടേണ്ട ദിനങ്ങൾ എല്ലാം പ്രാർത്ഥനാപൂർവവും ഭക്തിപുരസ്ക്കരവുമായി നടത്തപ്പെടുന്നു.

അത്യഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ളീമീസ് കാതോലിക്കാ ബാവാ തിരുമേനിയുടെ ഭവന നിർമ്മാണ പദ്ധതിയിയെ സാമ്പത്തികമായി കഴിയും വിധം പ്രോത്സാഹിപ്പിച്ചു. കാതോലിക്കാ ദിന സംഭാവനകൾ മുടങ്ങാതെ സഭാ കേന്ദ്രത്തിലേക്ക് നൽകി വരുന്നു. സമൂഹം ഒരു വൈദീക വിദ്യാർത്ഥിയെ പഠിപ്പിക്കുന്നതിന്റെ പ്രയോക്താവായിരുന്നു. സഭയുടെ ദ്വിതീയ അസംബ്ലിയെ ഏറ്റവും ഹൃദയപൂർവവും പ്രാധാന്യത്തോടും കൂടി സ്വീകരിച്ച സഭാ സമൂഹം "കൃപ നിറയുന്ന കുടുംബങ്ങൾ" എന്ന പഠന രേഖ സമൂഹത്തിലെ എല്ലാ തലങ്ങളിലും പഠന വിധേയമാക്കുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്തു. അതിന് പ്രകാരം, ദുബായ് സമൂഹത്തിന്റെ അസംബ്ലി ചേരുകയും അവലോകന റിപ്പോർട്ട് ബഹുമാനപ്പെട്ട മാത്യു കണ്ടത്തിലച്ചൻ മുഖാന്തിരം, കാതോലിക്കേറ്റ് സെന്ററിലേക്ക് അയച്ചു നൽകി. അസംബ്ലിയിൽ ബഹുമാനപ്പെട്ട അച്ചനോടൊപ്പം അൽമായ പ്രതിനിധിയായി ശ്രീ. ബിരൺ ഫിലിപ്പും പങ്കെടുത്തു.

### 10 (1): ഇടയസന്ദർശനങ്ങൾ

വാർഷിക ഇടയസന്ദർശനത്തിനായി യു എ ഇയിൽ ആഗതരാകുന്ന അഭിവന്ദ്യ പിതാക്കന്മാരെ ഏറ്റവും ആദരവോടെ സ്വീകരിക്കുകയും അവരുടെ മുഖ്യ കാർമികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിക്കപ്പെടുകയും പ്രഥമ കുമ്പസാരം പൂർത്തിയാക്കിയ കുട്ടികൾക്ക് ആദ്യകുർബാനയും നൽകി വരുന്നു. ഇടവകമ്മറ്റിയും ഭക്തസംഘടനകളുമായി കൂടിക്കാഴ്ച്ചയും സമയലബ്ധി അനുസരിച്ച് ഭവന സന്ദർശനങ്ങളും നടത്തി വരുന്നു. രൂപതയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് അകമഴിഞ്ഞ സാമ്പത്തിക പിന്തുണയും നൽകി വരുന്നു.

### 11: പ്രാദേശിക സഭയും ഇടവക ദേവാലയവും

ഭാഗ്യസ്മരണാർഹരായ അഭിവന്ദ്യ മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ എഴുത്തുകുത്തുകളും, സിറിൽ മാർ ബസേലിയോസ് കാതോലിക്കാ ബാവാ തിരുമനസ്സിന്റെ ആധികാരികവും വ്യക്തവുമായ നിലപാടുകളുടെയും അത്യഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ളീമീസ് കാതോലിക്കാ ബാവ തിരുമനസ്സും വികാരിയേറ്റിലെ അഭിവന്ദ്യ പിതാക്കന്മാരുമായി നിലനിറുത്തിവരുന്ന ഊഷ്മളമായ ബന്ധവും ദീർഘവീക്ഷണത്തോടുകൂടിയുള്ള കാഴ്ച്ചപ്പാടും ഇടപെടലുകളും സഭയ്ക്കു ചെറിയ അജഗണങ്ങളുള്ള ഈ പ്രദേശത്തു സ്വന്തം തനിമയിൽ ശുശ്രൂഷകൾ പരികർമ്മിക്കുവാൻ സാധിക്കുന്നതിന്റെ മൂല കാരണങ്ങളാണ്. അഭിവന്ദ്യ പിതാക്കന്മാർക്ക് നമ്മുടെ വൈദീകരോടുള്ള പ്രത്യേകമായ വാത്സല്യവും കരുതലും നമുക്ക് അനുഭവവേദ്യമാണ്. അഭിവന്ദ്യ പിതാവ് വാർഷിക ഇടവക സന്ദർശന വേളയിൽ നമ്മുടെ സമൂഹം സന്ദർശിക്കുന്നു.

യു എ ഇയിലെ നമ്മുടെ എല്ലാ സമൂഹങ്ങൾക്കും വേണ്ടി ഒരു വൈദീകൻ മാത്രം ഉണ്ടായിരുന്ന കാലത്ത് ബുദ്ധിമുട്ടുകൾ കണ്ടു മനസ്സിലാക്കി 2015 മുതൽ ഒരു വൈദീകനെക്കൂടി അത്യഭിവന്ദ്യ ക്ളീമീസ് കാതോലിക്കാ ബാവ നൽകിയത് നമ്മുടെ സഭയ്ക്കു ലഭിച്ച വലിയ കരുതലിന്റെ മകുടമായ ഉദാഹരണമാണ്.

ലോകത്തിൽ ഏറ്റവും അധികം വിശ്വാസികൾ ശുശ്രൂഷകളിൽ പങ്കെടുക്കുന്ന ദേവാലയം എന്ന ഖ്യാതിയുള്ള ദുബായ് സെയിന്റ് മേരീസ് ഇടവകയിൽ ഒരു വ്യക്തിഗത സഭയായി ശുശ്രൂഷകളും പ്രാർത്ഥനകളും നിർബാധം നടത്തുവാൻ നമുക്ക് സാധിക്കുന്നത് കാലാകാലങ്ങളിൽ സഭാ നേതൃത്വത്തിന്റെ ഈ മണലാരണ്യത്തിലെ മലങ്കര മക്കളോടുള്ള സ്നേഹത്തിന്റെയും കരുതലിന്റെയും ബഹിർസ്പുരണമാണ്.

സമൂഹത്തിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ സഹായ സഹകരണവും സ്ഥല സൗകര്യവും ഇടവകയിൽനിന്ന് ലഭിക്കുന്നുണ്ടെങ്കിലും, വിരളമായ അവസരങ്ങൾ ഒഴിച്ച്, ദേവാലയത്തിനുള്ളിൽ നമ്മുടെ വിശുദ്ധ കുർബാന അർപ്പിക്കുവാൻ ഇനിയും സാധ്യമാകുന്നില്ല എന്നുള്ളത് ഒരു നോവായി നിലനിൽക്കുന്നു. എന്നിരുന്നാലും നേതൃത്വത്തിലെ അംഗങ്ങൾ ഇടവക വികാരിയുമായും ഇടവക കൗൺസിലുമായും, സഹോദര റീത്തുകളുമായും ഊഷ്മള ബന്ധം പുലർത്തിവരുന്നു. നമ്മുടെ പ്രധാനപ്പെട്ട പരിപാടികളിൽ ഇടവക വികാരി പങ്കെടുക്കുന്നു.

### 12:. കമ്മ്യൂണിക്കേഷൻ & മീഡിയ

#### 12 (1) ഡിജിറ്റൽ ഡയറക്ടറി (Digital Directory)

സമൂഹത്തിലെ എല്ലാ അംഗങ്ങളുടെയും പൂർണ്ണ വിവരങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാക്കുവാൻ ഉതകുന്നതാണ് 2019 ൽ രൂപീകരിച്ച ഡിജിറ്റൽ ഡയറക്ടറി. വിവിധ കാലഘട്ടങ്ങളിൽ 3 പേപ്പർ ഡയറക്ടറികളും പ്രിന്റ് ചെയ്തു പ്രസിദ്ധീകരിച്ചിരുന്നു.

#### 12 (2) വെബ് സൈറ്റ് (Website)

യു എ ഇ സഭാ സമൂഹത്തിന്റെ വെബ് സൈറ്റായ www.uaemalankara.com ന്റെ രൂപീകരണത്തിലും നടത്തിപ്പിലും സമൂഹാംഗങ്ങൾ മുഖ്യമായ പങ്കു വഹിക്കുന്നു. ദുബായ് സമൂഹത്തിന്റെ മാത്രമായിട്ടുള്ള വെബ് സൈറ്റ് ജൂബിലിയുടെ സമാപനത്തിൽ launch ചെയ്തു.

www.malankaralibrary.com

### 12 (3) Youtub (യൂട്യൂബ് ചാനൽ)

സമൂഹത്തിന്റെ യൂട്യൂബ് ചാനൽ 'MSCC DUBAI ൽ ഇതിനോടകം ആയിരത്തിൽപരം അംഗങ്ങൾ subscribe ചെയ്തിട്ടുണ്ട്. സമൂഹത്തിൽ നടത്തപ്പെടുന്ന പരിപാടികളും സഭയുടെ പൊതുപരിപാടികളും ചാന ലിൽ ലഭ്യമാക്കി നൽകപ്പെടുന്നു.

### 12 (4) Whatsapp Group

വാർത്താ ആശയ വിനിമയം പ്രധാനമായും വാട്ട്സ്ആപ്പിലൂടെയാണ് നടത്തുന്നത്. ഇടവക ഭരണ സമിതി, പ്രാർത്ഥനാ കൂട്ടായ്മകൾ, ഭക്ത സംഘടനകൾ, മിനിസ്ട്രികൾ പ്രത്യേകമായി വാട്സാപ്പ് ഗ്രൂപ്പ് ഉപയോഗി ക്കുന്നു.

### 13: അനുമോദനങ്ങൾ / ആശംസകൾ

2006 മുതൽ 10,12 ബോർഡ് പരീക്ഷകളിൽ വിജയം കൈവരിക്കുന്ന എല്ലാ കു ട്ടികൾക്കും പ്രശസ്ത ഫലകം നൽകി അനുമോദിക്കുന്നു. 2023 മുതൽ 12ലെ ബോർഡ് പരീക്ഷയിലെ ആദ്യ മൂന്നു സ്ഥാനക്കാരക്ക് ക്യാഷ് അവാർഡും നൽ കി വരുന്നു. അതുപോലെ പാഠ്യ പാഠ്യേതര മേഖലകളിൽ സവിശേഷമായ വിജയങ്ങൾ കരസ്ഥമാക്കുന്ന കുട്ടികൾ, ജോലി സ്ഥാപനങ്ങൾ അനു മോദിക്കുന്നവർ, ഔദ്യോഗിക ജീവിതത്തിൽ ഉന്നത ബിരുദം നേടുന്നവർ, മാതൃദിനത്തിൽ മുതിർന്ന അമ്മമാരെയും മാതൃകാപരമായ ജീവകാരു ണ്യ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നവരെയും പ്രത്യേകമായി അനു മോദിക്കുന്നു. അതോടോപ്പം കമ്മറ്റിയിൽ ഭാരവാഹിത്വം, മറ്റു ഉത്തരവാ ദിത്വ സ്ഥാനങ്ങൾ വഹിച്ചവർ, മുതിർന്ന അംഗങ്ങൾ എന്നിവർ പ്രവാസ ജീവിതം പൂർത്തിയാക്കി തിരിച്ചുപോകുമ്പോൾ സ്മാരകപത്രം നൽകുക യും ആശംസകൾ അറിയിക്കുകയും ചെയ്യുന്നു.

### 14: ജെബേൽ അലി സമൂഹം

ബഹു. പീറ്ററച്ചൻ റെസിഡന്റ് ചാപ്ലയിൻ ആയി ജെബേൽ അലിയിൽ സ്ഥിരതാമസം ആകുകയും വിശുദ്ധ കുർബാന ആരംഭിക്കുകയും ചെയ്തത് ജെബേൽ അലിയിലും സമീപ പ്രദേശങ്ങളിലുമുള്ള നമ്മുടെ വിശ്വാസികളുടെ കൂടിവരവിന് വഴിയൊരുങ്ങുകയും സെയിന്റ് ഫ്രാൻ സിസ് ഓഫ് അസ്സീസ്സിയുടെ നാമധേയത്തിൽ പ്രാർത്ഥനാ കൂട്ടായ്മ 2011 ഡിസംബറിൽ രൂപീകൃതമാകുകയും ചെയ്തു. അതോടൊ പ്പം Jebel Ali Free zone (JAFZA), Dubai Investment Park (DIP) എന്നീ വ്യവസായ മേഖലകളിൽ വസിച്ചിരുന്ന നമ്മുടെ സമൂഹാംഗങ്ങളുടെയും പ്രാർത്ഥനാ കൂട്ടായ്മകൾ നിലവിൽ വന്നു. ഈ മൂന്ന് പ്രാർത്ഥനാ കൂട്ടായ്മ കളും ദുബായ് സമൂഹത്തിന്റെ ഭാഗമായി പ്രവർത്തിച്ചു വന്നിരുന്നു. വ്യവസായ മേഖലകളിൽ വസിച്ചിരുന്ന നമ്മുടെ അംഗങ്ങൾക്ക് വിശുദ്ധ കുർബാനയിലും ശുശ്രൂഷകൾക്കും, ആഘോഷ പരിപാടികളിലും പ ങ്കെടുക്കുവാൻ വാഹനസൗകര്യം നൽകി വന്നിരുന്നു. വെള്ളിയാഴ്ച കളിൽ ദുബായിൽ നടത്തിയിരുന്ന വി.കുർബാനയിൽ പങ്കെടുക്കാൻ സാധിക്കാത്തവർക്കായി വെള്ളിയാഴ്ച്ച ഉച്ചയ്ക്ക് ജെബേൽ അലി ദേവാ ലയത്തിൽ അധികമായി വിശുദ്ധ കുർബാന അർപ്പിച്ചു വന്നിരുന്നു. റസിഡന്റ് ചാപ്ലെയിൻ സ്ഥിരതാമസം ആയതുമുതൽ എല്ലാ ഞായറാഴ്ച കളിലും ചാപ്പലിൽവച്ച് വിശുദ്ധ കുർബാന അർപ്പിച്ചിരുന്നു. നിലവിൽ മാസത്തിലെ രണ്ടും നാലും ഞായറാഴ്ചകളിൽ ഉച്ചയ്ക്കുശേഷം 3 മണി ക്ക് വിശുദ്ധ കുർബാന അർപ്പിക്കപ്പെടുന്നു.

2021 ൽ ദുബായ് സമൂഹത്തിന്റെ ഭാഗമായി പ്രവർത്തിച്ചു വന്നിരുന്ന, മു കളിൽ പ്രതിപാദിച്ച മൂന്ന് പ്രാർത്ഥനാ കൂട്ടായ്മകളെയും ഉൾപ്പെടുത്തി, ജെബേൽ അലി ദേവാലയം കേന്ദ്രമാക്കി, ജെബേൽ അലി കമ്മ്യൂണിറ്റി രൂപീകൃതമായി.

### 15: രജത ജൂബിലി

ആമുഖത്തിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ 1980 കൾ മുതൽ ഗൾഫ് രാജ്യ ങ്ങളിലേക്ക് അന്നവും അർത്ഥവും തേടി നമ്മുടെ പൂർവികരും കുടിയേറി. പ്രതികൂല സാഹചര്യങ്ങളോടും ഏകാന്തതതയോടും മല്ലടിക്കുമ്പോളും പുനരൈക്യ പ്രസ്ഥാനത്തിന്റെ ആത്മീയ വീര്യം ഉൾക്കൊണ്ടു നമ്മുടെ പൈതൃകവും ആത്മീയ ചിന്തകളും വിശ്വാസവും സൂക്ഷിച്ചു പോ കുന്നു. വിവിധ രാജ്യങ്ങളിലേക്കുള്ള യാത്രാമധ്യെയോ സ്വകാര്യ സന്ദ ർശനത്തിനോ നമ്മുടെ വൈദീകർ എത്തുമ്പോൾ, സമ്പർക്കത്തിനും ആശയവിനിമയത്തിനും പരിമിതികൾ നിലനിന്നിരുന്നതിനാൽ, അറിഞ്ഞും കേട്ടും സഭാ തനയർ ഒരുമിച്ചുകൂടി പ്രാർത്ഥനകൾ നടത്തി വന്നിരുന്നു. എന്നാൽ പരിമിതികളുടെ മദ്ധ്യേയും, വിവിധ കാലഘട്ടങ്ങളിൽ സഭാ നേ തൃത്വം നടത്തിയ അജപാലന നീക്കങ്ങൾ, ഫലപ്രാപ്തിയിലെത്തുവാൻ, വർഷങ്ങൾ കാത്തിരിക്കേണ്ടി വന്നെകിലും, ദൈവീകമായ പദ്ധതിയാൽ ഒരു സമൂഹം എന്ന മേൽവിലാസം 1998 മാർച്ച് 6 ൽ ലഭിച്ച ദൈവനടത്തി പ്പിന്റെ രജത ജൂബിലി 2023 ൽ ആഘോഷിക്കുന്നു.

2022-23 വർഷ കാലയളവിലെ ഭരണസമിതിയുടെ, 2022 മാർച്ച് 3 നു ചേർന്ന ആദ്യത്തെ യോഗത്തിൽ, ഒരു വർഷത്തെ കർമ്മ പരിപാടിയുടെ രൂപീകരണ ചർച്ചയിൽ, ജൂബിലി വർഷമാണെന്നും ഉപകാരപ്രദമായ ജീ വകാരുണ്യ പ്രവർത്തനങ്ങൾ നടത്തണമെന്നു ചിന്തിക്കുകയും, ഒരു ഭവനം നിർമ്മിച്ച് നൽകുവാനും 2 പെൺകുട്ടികളുടെ വിവാഹസഹാ യവും നൽകണമെന്നും തീരുമാനിച്ചു. ശതാബ്ദിയാകുമ്പോൾ നമ്മുടെ സഭയിൽ എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി ഭവനം ഉണ്ടായിരിക്ക ണമെന്ന 2022 ലെ പുനരൈക്യവാർഷിക വേദിയിലെ അത്യഭിവന്ദ്യ ബാ വാ തിരുമേനിയുടെ ആഹ്വാനത്തിന്റെയും വെളിച്ചത്തിൽ മുൻ തീരുമാ നത്തിൽ ഭേദഗതികൾ വരുത്തി 2 ഭവനങ്ങളും 3 പെൺകുട്ടികൾക്ക് വിവാഹ സഹായം നൽകുവാനും തീരുമാനിച്ചു. ജൂബിലിയുടെ ലോ ഗോ തിരുവല്ല അതിഭദ്രാസന ആർച്ച്ബിഷപ്പ് അഭിവന്ദ്യ തോമസ് മാർ കൂ റിലോസ് തിരുമേനി 2022 ഒക്ടോബർ 9 നു പ്രകാശനവും ചെയ്തു.

ഭവനത്തിനും വിവാഹസഹായത്തിനും അപേക്ഷകൾ വിതരണം ചെയ്യു കയുണ്ടായി. ഭവനനിർമ്മാണത്തിനായി ലഭിച്ച 14 അപേക്ഷകളിൽ നിന്ന് സൂക്ഷമപരിശോധനയ്ക്കും ഇടവക വികാരിമാരുടെ സാക്ഷ്യപ്പെടു ത്തലിനും ശേഷം അയിരൂർ, പുതുക്കുളം എന്നീ നമ്മുടെ ഇടവകക ളിൽ നിന്ന് ലഭിച്ച അപേക്ഷകൾ ഭവന നിർമ്മാണത്തിന് തിരഞ്ഞെടുത്തു. ഈ രണ്ടു ദേവാലയങ്ങളിലെയും വികാരിമാരുടെ മേൽനോട്ടത്തിൽ ഭവന പദ്ധതി പൂർത്തീകരിക്കുന്നതും അതിൻ പ്രകാരം 2023 ജൂലൈ 31 നു ഭവനങ്ങളുടെ നിർമ്മാണം ആരംഭിച്ചു. മൂന്നു വിവാഹങ്ങളിൽ മാ ർത്താണ്ഡം രൂപതയിൽ നിന്ന് ലഭിച്ച അപേക്ഷ പരിഗണിക്കുകയും ഒക്ടോബർ 27നു ആദ്യത്തെ വിവാഹം രൂപതാധ്യക്ഷൻ അഭി വിൻസെന്റ് മാർ പൗലോസ് തിരുമേനി ആശീർവദിക്കുകയും ചെയ്തു.

2023 നവംബർ 5, ഞായർ, ഉച്ചയ്ക്ക് രണ്ടു മണിക്ക്, ദുബായ് സെയിന്റ് മേരീസ് ദേവാലയത്തിൽ അത്യുന്നത കർദ്ദിനാൾ ബസേലിയോസ് ക്ളീമീസ് കാതോലിക്കോസ് ബാവ തിരുമേനിയുടെ മുഖ്യ കാർമികത്വത്തിൽ മാർപാ പ്പാ യുടെ യു എ ഇയിലെ പ്രതിനിധി ആർച്ച് ബിഷപ്പ് ക്രിസ്റ്റഫേ സാക്കിയ എൽകാസ്സിസ്, Very. Rev. Fr. ജോൺ തുണ്ടിയത്ത് കോർ എപ്പിസ്കോപ്പാ, ഇടവക വികാരി Rev. Fr. Lennie Connully OFM Cap., റെവ.ഫാ.റെജി വറു ഗീസ് മനക്കലേത്ത്, Rev.Fr.മത്തായി മൈരാണത്ത OIC, Rev. Fr. മാത്യൂസ് ആലുംമൂട്ടിൽ, Rev.Fr.വറുഗീസ് കോഴിപ്പാടൻ എന്നിവരുടെ സഹകാർമിക ത്വത്തിൽ ആഘോഷമായ സമൂഹ ബലി അർപ്പിച്ചു. തുടർന്ന് ദേവാലയ അങ്ക ണത്തിൽ അത്യഭിവന്ദ്യ കാതോലിക്കാ ബാവ, ആർച്ച്ബിഷപ്പ് ക്രിസ്റ്റഫേ സാക്കിയ എൽകാസിസ്, ബിഷപ്പ് പൗലോ മാർട്ടിനെല്ലി, ബിഷപ്പ് പോൾ ഹിൻ ഡർ എന്നിവരെ ആദരിക്കുകയും തുടന്ന് പൊതുസമ്മേളന വേദിയിലേക്ക് ആനയിച്ചു. തുടർന്ന് സിൽവർ ജൂബിലി സമാപന സമ്മേളനം അഭിവന്ദ്യ കർദ്ദി നാൾ ബസേലിയോസ് ക്ളീമീസ് കാതോലിക്കാ ബാവ ഉൽഘാടനം ചെയ്തു. ജൂബിലിയോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച സുവനീർ പ്രകാശനവും, വിവിധ അവാർഡുകളും സർട്ടിഫിക്കറ്റുകളും വിതരണവും ചെയ്തു. സമൂഹാംഗങ്ങൾ ഒരുക്കിയ നയനമനോഹരമായ കലാസന്ധ്യയ്ക്കും സ്നേഹവിരുന്നോടും കൂടി ജൂബിലിക്ക് തിരശീല വീണു.

### ഉപസംഹാരം

വിശുദ്ധ പൗലോസ് ശ്ലീഹാ കോറിന്തോസുകാർക്കു എഴുതിയ ലേഖനത്തിൽ ഇപ്രകാരം പറയുന്നു " ഞാൻ നട്ടു; അപ്പോളോസ് നനച്ചു; എന്നാൽ ദൈവമാണ് വളർത്തിയത് ദുബായ് സമൂഹത്തിന്റെ 25 വർഷത്തെ തീർത്ഥാടന യാത്രയിൽ ഈ വേദഭാഗം എത്രത്തോളം യാഥാർത്ഥവും ഉചിതവുമാണെന്ന് നാൾവഴികളി ലൂടെ സഞ്ചരിക്കുമ്പോൾ ദൃശ്യമാകും

1998 മുതൽ 2011 വരെയുള്ള കാലഘട്ടം പിച്ച വയ്ച്ചു നടക്കുവാനും സമൂഹ മായി രൂപപ്പെടുവാനുള്ള ഒരു കാലഘട്ടം ആയിരുന്നു, അക്ഷീണം പ്രവർത്തിച്ച നന്മയുടെ പൂമരങ്ങളായിരുന്ന മുൻകാല വൈദീകരുടെയും അൽമായ നേ താക്കന്മാരെയും പ്രവർത്തനനൈരെന്ത്യം എക്കാലവും സ്മരണീയമാണ്.. 2011 മുതലുള്ള കാലം വലിയ കുതിപ്പുകൾക്കും വളർച്ചയ്ക്കും നേട്ടങ്ങൾക്കും മാ റ്റങ്ങൾക്കും ഹേതുവായി.

കേരളത്തിന് പുറത്തുള്ള ഏറ്റവും സജീവമായ സഭാ സമൂഹങ്ങളിൽ ഒന്നായ ദുബായ് സമൂഹം വളർച്ചയുടെ പടവുകൾ കയറുമ്പോഴും ഇനിയും വി വിധ മേഖലകളിൽ അതിദൂരം സഞ്ചരിക്കുവാനുണ്ട് എന്ന് മറക്കുന്നില്ല. തിരിഞ്ഞു നോക്കുമ്പോൾ "ദൈവം തന്നതല്ലാതെ ഒന്നുമില്ല" എന്ന് നമ്ര ശിര സ്സോടെ നന്ദി പുരസ്ക്കരം ഓർക്കുന്നു.. പ്രേഷിത ചൈതന്യത്താലും സഭാ സ് നേഹത്താലും അനുഗ്രഹിക്കപ്പെട്ട ഒരു ജനതതിയാൽ സമ്പന്നമാണ് ദുബായ് സഭാ സമൂഹം പരസ്പരം കൈത്താങ്ങി, ചേർത്ത് പിടിച്ചു, ആശ്വസിപ്പിച്ചു, ബലം നൽകി മുന്നോട്ടു നടന്നു നീങ്ങുവാൻ ത്രീയേക ദൈവത്തിന്റെ കൃപയും പരിശുദ്ധ ദൈവമാതാവിന്റെ മാധ്യസ്ഥവും അനുഗ്രവും ദൈവദാസൻ മാർ ഈ വാനിയോസ് പിതാവിന്റെ സ്വർഗത്തിലിരുന്നുള്ള പ്രാർത്ഥനയും യാചിക്കുന്നു.

www.malankaralibrary.com



## മിനി ഷാജി | MCCL HM

ദുബായ് മലങ്കര സുറിയാനി കത്തോലിക്കാ സമൂഹത്തിന്റെ രൂപീകരണം മുതൽ തന്നേ, നമ്മുടെ കുഞ്ഞുങ്ങളെ സഭാ ഗാത്രത്തോടെ ചേർത്ത് നിറുത്തി തനത് പൈതൃകത്തിൽ വളത്തിക്കൊണ്ടുവരുന്നതിനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിച്ചു നടത്തി വന്നിരുന്നു. നമ്മുടെ വിശുദ്ധ കുർബാന വിരളമായി മാത്രം ലഭിച്ചിരുന്നതിനാൽ, മാസത്തിലെ ഒരു വെള്ളിയാഴ്ച്ച നടത്തി വന്നിരുന്ന പ്രാർത്ഥനാകൂട്ടായ്മകളിൽ 1999 മാർച്ച് മാസം മുതൽ കുട്ടികളും പങ്കെടുത്തു തുടങ്ങി. ഇടവകയിലെ മതബോധന ക്ലാസ്സുകളിൽ ചേർന്ന് നമ്മുടെ കുട്ടികൾ വേദപാഠം പഠിച്ചിരുന്നു.

വേദഭാഗ വായനകൾ കുട്ടികളെക്കൊണ്ട് പതിവായി വായ്പ്പിക്കുകയും പ്രാർത്ഥനാ ക്രമങ്ങൾ ഇംഗ്ലീഷിഷിലും ട്രാൻസ്‌ലിറ്ററേഷനും ലഭ്യമാക്കുകയും ചെയ്തു. സമൂഹത്തിന്റെ വിവിധ പ്രവർത്തന പരിപാടികളിൽ ഉൾപ്പെടുത്തി അവരുടെ സർഗ്ഗവാസനകളെ ഉദ്ദീപിപ്പിക്കാൻ വേദികളൊരുക്കി നൽകി. ഓണാഘോഷം, സമൂഹത്തിന്റെ വാർഷികം, പിക്നിക് ആദിയായ കൂടിവരവുകളിൽ കുട്ടികളെ പ്രത്യേകമായി പരിശീലിപ്പിച്ച് ഒരുക്കുകയും ചെയ്തിരുന്നു.

### ആരംഭം

സമാനമായ സ്ഥിതി 2011 സെപ്റ്റംബർ വരെ തുടരുകയും ബഹുമാനപ്പെട്ട മാത്യു കണ്ടത്തിലച്ചന്റെ നിർദ്ദേശപ്രകാരം അന്നത്തെ കമ്മറ്റി സ്ഥലം ക്രമീകരിക്കുകയും, 23 കുട്ടികളെ, 3 ഗ്രൂപ്പുകളായി തിരിച്ചു ബിഷപ്പ് പോൾ ഹിൻഡർ ഹാളിലെ റൂം നമ്പർ 1-ൽ വച്ച്, 2011 ഒക്ടോബർ 13-നു, നമ്മുടെ സഭ, പൈതൃകം, ആരാധനാ ക്രമങ്ങൾ, വിവിധ ശുശ്രൂഷൾ എന്നിവയെപ്പറ്റി അടിസ്ഥാനപരമായ അവബോധം നൽകുക എന്ന ലക്ഷ്യത്തോടെ വേദപാഠ ക്ലാസുകൾ ആരംഭിച്ചു. മാസത്തിലെ ആദ്യ മൂന്നു വ്യാഴാഴ്ചകളിൽ വൈകിട്ട് 8 മുതൽ 9.30 വരെ ക്ലാസുകൾ ക്രമീകരിച്ചു വന്നിരുന്നു. വേദപാഠ ക്ലാസുകൾ ആരംഭിക്കുന്നതിനു മുന്നൊരുക്കമായ വിവിധ ക്രമീകരണങ്ങൾക്ക് ശ്രീമതി ആലീസ് ചെറിയാൻ പ്രധാനമായും നേതൃത്വം നൽകി.

ക്രമാനുഗതമായി കുട്ടികളുടെ എണ്ണം വർദ്ധിക്കുകയും അതിനനുസരിച്ച് വ്യാഴാഴ്ചകൾക്കു പുറമെ ആദ്യ മൂന്നു വെള്ളിയാഴ്ച വൈകുന്നേരങ്ങളിലുമായി പുനർക്രമീകരിച്ചു. ക്ലാസ്സുകൾക്ക് ശേഷം കുട്ടികൾക്ക് ലഘു ഭക്ഷണം നൽകി വന്നിരുന്നു. 2015-ൽ 100ൽ പരം കുട്ടികളും 10 ഡിവിഷനുമായി വേദപാഠ ക്ലാസുകൾ കുട്ടികളുടെ വിശ്വാസ രൂപീകരണത്തിൽ പ്രധാനപ്പെട്ട പങ്കു വഹിച്ചു.

വേദപഠനത്തിനു കുട്ടികൾ ക്രമമായി വർദ്ധിച്ചത് മൂലം നിലവിലുണ്ടായിരുന്ന സ്ഥലസൗകര്യങ്ങൾ അപര്യാപതമായി വന്നതിനാൽ കൂടുതൽ സ്ഥലസൗകര്യത്തിനു വേണ്ടി ഇടവകയെ സമീപിക്കുകയും കമ്മറ്റിയുടെ നിരന്തരമായ പരിശ്രമത്താൽ ദേവാലയ കോമ്പൗണ്ടിലുള്ള സെയിന്റ് മേരീസ് സ്കൂളിൽവയ്ച്ചു നടത്തുന്നതിനുള്ള അനുമതി 2017 ജനുവരി 20 മുതൽ ലഭിച്ചു. സെപ്റ്റംബർ 2023 മുതൽ ഇടവക തലത്തിൽ മതബോധന ക്ലാസ്സുകളിൽ വന്ന സമയമാറ്റം മൂലം നമ്മുടെ ക്ലാസ്സുകൾ ശനിയാഴ്ച വൈകിട്ട് 7 മുതൽ 8:30 വരെയായി പുനഃക്രമീകരിച്ചു.

### എം സി സി ൽ (മലങ്കര കാത്തലിക് ചിൽഡ്രൻസ് ലീഗ്)

കുട്ടികളിലെ വിശ്വാസരൂപീകരണത്തിന്റെ പ്രായോഗിക വശങ്ങളിൽ പരിശീലിക്കപ്പെടുവാനും ഉൾച്ചേർക്കപ്പെടുവാനുമുള്ള ലക്ഷ്യത്തോടെ, വിശ്വാസപരിശീലനത്തിലുള്ള എല്ലാ കുട്ടികൾക്കുമായി സഭാ തലത്തിൽ രൂപീകരിക്കപ്പെട്ട എം സി സി ൽ (MALANKARA CATHOLIC CHILDRENS LEAGUE) നമ്മുടെ സമൂഹത്തിലും 2017 ഫെബ്രുവരിയിൽ രൂപീകരിക്കപ്പെട്ടു. വിവിധ കാലയളവുകളിൽ ജെന്നി മരിയാ തോമസ്, റ്റിജിൻ എബ് തോമസ്, രമ്യാ പോൾസൺ, എലിസബെത്ത് സ്റ്റാൻലി എന്നിവരും നിലവിൽ ആൽമ മരിയ ജോർജും നേതൃത്വം നൽകി വരുന്നു.

എം സി സി ൽ കേന്ദ്ര സമിതി 2018 ജനുവരിയിൽ രൂപീകരിക്കപ്പെടുകയും പ്രഥമ പ്രെസിഡന്റായി ദുബായ് യൂണിറ്റ് പ്രസിഡന്റ് ആയിരുന്ന റ്റിജിൻ എബ് തോമസ് തിരഞ്ഞെടുക്കപ്പെട്ടു. കേന്ദ്ര സമിതിയുടെ 2020-21 കാലയളവിൽ ക്രിസ് ഐസക് നിസ്സൻ വൈസ് പ്രസിഡന്റ് ആയും ഗ്രെറ്റ് ജോൺസൺ നിലവിൽ (2022-23) ജനറൽ സെക്രട്ടറിയായി പ്രവർത്തിക്കുന്നു.

### Talent Fest, കലോത്സവങ്ങൾ

കേന്ദ്ര സമിതിയുടെ ആഭിമുഖ്യത്തിൽ 2015 മേയിൽ എല്ലാ സമൂഹങ്ങളിലെയും കുട്ടികളെ ഉൾപ്പെടുത്തി കലാമത്സരങ്ങൾ "Talent Fest (സർഗോത്സവം)" ആരംഭിച്ചതുമുതൽ ഇതുവരെ ആദ്യ മൂന്നു സ്ഥാനങ്ങളിലൊന്ന് നമ്മുടെ കുട്ടികൾ കരസ്ഥമാക്കി വരുന്നു. സർഗോത്സവത്തിൽ പങ്കെടുക്കുവാനുള്ള യോഗ്യതാ മത്സരങ്ങൾ യൂണിറ്റ് തലത്തിൽ നടത്തപ്പെടുന്നു.

ഇടവക ദേവാലയത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന Family Fest, Christeen Retreat, മറ്റു കലാ മത്സരങ്ങൾ, അതോടോപ്പം മലയാളം കമ്മ്യൂണിറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന വിവിധ പരിപാടികളിൽ നമ്മുടെ കുട്ടികൾ പങ്കെടുത്തു വരുന്നു. എം സി വൈ എം കേന്ദ്ര സമിതിയുടെ നേതൃത്വത്തിൽ നടത്തുന്ന ബേത്‌ലഹേം കരോൾ ഗാന മത്സരത്തിൽ ജൂനിയർ കൊയർ പങ്കെടുക്കുകയും സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തു വരുന്നു.

### വാർഷിക പരീക്ഷകൾ

വേദപാഠം ആരംഭിച്ച രണ്ടാം വർഷം മുതൽ ക്ലാസുകൾ തിരിച്ച് വാചാ /എഴുത്തു ക്രമത്തിൽ അർദ്ധവാർഷിക /വാർഷിക പരീക്ഷകൾ നടത്തി വരുന്നു. വേദപഠനത്തിനു പ്രചോദനം എന്ന നിലയിൽ ആദ്യ മൂന്ന് സ്ഥാനക്കാർക്ക് മെഡലും സെർട്ടിഫിക്കറ്റും നൽകി അനുമോദിക്കുന്നു. യൂണിറ്റ് അടിസ്ഥാനത്തിൽ ക്രമീകരിച്ചിരുന്ന പരീക്ഷകൾ 2019 മുതൽ യു എ ഇ തലത്തിൽ MCTF-ന്റെ ഏകോപനത്തിൽ നടത്തി വരുന്നു.

സെക്കൻഡറി / ഹയർ സെക്കൻഡറി തലങ്ങൾ വിജയിക്കുന്ന എല്ലാ കുട്ടികൾക്കും Memento 2023 മുതൽ വിജയശതമാനത്തിന്റെ അടിസ്ഥാനത്തിൽ യഥാക്രമം സർട്ടിഫിക്കറ്റും ക്യാഷ് അവാർഡും നൽകി ആദരിക്കുന്നു.

### പ്രവേശനവും പാഠ്യപദ്ധതിയും

നാല് വയസ്സ് മുതൽ പ്രായം ഉള്ള കുട്ടികൾക്കാണ് വേദപാഠക്ലാസ്സുകളിൽ പ്രവേശനം നൽകി വരുന്നത്. സഭയുടെ വിശ്വാസ പരിശീലന കമ്മീഷൻ തയ്യാറാക്കുന്ന പാഠ്യപദ്ധതി അനുസരിച്ച് KG മുതൽ 12-ാം തരം വരെയുള്ള ക്ലാസ്സുകളാണ് നടത്തപ്പെടുന്നത്. വേദപാഠ പഠനം 10-ാം തരത്തിലും 12-ാം തരത്തിലും വിജയകരമായി പൂർത്തിയാക്കുന്ന കുട്ടികൾക്ക് Course Completion Certificate നൽകപ്പെടുന്നു. മതബോധന ക്ലാസ്സുകളുടെ ചിട്ടയോടുകൂടിയുള്ള പഠന നടത്തിപ്പിനായി കുട്ടികൾക്ക് ഡയറി നൽകുന്നു.

### സഭാ സമൂഹത്തിന്റെ പ്രവർത്തനങ്ങളിലെ പങ്കാളിത്തം

സമൂഹത്തിന്റെ വിവിധ പ്രവർത്തന പരിപാടികളിൽ Mothers Day, Fathers Day, Nurses Day തുടങ്ങിയ വിശേഷ ദിവസങ്ങളിൽ സ്വന്തമായി രൂപകൽപ്പന ചെയ്ത് ആശംസാ കാർഡുകൾ നൽകുക, ഭക്തസംഘടനകളുടെ വിവിധ പരിപാടികളിൽ പങ്കെടുക്കുക, വാർഷിക ദിനങ്ങളിൽ കലാപരിപരിപാടികൾ അവതരിപ്പിക്കുക, തുടങ്ങി വ്യത്യസ്ത മേഖലകളിൽ ഉൾച്ചേരുന്നതിനു കുട്ടികളെ നിരന്തരം പ്രോത്സാഹിപ്പിക്കുന്നു. കുട്ടികളിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുള്ള പ്രചോദനവും പങ്കാളിത്വവും എന്ന ലക്ഷ്യത്തോടെ വിവിധ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടത്തി വരുന്നു.

പാഠ്യേതര മേഖലകളിൽ നമ്മുടെ കുട്ടികൾ അഭിമാനാർഹമായ നേട്ടങ്ങൾ U A E തലത്തിലും, ഇന്ത്യയുൾപ്പെടെ മറ്റു രാജ്യങ്ങളിൽ നിന്നും കരസ്ഥമാക്കിയിട്ടുണ്ട്

www.malankaralibrary.com

അഭിവന്ദ്യ പിതാക്കന്മാരുടെ സന്ദർശന വേളകളിൽ അവർക്കു കുട്ടികളുമായി സംവദിക്കാനും ഒത്തുചേരുവാനും 'പിതാവിനൊപ്പം' എന്ന പരിപാടി സംഘടിപ്പിച്ചു വരുന്നു. ഡിജിറ്റൽ യുഗത്തിൽ കുട്ടികളുടെ ഉത്തരവാദിത്വപരമായ ആവിഷ്ക്കാരം, സർഗ്ഗശക്തിയുള്ള ആശയങ്ങൾ എന്നിവ പ്രകടിപ്പിക്കുന്നതോടൊപ്പം Writing, Designing, Drawing തുടങ്ങിയ കഴിവുകൾ പഠിക്കുന്നതിനും പരിഷ്കരിക്കുന്നതിനുമായി കുട്ടികളുടെ നേതൃത്വത്തിൽ MCCL Newsletter ആരംഭിച്ചു.

### പിക്നിക്

വേദപാഠ പഠനങ്ങളോടൊപ്പം കുട്ടികളുടെ വിനോദത്തിനും ഉല്ലാസത്തിനും അവരുടെ മാനസിക പിരിമുറുക്കങ്ങൾക്കു അയവു വരുത്തുവാനും വേണ്ടി എല്ലാ വർഷവും പിക്നിക് സംഘടിപ്പിക്കുന്നു. അധ്യാപകരും MCCL ഭാരവാഹികളും ചേർന്ന് വിവിധ പരിപാടികൾ ആസൂത്രണം ചെയ്തു നടത്തി വരുന്നു..

### ആത്മീയ രൂപീകരണം

Vacation Bible Study (VBS)-നു സമാനമായി 2015 ജൂലൈ 7 മുതൽ 14 വരെയുള്ള ദിവസങ്ങളിൽ Eckara (Foundation) എന്ന പേരിൽ ആദ്യമായി മതബോധന അധ്യാപകരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. വർഷം പിന്നിടും തോറും Eckaraയുടെ നടത്തിപ്പിൽ കാലാനുസൃതവും നൂതനവുമായ മാറ്റങ്ങൾ വരുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കുന്നു.

വിശുദ്ധ കുർബാനയിലും ആദ്ധ്യാത്മിക ശുശ്രൂഷകളിലും മുടങ്ങാതെ സംബന്ധിക്കുന്നതിന് പ്രചോദനം എന്ന നിലയിൽ വിശുദ്ധ കുർബാനയ്ക്കു ശേഷം കുട്ടികൾ സങ്കീർത്തന പാരായണവും അതാതു ഞായറാഴ്ചകളിലെ സുവിശേഷ വായനയെ ആസ്പദമാക്കി ഹ്രസ്വമായ പ്രഭാഷണം നൽകിവന്നിരുന്നു

കുട്ടികളെ പ്രഥമ കുമ്പസാരത്തിനും വിശുദ്ധ കുർബാന സ്വീകരണത്തിനും ഒരുക്കുന്നതിനോടനുബന്ധിച്ച് പ്രത്യേകമായി കോഴ്സ് നടത്തപ്പെടുന്നു. അൾത്താര ശുശ്രൂഷയ്ക്കായി താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകി ശുശ്രൂഷയിൽ ഉൾപ്പെടുത്തുന്നു.

കുട്ടികളിൽ ആത്മീയ രൂപീകരണത്തിന്റെ ഭാഗമായി വിശുദ്ധ കുർബാനയും മറ്റു ആദ്ധ്യാത്മിക ശുശ്രൂഷകളും പരിചയിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കുട്ടികളുടെ ഗായക സംഘം രൂപീകൃതമായി. ക്രിസ്തുമസ്വർഷാവസാന ശുശ്രൂഷയ്ക്ക് ശേഷം എം സി സി ൽ കുട്ടികൾ കരോൾഗാനങ്ങൾ ആലപിച്ച് തിരുപ്പിറവിയുടെ സന്തോഷം പങ്കിടുന്നു.

2019ലെ ഫ്രാൻസിസ് മാർപാപ്പയുടെ യു എ ഇ സന്ദർശനത്തിനോടനുബന്ധിച്ച് യു എ ഇ - എം സി സി ൽ പുറത്തിറക്കിയ വീഡിയോ ആൽബത്തിൽ നമ്മുടെ കുട്ടികളുടെ ഗണ്യമായ പ്രാതിനിധ്യം ശ്രദ്ധേയമായിരുന്നു.

### MCTF (മലങ്കര കാത്തലിക്ക് ടീച്ചേർസ് ഫോറം)

എല്ലാ സമൂഹങ്ങളിലെയും (യൂണിറ്റുകൾ) വേദപാഠ അധ്യാപകരെ ഏകോപിപ്പിച്ച് മതാധ്യാപകസമിതി (MCTF) 2018-ൽ രൂപീകൃതമായി. പ്രഥമ സെക്രട്ടറിയായി ദുബായ് യൂണിറ്റ് ഹെഡ്മിസ്ട്രസ് ആയിരുന്ന അനശ്വര അമിത് തിരഞ്ഞെടുക്കപ്പെട്ടു. സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന വേദപാഠ പരീക്ഷകൾ, കലാമത്സരങ്ങൾ, സെമിനാറുകൾ, ക്യാമ്പുകൾ, ധ്യാനം എന്നിവയിൽ നമ്മുടെ മതാദ്ധ്യാപകർ ശ്രദ്ധേയമായ പങ്ക് വഹിക്കുന്നു. MCTF-ന്റെ (2022-23) കാലയളവിലെ പ്രസിഡന്റ് ആയി ശ്രീ. ഫിലിപ്പ് വറുഗീസ് ചുമതല നിർവഹിക്കുന്നു.

### കുട്ടികളുടെ പേര് വിവരവും അധ്യാപനവും

നിലവിൽ 240 ൽപരം കുട്ടികൾ വേദപാഠം പഠിക്കുകയും അർപ്പണബുദ്ധിയോടും പ്രതിജ്ഞാബദ്ധതയോടുംകൂടി 19 മതബോധന അധ്യാപകർ അവരെ വേദപാഠങ്ങൾ അഭ്യസിപ്പിക്കുന്നു. എല്ലാ വർഷവും ഫെബ്രുവരി രണ്ടാം ഞായറാഴ്ച എം സി സി ൽ ദിനമായി ആചരിക്കുന്നു.

വേദപഠനത്തിന്റെ വ്യവസ്ഥിതവും ചിട്ടയായുമുള്ള നടത്തിപ്പിന് വേണ്ടി 2015 മുതൽ ഹെഡ്മിസ്ട്രസ്നെയും സ്റ്റാഫ് സെക്രട്ടറിയെയും അധ്യാപകരിൽ നിന്നും തിരഞ്ഞെടുത്ത് ചുമതല നൽകി വരുന്നു. ശ്രീമതി ത്രേസ്യാമ്മ വറുഗീസ്, അനശ്വര അമിത് എന്നിവർ ഹെഡ്മിസ്ട്രെസ്സ് ആയും ആൻസി ഫിലിപ്പ്, സിന്നി ഷോണു, ആഷാ സിറിൽ എന്നിവർ സ്റ്റാഫ് സെക്രട്ടറിയായും 2015 മുതൽ 2021 വരെയുള്ള കാലഘട്ടത്തിൽ പ്രവർത്തിച്ചു.

നിലവിൽ (2022-23) മിനി ഷാജി ഹെഡ്മിസ്ട്രസ്സായും അനിലോ സോജു സ്റ്റാഫ് സെക്രട്ടറിയായും ചുമതലകൾ നിർവഹിക്കുന്നു.

സമൂഹത്തിന്റെ പ്രീസ്റ്റ് ഇൻചാർജ് ഫാ.ഡോ റെജി മനക്കലെത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് വേദപഠന ക്ലാസുകൾ നടത്തി വരുന്നു.

Memories



UAE Malankara Catholic Community Members with **Rev Fr. Jerome Peedikaparampil OIC in 2003**

www.malankaralibrary.com

# ദുബായ് യുവജനസഭ: നാളിതുവരെ



**ബ്ലെസ്സൺ ജോൺ | MCYM President**

ഭാരതത്തിന്റെ മണ്ണിൽ സുവിശേഷം പ്രഘോഷിച്ച തോമാശ്ലീഹായിൽ നിന്ന് ആരംഭിക്കുന്നതാണ് നമ്മുടെ സഭയുടെ പാരമ്പര്യവും അതിന്റെ പ്രയാണവും. ക്രിസ്തുശിഷ്യനായ തോമാശ്ലീഹാ ഭാരതത്തിൽ വിവിധയിടങ്ങളിൽ സുവിശേഷം പ്രസംഗിക്കുകയും അവിടെ ഇടവകസമൂഹങ്ങൾ രൂപീകരിക്കുകയും ചെയ്തു. പിന്നീട് കേരളസഭയിലുണ്ടായ അനൈക്യവും ശിഥിലവും പ്രേഷിതദൗത്യത്തിൽ പിന്നോക്കം പോകുന്നതിന് ഇടയായി. ദൈവത്തിന്റെ പ്രത്യേക പദ്ധതിയാൽ 1930 സെപ്റ്റംബർ 20 ന് ദൈവദാസൻ മാർ ഇവാനിയോസ് പിതാവ് കൊല്ലം അരമനയിൽ ബെൻസിഗർ പിതാവിലൂടെ പുനരൈക്യ പ്രസ്ഥാനത്തിലേക്ക് കടന്നുവന്ന് മലങ്കര സുറിയാനി കത്തോലിക്കാ സഭ എന്ന ഔദ്യോഗികമായ പേരിൽ സഭാകൂട്ടായ്മയ്ക് രൂപം കുറിക്കുന്നു. 1932 ൽ കാനോനികമായ അംഗീകാരം ലഭിച്ച നമ്മുടെ സഭ ഇന്ന് വളർന്ന് ലോകമെമ്പാടും പന്തലിച്ചിരിക്കുന്നു.

ജീവിതമാർഗ്ഗത്തിനും ജോലിക്കുമായി ഗൾഫ് മേഖലകളിൽ കുടിയേറിയ നമ്മുടെ ആളുകൾ ആദ്യകാലങ്ങളിൽ പ്രാർത്ഥനക്കായി ഒത്തുകൂടുകയും അതിന്റെ ഫലമായി 1998 ൽ ദുബായ് മലങ്കര സമൂഹം ഔദ്യോഗികമായി രൂപപ്പെടുകയും ചെയ്തു. അതിനുശേഷം ഏതാനം മാസങ്ങൾക്കുള്ളിൽത്തന്നെ യുവജനങ്ങളെ ഒരുമിപ്പിച്ചു ചേർത്തുനിർത്തണമെന്ന ആവശ്യകത അന്നത്തെ ദുബായ് സമൂഹത്തിന്റെ നേതാക്കൾ മനസിലാക്കുകയും അതിനുവേണ്ട ശ്രമങ്ങൾ നടത്തിയതിന്റെയും ഫലമാണ് ഇന്ന് നമ്മൾ കാണുന്ന ദുബായ് MCYM. സഭാതല നേതൃത്വവുമായി ഏറെകാലത്തെ കൂടിയാലോചനകൾക്കും ചർച്ചകൾക്കും ശേഷം 2002 ൽ MCYM ദുബായ് ഘടകം ഔദ്യോഗികമായി നിലവിൽ വരുകയും പ്രഥമ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. പോൾസൺ മാത്യു മനപ്പുറത്തിന്റെ നേതൃത്വത്തിലുള്ള ആദ്യ ഭരണസമിതി ചുമതലയേൽക്കുകയും ചെയ്തു.

ഗൾഫ് മേഖലയിൽ പ്രാദേശിക തലത്തിൽ കത്തോലിക്കാ യുവജന സംഘടനയുടെ പ്രവർത്തനങ്ങളുടെ നടത്തിപ്പിൽ നേരിട്ട സാങ്കേതിക കാരണങ്ങളാൽ 2005 ന്റെ അവസാനത്തോടെ പ്രവർത്തനങ്ങൾ മന്ദീഭവിക്കുകയും, 2012 ൽ ബഹുമാനപെട്ട മാത്യു കണ്ടത്തിൽ അച്ചന്റെ നിർദ്ദേശത്തിനെത്തുടർന്നു MCYM പ്രസ്ഥാനം പുനരാരംഭിക്കുകയും ശ്രീ. ഷാജു ബേബിയുടെ നേതൃത്വത്തിലുള്ള ഭരണസമിതി നിലവിൽ വരുകയും ചെയ്തു.

2012 മുതൽ 2021 വരെ യൂണിറ്റ് ഡയറക്ടർ ആയിരുന്ന ബഹുമാനപെട്ട മാത്യു കണ്ടത്തിൽ അച്ചന്റേയും, തുടർന്ന് 2021 മുതൽ യൂണിറ്റ് ഡയറക്ടർ ആയിരിക്കുന്ന ബഹുമാനപെട്ട റെജി മനക്കലേത്ത് അച്ചന്റേയും ഉപദേശങ്ങൾക്കനുസൃതമായി അതത് കാലങ്ങളിലെ ഭരണസമിതി രൂപം നൽകുന്ന കർമപദ്ധതിയനുസരിച്ച് MCYM പ്രസ്ഥാനം ദുബായിൽ പ്രവർത്തിച്ചുവരുന്നു.

### യൂണിറ്റുകൾ

2012ൽ ദുബായ് മലങ്കര സമൂഹത്തിലെ എല്ലാ ഏരിയാ പ്രാർത്ഥനാകൂട്ടായ്മകളിലും MCYM യൂണിറ്റ് രൂപീകൃതമാകുകയും കമ്മറ്റികൾ രൂപീകരിച്ച് പ്രവർത്തനവും ആരംഭിച്ചു. ദുബായ് സമൂഹത്തിന്റെ ഭാഗമായിരുന്ന JAFZA, DIP, ഡിസ്കവറി ഗാർഡൻസ് എന്നീ പ്രാർത്ഥനാകൂട്ടായ്മകളെ ഉൾപ്പെടുത്തി 2022 ൽ ജബൽ അലി കമ്മ്യൂണിറ്റി പുതുതായി രൂപം കൊള്ളുകയും, തത്ഫലമായി ഈ കൂട്ടായ്മകളിൽ ദുബായ് MCYM ഘടകത്തിന്റെ ഭാഗമായി പ്രവർത്തിച്ചിരുന്ന JAFZA, DIP, ഡിസ്കവറി ഗാർഡൻസ് എന്നീ MCYM യൂണിറ്റുകളെ ചേർത്ത് ജബൽ അലി MCYM ഘടകം രൂപീകൃതമാകുകയും ചെയ്തു.

നിലവിൽ MCYM ദുബായ് ഘടകത്തിൽ 7 യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

| | | | |
|---|---|---|---|
| 1. | Al Quoz | 2. | Bur Dubai-Satwa |
| 3. | Deira-Hor Al Anz | 4. | International City-Rashidiya |
| 5. | Karama | 6. | Muwailah-Sonapur |
| 7. | Qusais-Al Nahda | | |

### മാർ ഇവാനിയോസ് ദിനം

മാർ ഇവാനിയോസ് ദിനത്തോടനുബന്ധിച്ച്, DIP യൂണിറ്റിന്റെ നേതൃത്വത്തിൽ ജൂൺ 15 മുതൽ ജൂലൈ 15 വരെ 30 ദിവസം നീണ്ടു നിൽക്കുന്ന പ്രാർത്ഥനക്കു 2014 ൽ തുടക്കമായി. ദുബായ് ഘടകത്തിലെ വിവിധ യൂണിറ്റുകൾ ഈ പ്രാർത്ഥനയിൽ ഭക്ത്യാദരം പങ്കെടുത്തുവരുന്നു. 30 ദിവസത്തെ പ്രാർത്ഥനക്കു ശേഷം DIP യിൽ നിന്ന് കൊണ്ടുവരുന്ന വള്ളികുരിശിന് ദുബായ് MCYM സ്വീകരണം നൽകുകയും വള്ളികുരിശുമേന്തി കാഷായ വസ്ത്രധാരികളായി പദയാത്രാസൂക്തങ്ങൾ ഉരുവിട്ടുകൊണ്ടു ദൈവാലയത്തിനു ചുറ്റും പ്രതീകാത്മക പദയാത്രയും നടത്തിവരുന്നു. 10 വർഷങ്ങൾക്കിപ്പുറവും 30 ദിവസത്തെ പ്രാർത്ഥനയിലും പദയാത്രയിലും എല്ലാം ദുബായ് MCYM ലെ യുവജനങ്ങൾ സജീവമായി പങ്കെടുക്കുകയും ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ മധ്യസ്ഥതയിൽ അവർക്കു ലഭിച്ച വിവിധ അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു.

### മന്നാ ചാരിറ്റി

മാർ ഈവാനിയോസ് ഓർമ്മപ്പെരുന്നാൾ ദിനം അംഗങ്ങൾ ഉപവസിക്കുന്നതിലൂടെ സ്വരൂപിക്കുന്ന തുക കൊണ്ട് മാതൃകാപരമായ ജീവകാരുണ്യ പ്രവർത്തികൾ നടത്തണമെന്ന പൊതു താല്പര്യത്തിന്റെ അടിസ്ഥാനത്തിൽ സഹായ നിധി 2014 ൽ രൂപീ കരിക്കുകയും മന്നാ ചാരിറ്റി എന്ന പേര് നൽകുകയും ചെയ്തു. ലഭിക്കുന്ന തുകയിൽ നിന്ന് അതതു വർഷങ്ങളിൽ പുനരൈക്യ വാർഷികം നടത്തുന്ന രൂപതയിലെ അർഹരായ വിദ്യാർത്ഥിക്ക് (വിദ്യാർത്ഥികൾക്ക്) പഠനസഹായം നൽകുവാനും ബാക്കി തുക ഏറ്റവും ഉചിതമായ ജീവകാരുണ്യ പ്രവർത്തനത്തിനും നൽകേണ്ടതുമാണ് എന്ന തീരുമാനം ഇപ്പോഴും നടത്തിവരുന്നു.

### മാർ ഗ്രീഗോറിയോസ് ദിനം

ദുബായ് സമൂഹത്തിന്റെ വാർഷിക ദിനമായ മാർ ഗ്രീഗോറിയോസ് ദിനം അംഗങ്ങളുടെ സർഗ്ഗവാസനകളെ പ്രകടിപ്പിക്കുവാനും പരിപോഷിപ്പിക്കാനുള്ള വേദിയാണ്. വിവിധ കലാപരിപാടികളിൽ പങ്കെടുക്കുന്നതോടൊപ്പം വാർഷികദിന നടത്തിപ്പിന്റെ വിവിധ ക്രമീകരണങ്ങളിൽ ശ്രദ്ധേയമായ പങ്കും വഹിക്കുന്നു.

### MCYM ദിനം

MCYM പ്രസ്ഥാനത്തിന്റെ സ്വർഗീയ മധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ ആഘോഷിച്ചുകൊണ്ട് ഒക്ടോബർ മാസത്തിലെ ആദ്യ ഞായറാഴ്ച യുവജന ദിനമായി കൊണ്ടാടുന്നു. പതാക ഉയർത്തൽ, അംഗങ്ങളുടെ സത്യപ്രതിജ്ഞ, കാഴ്ച സമർപ്പണം, അന്നേദിവസം അൾത്താര ശുശ്രൂഷ ചെയ്യുക, മധുരവിതരണം തുടങ്ങി വിവിധങ്ങളായ പരിപാടികൾ ഉൾപ്പെടുത്തി സമുചിതമായി ആഘോഷിക്കുന്നു.

### ജപമാല മാസം

ജപമാല മാസമായി ആചരിക്കുന്ന ഒക്ടോബറിൽ വിശുദ്ധ കുർബാനയ്ക്കു മുൻപായി വിവിധ യൂണിറ്റുകളുടെ നേതൃത്വത്തിൽ ജപ

www.malankaralibrary.com

മാല പ്രാർത്ഥന നടത്തുന്നു.

കുരിശിന്റെ വഴി

വലിയ നോമ്പിലെ എല്ലാ ആഴ്ചകളിലും വിശുദ്ധ കുർബാനയ്ക്കു മുമ്പായി അംഗങ്ങൾ ചേർന്ന് വിശുദ്ധ കുരിശിന്റെ വഴി നടത്തി വരുന്നു.

### കുരിശിൻ ചാരെ സങ്കീർത്തനപാരായണം

നമ്മുടെ കർത്താവിന്റെ കുരിശുമരണത്തിനുശേഷം കർത്താവിന്റെ കബറിൽ പ്രാർത്ഥനാനിരതരായി സങ്കീർത്തനം വായിക്കുക എന്ന പാരമ്പര്യം ഉൾക്കൊണ്ടു ദുഖവെള്ളിയുടെ ശുശ്രൂഷകൾക്ക് ശേഷം സങ്കീർത്തനപാരായണം 2022 മുതൽ നടത്തിവരുന്നു.

### ക്ലാസുകൾ/സെമിനാറുകൾ

അതത് കാലത്തിന് അനുയോജ്യവും പ്രസക്തവുമായ വിഷയങ്ങൾക്ക് അനുസരിച്ച് ആ വിഷയങ്ങളിൽ പ്രഗത്ഭരായ വിശിഷ്ട വ്യക്തികളെ കണ്ടെത്തി ക്ലാസ്സുകളും സെമിനാറുകളും നടത്തുന്നു.

### ജീവകാരുണ്യ പ്രവർത്തനങ്ങൾ

ഘടകത്തിന്റെ രൂപീകൃത കാലം മുതൽ തന്നെ വിവിധങ്ങളായ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ നേതൃത്വം ശ്രദ്ധിച്ചിരുന്നു. ജോലിയും വേതനവും ലഭിക്കാതെ ലേബർ ക്യാമ്പുകളിൽ കഴിഞ്ഞിരുന്നവർക്ക് വിവിധ വർഷങ്ങളിൽ ആഹാരവും പലവ്യഞ്ജന ഭക്ഷണ സാധനസാമഗ്രികളും എത്തിച്ചു നൽകുക, രോഗികളെ സാമ്പത്തികമായി സഹായിക്കുക, ഫ്ലൈറ്റ് ടിക്കറ്റ് നൽകുക ആദിയായവ പൊതുവായും കോവിഡ് 19 കാലത്ത് ജോലി നഷ്ടപ്പെട്ടവർ, വേതനം വെട്ടികുറക്കപ്പെട്ടവർ, മാനസിക ശാരീരിക പ്രതിസന്ധികളിൽ ഉൾപ്പെട്ടവർ, ഭക്ഷണപദാർത്ഥങ്ങൾ നിത്യോപയോഗ സാധന സാമഗ്രികൾ എന്നിവയുടെ ബുദ്ധിമുട്ട് അനുഭവിച്ചവർ തുടങ്ങി വ്യത്യസ്ത മേഖലകളിൽ ഉള്ളവർക്ക് സഹായഹസ്തം നൽകുകയുണ്ടായി.

### ക്വിസ് മത്സരം (എക്കാദ്)

പുനരൈക്യ വാർഷികത്തോടനുബന്ധിച്ചു എക്കാദ് ക്വിസ് മത്സരം 2012 മുതൽ നടത്തിവരുന്നു. ബൈബിളിനെയും മലങ്കര സുറിയാനി കത്തോലിക്കാസഭയെയും പറ്റി ആഴത്തിൽ പഠിക്കുന്നതിന് ഈ ക്വിസ് സഹായകമാകുന്നു.

### കലോത്സവം (ചിലങ്ക)

നമ്മുടെ യുവതീയുവാക്കളുടെ സർഗ്ഗവാസനകളെ കണ്ടെത്തുന്നതിനും അത് പരിപോഷിപ്പിക്കുന്നതിനായി 2015 മുതൽ ചിലങ്ക എന്ന പേരിൽ വിവിധ മത്സരഇനങ്ങൾ ചേർത്ത് കലോത്സവം നടത്തിവരുന്നു.

### ആരാധനഗീതമത്സരം (എനിയോനോ)

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ വിവിധ ആരാധനാഗീതങ്ങൾ എല്ലാവരും നന്നായി പഠിക്കണം എന്ന ഉദ്ദേശത്തോടെ എനിയോനോ എന്ന പേരിൽ ദുബായ് കമ്മ്യൂണിറ്റിയിലെ എല്ലാ പ്രാർ ത്ഥനകൂട്ടായ്മക്കളയും ഉൾപ്പെടുത്തി ആരാധനഗീതമത്സരം 2018 ൽ ആരംഭിച്ചു.

### ദുബായ് മലങ്കര കാതോലിക് ക്രിക്കറ്റ് ലീഗ് DMCCL

ആത്മീയ ശുശ്രൂഷകളിൽ പങ്കെടുക്കുന്നതും ഉൾച്ചേരുന്നതിനോടോപ്പം ശരീരവും മനസ്സും ആരോഗ്യകരമായി നിലനിറുത്തുന്നതിനു കായിക ഉല്ലാസങ്ങളിലും വിനോദങ്ങളിലും ഏർപ്പെടുന്നത് അനിവാര്യമാണെന്നതിനാൽ സമൂഹത്തിലെ പ്രാർത്ഥനാ കൂട്ടായ്മകൾക്ക് വേണ്ടി ക്രിക്കറ്റ് മത്സരം കുടുംബ സംഗമം, കുട്ടികൾക്കായുള്ള വിനോദങ്ങൾ എന്നിവ ഉൾപ്പെടുത്തി 2020 മുതൽ നടത്തി വരുന്നു.

### യു എ ഇ തല കലോത്സവം (താലന്ത്)

MCYM UAE കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ UAE ലെ എല്ലാ യൂണിറ്റുകളെയും ഉൾപ്പെടുത്തി 2017-ൽ താലന്ത് എന്ന പേരിൽ ആരംഭിച്ച കലോത്സവത്തിൽ MCYM ദുബായ് ഘടകം സജീവമായി എല്ലാ വർഷങ്ങളിലും പങ്കെടുത്ത് സമ്മാനങ്ങൾ നേടിവരുന്നു.

### യു എ ഇ തല കരോൾഗാനമത്സരം (ബേത്‌ലഹേം)

ക്രിസ്തുദേവന്റെ തിരുപ്പിറവി ആഘോഷത്തോട് അനുബന്ധിച്ചു MCYM UAE കേന്ദ്രസമിതിയുടെ ആഭിമുഖ്യത്തിൽ UAE ലെ എല്ലാ കമ്മ്യൂണിറ്റികളെയും ഉൾപ്പെടുത്തി 2018 ൽ ആരംഭിച്ച കരോൾ ഗാന മത്സരത്തിന് ഇതുവരെ ആതിഥേയത്വം വഹിച്ചുവരുന്നത് MCYM ദുബായ് ഘടകമാണ്. ജൂനിയേർസ്, സീനിയർസ് എന്നീ വിഭാഗങ്ങളായി നടത്തുന്ന മത്സരത്തിൽ ദുബായ് കമ്മ്യൂണിറ്റിയിൽ നിന്ന് രണ്ട് ടീമുകൾ എല്ലാ വർഷങ്ങളിലും പങ്കെടുക്കുന്നു.

പ്രവാസ ലോകത്ത് ദൈവശുശ്രൂഷയുടെ കാൽനൂറ്റാണ്ട് പിന്നിടുമ്പോൾ പരിമിതമായ പല സാഹചര്യങ്ങളെയും പ്രാർത്ഥനയുടെ ശക്തിയിൽ സമർപ്പിച്ച് സഭയുടെ പൂജനീയമായ പാരമ്പര്യത്തിൽ ഊന്നി നിന്നുകൊണ്ടുള്ള പ്രവർത്തനം യുവജനപ്രസ്ഥാനത്തിനു കാഴ്ച വയ്ക്കുവാൻ സാധിച്ചത് ദൈവത്തിന്റെ പ്രത്യേക കരുതലാലും കൃപയാലുമാണ് എന്നുള്ളതിന് രണ്ടുപക്ഷമില്ല.

**യു എ ഇയിൽ ആദ്യം രൂപമെടുത്ത ഘടകം എന്ന സവിശേഷതയോടോപ്പം** കാലാനുപ്രസക്തമായ കർമ്മപരിപാടികളിലൂടെ വ്യത്യസ്തമായ പ്രവർത്തന പരിപാടികൾ സംഘടിപ്പിച്ച് യുവജനങ്ങളെ ഒരു കുടക്കീഴിൽ നടത്തുവാൻ സാധിക്കുന്നതിൽ നമുക്ക് അഭിമാനിക്കാം.

കടന്നു പോയ രണ്ടര പതിറ്റാണ്ടിൽ യുവജന പ്രസ്ഥാനത്തിന് ആത്മീയ നേതൃത്വം നൽകിയ ഡയറക്ടർ അച്ചന്മാർ, കാലാകാലങ്ങളിൽ പ്രസ്ഥാനത്തെ നേതൃത്വപാടവത്തോടെ നയിച്ച കമ്മറ്റികൾ, മാർഗ്ഗനിർദ്ദേശങ്ങളും പ്രോത്സാഹനവും കൈത്താങ്ങും നൽകിയവരോടുള്ള കടപ്പാട് വാക്കുകൾക്കതീതമാണ്. ഈ ജൂബിലി ആഘോഷം മുന്നോട്ടുള്ള വഴികളിലെ നമ്മുടെ ശക്തിയും ഊർജ്ജവുമാണ്. പ്രസ്ഥാനത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ സ്വർഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടേയും നമ്മുടെ പിതാവായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെയും സവിശേഷമായ മാധ്യസ്ഥം നമുക്ക് യാചിക്കാം.

## ദൈവദാസൻ മാർ ഈവാനിയോസ് മഹത് സൂക്തം



**"നിന്റെ ജീവിതം പുറമെയുള്ള കാര്യങ്ങളിൽ മാത്രം ക്രമപെട്ടാൽ പോരാ. അകമേയുള്ളതു ക്രമപെടുത്തുന്നതാണ് പ്രധാനം."**

www.malankaralibrary.com

# മാതൃസമാജ നാൾവഴികൾ

## ലീജിയൻ ഓഫ് മേരി - മാതൃസമാജം

**ഉഷസ് ഷോജി** | President MCMF



ദുബായ് മലങ്കര കത്തോലിക്കാ സമൂഹത്തിന്റെ ആരംഭം മുതൽ സമൂഹത്തിന്റെ ആത്മീയവും സാമൂഹികവുമായ വളർച്ചയ്ക്കും പുരോഗതിക്കുമായി ശ്രദ്ധേയമായ പ്രവർത്തനവും പങ്കാളിത്തവും സമൂഹത്തിലെ സ്ത്രീകൾ നൽകി വന്നിരുന്നു.

കുടുംബ പ്രാർത്ഥന, പ്രാർത്ഥനാ കൂട്ടായ്മകളിൽ വചന വിചിന്തനം, സ്വയം പ്രേരിത പ്രാർത്ഥന, ഭവന സന്ദർശനം, സമൂഹത്തിന്റെ വാർഷികാഘോഷത്തിൽ പങ്കെടുക്കുക, സഭാ പൈതൃകത്തിൽ കുട്ടികളെ വളർത്തുക തുടങ്ങിയ വിവിധവും വ്യത്യസ്തവുമായ മേഖലകളിൽ സജീവ സാന്നിധ്യമായി നിലകൊണ്ടിരുന്നു. സ്ത്രീകളിൽ നിക്ഷിപ്തമായിരിക്കുന്ന കഴിവുകളെ കണ്ടെത്തി സമൂഹത്തിന്റെ പുരോഗതിക്കും നന്മയ്ക്കുമായി വിനിയോഗിക്കപ്പെടണം എന്നുള്ള ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സ്ത്രീ ശാക്തീകരണ പാത പിന്തുടർന്ന്, കൂട്ടായ്മയിലും പൊതുവേദികളിലും കൂടുതൽ പങ്കാളിത്തവും ഉൾച്ചേരലും ലക്ഷ്യം വയ്ച്ചു ഒരു കുടക്കീഴിലും സംഘടനാ സംവിധാനത്തിലും അമ്മമാരേ അണിനിരത്തുവാനുമുള്ള ഉദ്യമത്തോടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുവാനായി 2000 സെപ്റ്റംബർ 8ൽ തീരുമാനിക്കുകയും ശ്രീമതി മോളി ഏബ്രഹാമിനെ ചുമതലപ്പെടുത്തുകയും ചെയ്തു.

Legion of Mary എന്ന പേരിൽ നമ്മുടെ സമൂഹത്തിലെ അമ്മമാരുടെ സംഘടന 2001 ജനുവരി 19നു ശ്രീമതി മോളി ഏബ്രഹാമിന്റെ ഭവനത്തിൽ നടത്തിയ പ്രാർത്ഥനയോടെ രൂപീകൃതമായി. ദേവാലയത്തിൽ പ്രാർത്ഥനകൾക്ക് സൗകര്യം ലഭിക്കുന്നതുവരെ മാസത്തിലെ മൂന്നാം വെള്ളിയാഴ്ച്ച ഓരോ അംഗങ്ങളുടെ ഭവനത്തിൽ വയ്ച്ചു വൈകിട്ട് 7.30മുതൽ Legion of Mary പ്രിസീദിയം കൂടുവാൻ തീരുമാനിച്ചു. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കമ്മറ്റിയെ തിരഞ്ഞെടുത്തു.

### ലീജിയൻ ഓഫ് മേരിയുടെ ആദ്യ കമ്മറ്റിയുടെ ഭാരവാഹികൾ

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി മോളി ഏബ്രഹാം |
| വൈസ് പ്രസിഡന്റ് | : | ശ്രീമതി സാലമ്മ സൈമൺ |
| സെക്രട്ടറി | : | ശ്രീമതി ജെസ്സി രാജൻ |
| ട്രഷറർ | : | ശ്രീമതി ലിസി ബാബു |

സമൂഹം പ്രാവർത്തികമാക്കികൊണ്ടിരുന്ന വിവിധ പരിപാടികളിൽ ശുഷ്കാന്തിയോടെ പങ്കെടുക്കുകയും രോഗീ സന്ദർശനം, ആഘോഷങ്ങളിൽ കുട്ടികളെ പ്രോത്സാഹിപ്പിക്കുക, പരിപാടികൾക്കുവേണ്ടി പരിശീലിപ്പിക്കുക, ആദിയായ പ്രവർത്തനങ്ങൾക്ക് മുൻകൈ നൽകി. കമ്മറ്റി അംഗങ്ങളുടെ നേതൃത്വത്തിൽ അംഗങ്ങളുടെ ഭവനങ്ങളിൽ വയ്ച്ച് മുടക്കം കൂടാതെ പ്രിസീദിയം നടത്തി വന്നു. 2001 ഡിസംബറിൽ ഒരു വർഷം പൂർത്തിയാക്കിയ കമ്മറ്റിയുടെ വാർഷിക മീറ്റിംഗിൽ 2002-ലെ ഭാരവാഹികളെ, തിരഞ്ഞെടുത്തു.

അംഗങ്ങളുടെ ഇടയിൽ മരിയ ഭക്തി ഉളവാക്കുവാൻ സഹായകമായ വിവിധ പരിപാടികൾക്ക് തുടക്കം കുറിച്ചു. ജീവ കാരുണ്യ പ്രവർത്തനങ്ങളുടെ ധനസമാഹരണത്തിനായി ആരംഭിച്ച രക്തദാന ശിബിരത്തിൽ പങ്കാളികളായി. 2002 ഒക്ടോബർ മാസം ജപമാലയുടെ മാസമായിട്ടു വിശുദ്ധ ജോൺ പോൾ മാർപ്പാപ്പ പ്രഖ്യാപിച്ചതനുസരിച്ചു ഭവനങ്ങളിലും ഏരിയാ കൂട്ടായ്മകളിലും മാസം മുഴുവൻ മുടക്കം കൂടാതെ ജപമാല ചൊല്ലുന്നതിനുള്ള ഏകോപനം നടത്തുകയുണ്ടായി.

മാതൃസമാജത്തിന്റെ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനോടനുബന്ധിച്ച് ബഹു. മാത്യു കണ്ടത്തിലച്ചന്റെ നിർദ്ദേശ പ്രകാരം 2011 ഒക്ടോബർ 20നു മീറ്റിംഗ് വിളിച്ചുകൂട്ടുകയും ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു.

| | |
|---|---|
| പ്രസിഡന്റ് | :ശ്രീമതി. കുഞ്ഞുമോൾ രാജൻ |
| വൈസ് പ്രെസിഡന്റ് | :ശ്രീമതി. സുജ ഫിലിപ്പ് |
| സെക്രട്ടറി | :ശ്രീമതി. ആൻസി ഫിലിപ്പ് |
| ജോയിന്റ് സെക്രട്ടറി | :ശ്രീമതി. മിനി ഷാജി |
| ട്രഷറർ | :ശ്രീമതി. അനു ജോൺ/ശ്രീമതി. മിനി പോൾസൺ |

മാസത്തിലെ രണ്ടാമത്തെ വെള്ളിയാഴ്ച വൈകിട്ട് 7 മണി മുതൽ 8 വരെ റൂം നമ്പർ 6ൽ വയ്ച്ചു പ്രാർത്ഥനകൾ നടത്തിവന്നിരുന്നു. പിൽക്കാലത്ത് വിശുദ്ധ കുർബാനയുടെ സമയം പുനഃക്രമീകരിച്ചപ്പോൾ മാസത്തിലെ നാലാമത്തെ വെള്ളിയാഴ്ചയും 2021 മുതൽ ഞായറാഴ്ച്ചയും വൈകിട്ട് 6 മണി മുതൽ 7 മണി വരെ റൂം നമ്പർ 3ൽ വച്ച് നടത്തപ്പെടുന്നു.

മാതൃസമാജത്തിന്റെ ആഭിമുഖ്യത്തിൽ വിവിധങ്ങളായ കർമ്മപദ്ധതികൾ നടത്തി വരുന്നു..

### സഭാ ശുശ്രൂഷകളിലെ പങ്കാളിത്തം

സമൂഹത്തിന്റെ ആരംഭകാലം മുതൽ പ്രാർത്ഥനയിൽ അധിഷ്ഠിതമായ പ്രവർത്തങ്ങളിലൂടെ വിവിധ സഭാ ശുശ്രൂഷകളിൽ താല്പര്യപൂർവ്വം പങ്കെടുക്കുന്നു. ദിവ്യ കാരുണ്യ ആരാധന, വണക്കമാസ പ്രാർത്ഥനകൾ ക്രമീകരിക്കുക, എട്ടു നോമ്പ് സമാപനത്തിൽ ദേവാലയത്തിലെ പ്രദക്ഷിണത്തിനു നേതൃത്വം വഹിക്കുക, നേർച്ച ക്രമീകരണം, മാർ ഈവാനിയോസ് ദിന പ്രാർത്ഥനാവാരത്തിനു നേതൃത്വം, മാതൃദിനത്തിലെ വിശുദ്ധ കുർബാനയിൽ ഗായകസംഘ ശുശ്രൂഷ, ദുഃഖവെള്ളിയാഴ്ചയിലെ കഞ്ഞി വിതരണം, വിശുദ്ധ കുർബാനയിൽ കാണിക്ക ശേഖരണം ആദിയായ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം വഹിക്കുന്നു. അതോടോപ്പം അഭിവന്ദ്യ പിതാക്കന്മാരുടെ യു എ ഇ സന്ദർശന വേളകളിൽ മാതൃസമാജത്തിന്റെ നേതൃത്വത്തിൽ സ്വീകരണവും ആദരവും മാതൃസമാജ അംഗങ്ങളുമായുള്ള കൂടിക്കാഴ്ചയും നടത്തപ്പെടുന്നു.

സമൂഹത്തിൽ ഉൾച്ചേർന്ന് വിവിധ കർമ്മപരിപാടികൾ ആവിഷ്ക്കരിച്ചു നടത്തുക എന്ന ലക്ഷ്യത്തോടെ MCCL Children's Day, Father's Day, Nurses Day-ദിനങ്ങളോട് അനുബന്ധിച്ചു ആശംസാ കാർഡ് നൽകുക,ആദരസൂചകമായി ആശംസ സന്ദേശങ്ങൾ അടങ്ങിയ വീഡിയോ പ്രകാശനം ചെയ്യുക, ഓണാഘോഷത്തിന്റെ ഭാഗമായി പായസവിതരണം, മലങ്കര ദിന / പ്രതിനിധി സമ്മേളനം /

www.malankaralibrary.com

മാർ ഗ്രീഗോറിയോസ് ദിനം തുടങ്ങിയവയിൽ വിവിധ ചുമതലകൾ വഹിക്കുക എന്നിവ നടത്തി വരുന്നു.

2011-ൽ പുനരാരംഭിച്ച മാതൃസമാജത്തിൽ കൂടുതൽ സ്ത്രീകളുടെ പങ്കാളിത്തം ലക്ഷ്യമാക്കി എല്ലാ പ്രാർത്ഥനാ കൂട്ടായ്മകളിലും 2018-ൽ യൂണിറ്റ് തുടങ്ങുകയുണ്ടായി. വിശേഷ അവസരങ്ങൾ ഒഴിച്ച് ഓരോ മാസത്തിലെയും പ്രാർത്ഥനകൾ നടത്തുവാൻ യൂണിറ്റുകളെ ചുമതലപ്പെടുത്തി.

### ആദ്ധ്യാത്മിക നവീകരണം

വിശുദ്ധ ഗ്രന്ഥ അപഗ്രഥനത്തോടൊപ്പം, ആധുനിക കാലഘട്ടത്തിലെ ഗാർഹിക സാമൂഹിക ആദ്ധ്യാത്മിക ജീവിത മേഖലകളിലെ വിവിധങ്ങളും കാലാനുസൃതവുമായ വിഷയങ്ങളും അന്തർദേശീയ വനിതാ ദിനം പോലെയുള്ള പ്രത്യേക ദിനങ്ങളോട് അനുബന്ധിച്ചും സെമിനാറുകളും പ്രഭാഷണങ്ങളും സംഘടിപ്പിച്ചു വരുന്നു. വിവിധ കാലങ്ങളിൽ സന്ദർശിച്ചിട്ടുള്ള വൈദീകരും പ്രശസ്തരായ വ്യക്തികളും ഈ മീറ്റിംങ്ങുകളിൽ പങ്കെടുത്തു പ്രഭാഷണം നടത്തുന്നു.

കോവിഡ് കാലഘട്ടത്തിൽ ഓൺലൈൻ വഴിയായി മദ്ധ്യസ്ഥ പ്രാർത്ഥനകൾ/സെമിനാറുകൾ സംഘടിപ്പിച്ചതിനോടോപ്പം വലിയ നോമ്പ്, മാർ ഈവാനിയോസ് ഓർമ്മപ്പെരുന്നാൾ, എട്ടുനോമ്പ് തുടങ്ങിയ പ്രത്യേക അവസരങ്ങളിൽ സമൂഹത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പ്രാർത്ഥനകളിൽ മാതൃസമാജം സ്വന്തം നിലയിലും മറ്റു ഭക്തസംഘടനകളുമായി ചേർന്നും പ്രാർത്ഥനയിൽ ഭാഗവാഹിത്വം വഹിച്ചു.

സഭയുടെ ആരാധനാക്രമവും പരിശുദ്ധ കുർബാനയും, പരിശുദ്ധ അമ്മയുടെ മഹത്വം, സഭാ പിതാക്കന്മാരുടെ ചിന്തകളും ദർശനങ്ങളും തുടങ്ങിയ വിഷയങ്ങളിൽ അംഗങ്ങളിൽ ആഴത്തിലും വ്യാപ്തിയിലും അവബോധം സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടെ 8 സെഷനുകളിലായി വെബിനാർ നടത്തുകയുണ്ടായി.

2021 ഓഗസ്റ്റ് 14നു ആരംഭിച്ച് ഡിസംബർ 4നു സമാപിച്ച സെഷനുകളിൽ റെവ.ഫാ.ജോസഫ് മലയാറ്റിൽ, റെവ.ഡോ.ജോളി കരിമ്പിൽ, റെവ.ഫാ. ജോസഫ് പൂവത്തുംതുറയിൽ, വന്ദ്യ റെവ. ഡോ കുര്യാക്കോസ് തടത്തിൽ എന്നിവർ സെഷനുകൾ നയിച്ചു. ഡിസംബർ 10നു നടന്ന സമാപനത്തിൽ അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് സന്നിഹിതനായിരുന്നു. ഈശോയുടെ സ്നേഹത്താലും പരസ്പര സ്നേഹത്താലും ബന്ധിതരായിക്കുന്ന നമ്മുടെ സമൂഹ അംഗങ്ങളുടെ പ്രാർത്ഥനാ നിയോഗങ്ങൾ മാതൃസമാജ അംഗങ്ങൾ ഒന്ന് ചേർന്ന് പ്രാർത്ഥിക്കുന്നതിനായി Intercessory Ministry പ്രവർത്തിച്ചു വരുന്നു.

### ജീവകാരുണ്യ പ്രവർത്തനങ്ങൾ

സമൂഹത്തിൽ വിവിധങ്ങളായ വിഷമാവസ്ഥകളിലൂടെ കടന്നു പോകുന്നവരിലേക്കു എത്തിച്ചേർന്നു സാധ്യമാകുന്നടത്തോളം സഹായഹസ്തം നൽകി ആശ്വാസമാകുവാൻ മാതൃസമാജം ബദ്ധശ്രദ്ധരാണ്. 2005-ൽ നമ്മുടെ സമൂഹാംഗത്തെ അദ്ദേഹത്തിന്റെ രോഗാവസ്ഥയിൽ സഹായിച്ചതിലൂടെ ആരംഭിച്ച ജീവ കാരുണ്യ പ്രവർത്തനങ്ങൾ സമൂഹാംഗമായ ക്യാൻസർ രോഗ ബാധിതയായ സഹോദരിയുടെ ചികിത്സയുടെ വിവിധ ഘട്ടങ്ങളിൽ നൽകിയത് ഉൾപ്പെടെ അനേകരുടെ ജീവിതങ്ങളെ ഒരുപരിധി വരെയെങ്കിലും സ്പർശിക്കുവാൻ സാധിച്ചു.

സമൂഹത്തിന്റെ ജൂബിലിയോടനുബന്ധിച്ച് നിർധനരായ 3 പെൺകുട്ടികൾക്ക് വിവാഹ സഹായ നിധി നൽകുന്നതിൽ ഒരാളുടെ സഹായനിധി മാതൃസമാജം നൽകുന്നു.

ജീവകാരുണ്യ പ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്കു വഹിക്കണമെന്ന ലക്ഷ്യത്തോടെ പ്രവർത്തനങ്ങളുടെ ധനശേഖരണാർത്ഥം ആദ്യമായി ഭക്ഷ്യമേള 2012 ഫെബ്രുവരിയിൽ സംഘടിപ്പിച്ചു. തുടർന്ന് നിശ്ചിത ഇടവേളകളിൽ, സമാജ അംഗങ്ങൾ മുൻകൈ എടുത്ത്, കേരളീയരുടെ ഇഷ്ട വിഭവങ്ങൾ സ്വന്തം ഭവനങ്ങളിൽ പാചകം ചെയ്തു സമൂഹാംഗങ്ങളിൽ വിൽപ്പന നടത്തി ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുള്ള തുകയുടെ മുഖ്യ പങ്ക് സമാഹരിക്കുന്നു.

### കലാപരിപാടികൾ / വിനോദങ്ങൾ

സമൂഹത്തിന്റെ വാർഷികാഘോഷ ദിനമായ മാർ ഗ്രീഗോറിയോസ് ദിനത്തിൽ Candle Dance, Musical Skit, Bridal Dance, Couple Dance ആദിയായ വൈവിധ്യങ്ങളായ കലാപരിപാടികൾ അവതരിപ്പിച്ചു വരുന്നു. യു എ ഇ തലത്തിൽ നടത്തിയിരുന്ന മലങ്കരദിന ആഘോഷങ്ങളിൽ മാതൃസമാജത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ പരിപാടികൾ അവതരിപ്പിച്ചു വരുന്നു.

2018 ഏപ്രിൽ URF World Record-ന്റെ ഭാഗമായി എം സി വൈ എം ന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച മാർഗ്ഗം കളിയിൽ ശ്രദ്ധേയമായ പങ്കു വഹിച്ചു 250-ൽ പരം പേരെ സമൂഹത്തിന്റെ ആഭിമുഖ്യത്തിൽ അണിനിരത്തുവാൻ സാധിച്ചു. 2023 മേയിൽ അംഗങ്ങൾക്കായി Meraki 2023 Talent Competition സംഘടിപ്പിച്ചു.

മാതൃസമാജത്തിന്റെ നേതൃത്വത്തിൽ വേദപഠന ക്ലാസ്സുകളിലെ കുട്ടികൾക്കായി 2012 മാർച്ചിൽ സബീൽ പാർക്കിൽ വച്ചു പിക്നിക് നടത്തുകയുണ്ടായി. 2013 ജനുവരിയിൽ മാതൃസമാജത്തിലെ കുടുംബങ്ങളെ ഉൾപ്പെടുത്തി ആദ്യമായി ഖോർഫക്കാനിലേക്ക് പിക്നിക് സംഘടിപ്പിച്ചു. 20 കുടുംബങ്ങൾ ഉൾപ്പെടെ 65 പേർ പങ്കെടുത്തു. 2020 ജനുവരി 3-നു സമാജ അംഗങ്ങൾക്കായി ദുബായ് തീരക്കടലിലൂടെയുള്ള Yatch യാത്ര സംഘടിപ്പിച്ചു. നവംബർ 5 2022-നു ക്രീക്ക് പാർക്കിൽ പിക്നിക് സംഘടിപ്പിക്കുകയും 40 ൽ പരം അംഗങ്ങൾ പങ്കെടുക്കുകയുമുണ്ടായി.

### കേന്ദ്ര സമിതിയിലെ പങ്കാളിത്തം

2019 സെപ്റ്റംബറിൽ മാതൃസമാജം കേന്ദ്ര സമിതി രൂപീകൃതമായതു മുതൽ കേന്ദ്ര സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന എല്ലാ കർമ്മപദ്ധതികളിലും ദുബായ് മാതൃസമാജം സജീവമായി പങ്കെടുക്കുകയും പിൻബലമായി പ്രവർത്തിക്കുകയും ചെയ്തു വരുന്നു. ശ്രീമതി സിന്നി ഷോണു കേന്ദ്രസമിതിയുടെ പ്രഥമ ജനറൽ സെക്രട്ടറി ആയി, 2019-2021 കാലയളവിലും നിലവിൽ പ്രസിഡന്റായും പ്രവർത്തിക്കുന്നു. കേന്ദ്ര സമിതിയിയുടെ ജനറൽ സെക്രട്ടറിയായി ശ്രീമതി ഷൈനി അജിത് ചുമതല നിർവഹിക്കുന്നു.

### ഇടവക കമ്മറ്റികളിലെ പ്രാതിനിധ്യം

മാതൃസമാജ രൂപീകരണകാലം മുതൽതന്നെ സമൂഹത്തിന്റെ ഭരണ സമിതികളിൽ പ്രാതിനിധ്യം നല്കപ്പെട്ടുവന്നിരുന്നു. ശ്രീമതി കൊച്ചുറാണി നൈനാൻ, ശ്രീമതി.മോളി ജോസഫ്, ശ്രീമതി. മോളി ഏബ്രഹാം, . ശ്രീമതി സൂസൻ പണിക്കർ, ശ്രീമതി ഡെയ്സി ഏബ്രഹാം, ശ്രീമതി കുഞ്ഞുമോൾ രാജൻ, ശ്രീമതി സിന്നി ഷോണു, ശ്രീമതി ഉഷസ്സ് ഷോജി എന്നിവർ മാതൃസമാജത്തിന്റെ പ്രതിനിധികളായും, മാതൃസമാജ അംഗങ്ങളായ ശ്രീമതി മിനി പോൾസൺ, ശ്രീമതി ആൻസി ഫിലിപ്പ് എന്നിവർ വനിതാ പ്രതിനിധികളായും വിവിധ കാലയളവുകളിലെ ഭരണസമിതികളിൽ പ്രവർത്തിച്ചു.

### ഉപസംഹാരം

സമൂഹത്തിന്റെ **പ്രീസ്റ്റ് ഇൻചാർജ്**, ബഹു. റെജി മനക്കലെത്തച്ചന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചു വിവിധ കർമ്മ പദ്ധതികൾ വിഭാവനം ചെയ്തു നടത്തി വരുന്നു.

165ൽ പരം അംഗങ്ങളുള്ള ദുബായ് മദേഴ്സ് ഫോറത്തിന് നിലവിൽ നേതൃത്വം നൽകുന്നത് ശ്രീമതി ഉഷസ്സ് ഷോജി (പ്രസിഡന്റ്), ശ്രീമതി ലിനു സുനിൽ (സെക്രട്ടറി) ഉൾപ്പെടെ 9 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയാണ്.

# Executive Committee (2022 - 2023)



**FR.DR.REJI VARUGHESE MANACKALETT** - President



**Biren Philip**
Vice President



**Bijo Babu**
Secretary



**Sunil Thomas**
Treasurer



**Juby Varghese**
Joint Secretary



**Johnson P.M**
Joint Treasurer

# First DMCC Executive Committee (1998-2000)



**K.V John**
President



**V.S Varghese**
Vice President



**Paulson Manapurathu**
Secretary



**Chacko Panicker**
Treasurer



**Thomas Mathew Chamakkala**
Committee member



**Mathew Abraham**
Committee member



**Late K. V Joseph,**
Committee member

www.malankaralibrary.com



MALANKARA SYRIAN CATHOLIC COMMUNITY
DUBAI COMMITEE (2022 - 2023)



SOUVENIR COMMITEE

www.malankaralibrary.com



## Silver Jubilee Committee



## Malankara Catholic Children's Leage (MCCL) Executive Committee

www.malankaralibrary.com



MALANKARA CATHOLIC TEACHER'S FORUM (MCTF)



MALANKARA CATHOLIC YOUTH MOVEMENT (MCYM) EXECUTIVE COMMITTEE

www.malankaralibrary.com



## Malankara Catholic Mother's Forum (MCMF) Executive Committee



## NURSES MINISTRY

www.malankaralibrary.com



ST. ALPHONSA PRAYER GROUP, DEIRA



ST. GEORGE PRAYER GROUP, INTERNATIONAL CITY

www.malankaralibrary.com



MAR GREGORIOS PRAYER GROUP, AL NADHA



ST. JOSEPH PRAYER GROUP, SATWA- BURDUBAI

www.malankaralibrary.com



ST. JUDE PRAYER GROUP, AL SHAAB, HOR AL ANZ



ST. MARY'S PRAYER GROUP, MUWAILAH-SONAPUR

www.malankaralibrary.com



ST. PAUL'S PRAYER GROUP, AL QUSAIS



ST. PETER PRAYER GROUP, KARAMA



ST. THOMAS PRAYER GROUP, AL QUOZ



SYRO MALANKARA CATHOLIC COMMUNITY - JEBEL ALI

www.malankaralibrary.com



**JUNIOR CHOIR**



**SENIOR CHOIR**

www.malankaralibrary.com

# EXTRA ORDINARY MINISTERS OF HOLY COMMUNION



GEORGE VARGHESE



SUNIL JACOB ABRAHAM



LINDO THOMAS



## ALTER SERVERS

www.malankaralibrary.com



## Malankara Catholic Children's League (MCCL)



## Malankara Catholic Youth Movement (MCYM)

www.malankaralibrary.com



**Malankara Catholic Mother's Forum (MCMF)**

Memories



DMCC Memebers with
**Rev Fr. Chacko Mannicheril OFM Cap. in 2001**

www.malankaralibrary.com

## Jubilee Homes (Mar Gregorios Bhavan)



Ayiroor, Thiruvalla Archdiocese



Puthukulam, Pathanamthitta Diocese

# ഗാനം



## സ്വർഗ്ഗവനിയിലെ മലങ്കരസഭ

രചന - സുമോദ് ചെറിയാൻ | രാഗം - ഹംസധ്വനി

ഗപാ ഗപാ, ഗപ സനി പാ,
നിസാ നിസാ, നിസ ഗരി സാ,(2)
രിഗരിസ നിരിസനി പനിപഗ രിഗപനി

നിറവായ്...നിറവായ്
ഈ രജത ജൂബിലി വേളയായ്
ഇരു കൈകളും നിറ താലമായ്
നറു ദീപ മെരിയും തിരിനാളമായ്
പകർന്നിടാം ഒളിതൂകിടാം
മലങ്കര സഭയുടെ ചൈതന്യ ശോഭ(2)

//ആഗതമായ് ഇന്നീ സുദിനം
ആനന്ദ നിറവിൽ ഇന്നീ നിമിഷം
ആദരവായ് കൈകോർത്ത്
ആരവമോടെ പാടുന്നു ജൂബിലി ജൂബിലി//


മോദം സാമോദം ആത്മഹർഷം
നിറയുന്ന ചൈതന്യ ശോഭയിതാ
സ്വർഗ്ഗീയവാടി തൻ പൂമണമൊഴുകും
മലങ്കര സഭയുടെ നിറ നിമിഷം
ഹൃത്താരിൽ ഉണർവിൻ നിറ നിമിഷം (2)
ആഗതമായ്

അനന്തമീ മരുവിൽ വിലാസിതമായ്
മലങ്കരസഭ തൻ കുസുമ ദളങ്ങൾ
ഇരുളിൽ തെളിയും നിലാവ് പോൽ
ഒളി പകരും മലങ്കര സഭയിൽ
അണിചേരാം നിരനിരയായ്
മലങ്കര തണലിൽ ഒരുമനമായ്(2)

www.malankaralibrary.com

## ON THE SHINING ROAD OF SILVER

Alok Geo Amith (Grade11.)



As we approach the Silver Jubilee of our dear community, I would like to accentuate the influence that our community has had in moulding the character of many including my own. The impact our church has had in our lives is not trivial. The ambiance that lies in our community plays a significant role in turning us, subconsciously into the most superior versions of ourselves. The powerful faith displayed by our community goes an extensive path in the lives of those of the younger generation by helping them forge a strong spiritual bond with God and tenets of Catholic Church.

The catechism of our community has a strong effect in the lives of everyone who has attended the classes here. While our school teaches us what is for the world, our religious classes teach us what is for the faith and has had a profound impact in our Christian lives. Children are given opportunities after receival of the Holy Communion to join the Altar and support during Holy Mass and other church services. This instills within the boys a sense of confidence, humility, leadership and many other traits that will help in their daily lives.

All these showcase the great footprint the church has left in the lives of many in the last 25 years. As we approach our 25th Anniversary, we pray to celebrate many more years like this and for God to shower his blessings for our community for many more years of faith and joy.

*(Author of the Novel The Darkness and the Dawn, the book was released during Sharjah International Book Fair 2022)*

## 25 YEARS- A GRATITUDE JOURNEY

Grace Mariam Johnson



"Blessed are those who can give without remembering and receive without forgetting".

On the auspicious Jubilee of Syro Malankara Catholic Church, Dubai, I feel blessed to look back on how the church has contributed towards my growth and development. The Syro-Malankara Catholic Church has a rich cultural heritage that includes traditional music, art, and liturgical practices that reflect its unique identity within the Catholic Church.

The church has mould me in my personal beliefs, experiences, and level of involvement. From being a shy child, I was raised to a position of an orator. The church has taken efforts in building my foundation of spirituality, leadership, talents and made me realise the potential within myself. It has taught me to always rely on God and love one another.

At the age of 8, I was afraid to stand in the front rows for Qurbana but over the years, this church has brought me very close to God. Catechisms and retreats enhanced my knowledge, developed the special bond with God and deepened my understanding of religious teachings.

The various activities and competitions in our church paved the way to showcase my talents. This church opened me the platform to sing, dance, act, elocution and so on. It has helped me to install the confidence and courage throughout my life.

The valuable relationships from this community have developed and promoted behaviours like forgiveness, compassion, and generosity, which has led to personal growth in terms of emotional and interpersonal development.

Today being one among the leaders in my college, I am truly blessed and proud to proclaim that I belong to a magnificent spiritual community, The Syro-Malankara Catholic Church having 25 years of long journey which represents a vibrant and distinct Christian tradition within the larger Catholic Church, and it continues to play an important role in the religious and cultural life of the Christian community.

## Mother Theresa

Evan Joe Simon



Out of the nunnery she came,
Away from the parents and friends,
To Calcutta as a foreigner to make,
It her home to serve Jesus,

In orphans, street beggars and urchins,
And those who are thirsty and hungry,
In Slumdogs and the needy,
None other she found then Jesus,

Never was the reluctant,
To stretch her arm to others ,
for helpage for the inmates,
Of her orphanage,

Pleasant was she always,
To wash and clean the wounds and sores,
And lead a dyeing for a peaceful end,
For her most humble attire and diet,

Yes, she is a saint in heaven,
Our mother Theresa is a saint ,
Not in Calcutta alone, but all over the world,
Because "Manavaseva Madhyavapooja"
(Mathew 25:40)

## Resilience

**Rhea Robert**



A strength so marvellous and true,
That lies deep inside of you,
It makes you open your heart to see,
What you can truly be.

It recognizes your potential,
And knows it is essential,
Though you might feel it out of reach,
There is always a lesson to teach.

After all these challenges, after all these days,
I'm still here,
And I know success is near,
Because I stood strong in the face of fear.

We overcome our hitches,
We overcome the troubles we face
We are showered with riches,
All because we showed resilience and grace.

www.malankaralibrary.com


Genelia Maria Lijo


Remya Treesa Paulson



Angela Shinmon




Bennet-Bijo



Juan Simon




Angelina Anna Blessen



Steve Sunil Jacob



Alvin Rajan Mathew


Rishon Sunil Jacob


Diya Deepu

www.malankaralibrary.com

# കൂടെ നടക്കാം ശക്തിപെടുത്താം

Dr.Lincy Catherine Victor - MCMF Dubai



നാം ഒറ്റക്കായിരിക്കുന്നതിനേക്കാൾ ശക്തി മറ്റൊരാൾ കൂടെയുള്ളപ്പോൾ നമുക്കത് അനുഭവപ്പെടുന്നു. ദുർബലനാകുന്ന ഒരു മനുഷ്യനെ ഒരു സ്പർശം കൊണ്ടോ ഒരു ആശ്ലേഷം കൊണ്ടോ ശക്തിപ്പെടുത്തുമ്പോൾ അവൻ കൂടെയിരിക്കുകയാണ്. പരസ്പരമുള്ള ശക്തിപ്പെടുത്തലിന്റെ ഒരു രൂപമാണ് കൂടെ നടക്കൽ.

ശാരീരികവും മാനസികവും ആത്മീകവുമായ കുറവുകളുള്ളവരാണല്ലോ നാമോരോരുത്തരും. എന്നാൽ ശാരീരികമായ ദൗർബല്യമുള്ളവരോട് കൂടെ നാം നടക്കുമ്പോൾ അവർക്കുള്ള കുറവുകളെ പരിഹരിക്കാൻ ആ കുറവ് ഇല്ലാത്തവർക്ക് സാധിക്കണം. അതുപോലെതന്നെ രോഗികളായവർക്ക് സൗഖ്യം പകരാൻ ഡോക്ടർമാർ, നഴ്സുമാർ, ആധ്യാത്മിക ഉപദേശകർ കൂടെ നടക്കാൻ ഉള്ളപ്പോൾ അവരും ശക്തി സംഭരിക്കുന്നു, ശക്തീകരിക്കപ്പെടുകയും ചെയ്യുന്നു. നമുക്കുള്ളത് മറ്റുള്ളവരുമായി പങ്കുവയ്ക്കാനുള്ള ഏറ്റവും വലിയ അവസരമാണ് ആ ആളുകളുമായുള്ള സഹവാസവും സഹയാത്രയും. കൂടെ നടന്നാൽ വഴിതെറ്റിപോകുന്നവർക്ക് ശരിയായ മാർഗം കാണിക്കാൻ സാധിക്കും. മാത്രമല്ല ഫലപ്രാപ്തി ഉണ്ടാവുകയും ചെയ്യും. ഇതിനുള്ള ശക്തി ഉന്നതത്തിൽ നിന്നാണ് നാം സംഭരിക്കുന്നത് വി.ത്രിത്വ കൂട്ടായ്മയിൽ വസിച്ചുകൊണ്ട് തന്നെ. 'പാപം അറിയാത്തവൻ, പാപികളായ നമുക്ക് വേണ്ടി പാപമായി' (2 കോറി 5:21). അതാണ് ദൈവീക കരുണയുടെ അനന്തമായ മഹത്വം.

സഹോദരങ്ങളെ, ക്രിസ്തുവിന്റെ കുരിശിൽ നിന്നും നാം പഠിക്കുന്നത് സ്നേഹമാണ് വിദ്വേഷമല്ല, സഹതാപമാണ് നിസ്സംഗതയല്ല, ക്ഷമയാണ് പകയല്ല. അതിനാൽ സുവിശേഷമേകുന്നവരാകാം! സുവിശേഷമാകുന്നവരാകാം .

കവിത

# അമ്മ



ടീന എസ് ബാബു

ദൈവജനനി പോൽ അത്ഭുതം

എനിക്ക് എൻ അമ്മ ക്ഷീണമോ
തളർച്ചയോ രോഗമോ ഇല്ലാത്തവൾ അവൾ

ജനനം മുതൽ ഇതുവരെ നിഴൽ പോൽ
എൻ ചാരെ നിന്നവൾ

ആവശ്യങ്ങൾ എല്ലാം നിറവേറ്റി

എൻ ജീവിതം നേർവഴിക്കാക്കിയവൾ

വിദൂരമാം ആശകൾ അകലെയല്ല
എന്നോർമ്മിപ്പിച്ചവൾ

തൻ സുഖവും സന്തോഷവും മക്കൾക്ക്
ദാനമായി നൽകിയവൾ

എൻ അമ്മ... അമ്മേ... നിന്നെപ്പോൽ
ആകുക സാധ്യമോ?

ഒരായിരം നന്ദി..

# Listen GEN Z Generation!!!



LIJU THOMAS

Listen children!
There was a world before you!
That Experience
Is never going to come back for you!

Life was a little harder!
Not Easy as it is for you!
It was manual!
Not 5g as it is for you!

Listen children!
There was a world before you!

Childhood was open in streets
Not inside the flats as for you!
Rains were enjoyed in the full spirit
Not from the window as like you!

The gang of friends waited for the playground
Not for the PUB-G as like you!
Soil and mud were part of the life
As the mobile phone is for you!

Listen children!
There was a world before you!

Computers were a marvel then
As Rolls-Royce is for you!
Internet found in internet cafes
Not in every corner like you!

Chetak scooter was a family transport
Exactly like a 5 seater car for you!
Limited space made the family close
Not in a one hand distance as like you!

Listen children!
There was a world before you!

Mould of homes and Ice cream tring- trings
Is never known to you!
It were some amazing innocent pleasures
Replaced by the digital means of you!

Television time with the family was gratifying
That is rare for you
Enjoyment of the music programs and one film in a week
Replaced by the Netflix shows of you!

Listen children!
There was a world before you!

Running through the Fields
Football in rains
Cycling with the friends
Made the loneliness away!

Depression was an unknown thing
As surroundings were full
Company and compassion were a little more
Bucket of love was full

Listen children!
Technology will make your way for dreams
Never forget
Don't lose yourself while chasing your dreams!

Listen Children!
Without the Automation, that world was beautiful!
But it never changes the fact
This cyber world is also beautiful!

www.malankaralibrary.com

# കരുണയുടെ വിത്തുകൾ

ആൻസി ഫിലിപ്പ്



കുന്നുകളാൽ ചുറ്റപ്പെട്ട ഒരു താഴ്വരയിൽ സ്ഥിതി ചെയ്യുന്ന ബഥേൽ എന്ന ചെറിയ ഗ്രാമത്തിൽ, ജോസഫ് എന്നു പേരുള്ള ഒരു കർഷകൻ താമസിച്ചിരുന്നു. കഠിനാധ്വാനത്തിനും അർപ്പണബോധത്തിനും ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസത്തിനും അദ്ദേഹം പ്രശസ്തനായിരുന്നു.

ഒരു വേനൽക്കാലത്ത്, സൂര്യന്റെ ചൂട് വയലുകളെ ചുംബിച്ചപ്പോൾ, ബഥേലിലൂടെ യാത്രക്കാരുടെ ഒരു കുടുംബം കടന്നുപോകുന്നത് ജോസഫ് ശ്രദ്ധിച്ചു . അവരുടെ വസ്ത്രങ്ങൾ കീറിപ്പറിഞ്ഞും കണ്ണുകൾ ഭാരപ്പെട്ടും ഇരിക്കുന്നതായി കാണപ്പെട്ടു. ഊഷ്മളമായ പുഞ്ചിരിയോടെ ജോസഫ് അവരെ സമീപിച്ച് തന്റെ സഹായം വാഗ്ദാനം ചെയ്തു. അവരെ അഭിവാദ്യം ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു. ' നിങ്ങൾ ഒരു യാത്രയിലാണെന്ന് ഞാൻ മനസ്സിലാക്കുന്നു. നിങ്ങൾക്ക് വിശ്രമമോ ഭക്ഷണമോ ആവശ്യമാണെങ്കിൽ, എന്റെ വീട് നിങ്ങൾക്കായി തുറന്നിരിക്കുന്നു.' അയാളുടെ ഉദാരതയോടെയുള്ള വാഗ്ദാനം നന്ദിയോടെ ആ കുടുംബം സ്വീകരിച്ചു. ഒരു മരത്തണലിൽ അവർ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ, അവരുടെ കഷ്ടപ്പാടുകളെക്കുറിച്ചും മെച്ചപ്പെട്ട ജീവിതത്തിനായുള്ള അവരുടെ വെല്ലുവിളികളെ കുറിച്ചും ജോസഫ് മനസ്സിലാക്കി. അവരുടെ കഥകൾ കേട്ട ജോസഫിന് അഗാധമായ അനുകമ്പ തോന്നി.

ദിവസങ്ങൾ ആഴ്ചകളായി, യാത്രക്കാർ ജോസഫിന്റെ സ്വന്തം കുടുംബത്തിലെ അംഗങ്ങളായി. വയലിൽ അധിക സമയം ചെലവഴിക്കേണ്ടിവന്നാലും അവർക്ക് സുഖപ്രദമായ താമസം ഉറപ്പാക്കാൻ അദ്ദേഹം അശ്രാന്ത പരിശ്രമം നടത്തി. ജോസഫിന്റെ ആതിഥ്യമര്യാദയിലും അനുകമ്പയിലും പ്രചോദനം ഉൾക്കൊണ്ട് ഗ്രാമവാസികൾ അദ്ദേഹത്തിന്റെ പ്രവർത്തികളെ ആദരവോടെ നിരീക്ഷിച്ചു.

ഒരു നല്ല സായാഹ്നത്തിൽ, യാത്രക്കാർ ജോസഫിനൊപ്പം ഒത്തുകൂടിയ വേളയിൽ അവർ അവന്റെ ഔദാര്യത്തോടുള്ള പ്രവർത്തിയെക്കുറിച്ച് സംസാരിക്കുകയും അവന്റെ അചഞ്ചലമായ വിശ്വാസത്തെക്കുറിച്ച് അവനോട് ചോദിക്കുകയും ചെയ്തു. ജോസഫ് പുഞ്ചിരിച്ചുകൊണ്ട് തന്റെ പ്രവർത്തനങ്ങൾക്ക് വഴികാട്ടിയായ ബൈബിളിൽ നിന്നുള്ള ഒരു ഭാഗം പങ്കുവെച്ചു. 'എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ അത് ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തു തന്നത്' (മത്തായി 25:40). അദ്ദേഹം വിശദീകരിച്ചു. 'എത്ര ചെറുതാണെങ്കിലും, ദയയുടെ ഓരോ പ്രവർത്തിയും മറ്റുള്ളവരെ സേവിച്ചുകൊണ്ട് ദൈവത്തെ സേവിക്കാനുള്ള അവസരമാണെന്ന് ഈ വാക്കുകൾ എന്നെ ഓർമിപ്പിക്കുന്നു. ഇത് മൂലം നമ്മിൽ മാറ്റമുണ്ടാക്കാൻ കഴിയുന്ന ദൈനംദിന നിമിഷങ്ങളുടെ എണ്ണം വർദ്ധിക്കുന്നു.

ജോസഫിന്റെ ജ്ഞാനവും ദയയും യാത്രക്കാരെ ആഴത്തിൽ സ്വാധീനിച്ചു. ജോസഫ് ഹൃദയത്തിൽ വിതച്ച കാരുണ്യത്തിന്റെ വിത്തുകളും വഹിച്ചുകൊണ്ട് അവർ യാത്ര തുടർന്നു. ഋതുക്കൾ മാറിയപ്പോൾ ജോസഫിന്റെ വയലുകൾ സമൃദ്ധമായി വിളവ് നൽകി. എന്നാൽ അദ്ദേഹത്തിന്റെ അധ്വാനത്തിന്റെ യഥാർത്ഥ ഫലം അദ്ദേഹം യാത്രക്കാരുമായി ഉണ്ടാക്കിയ ബന്ധവും ഗ്രാമീണരിൽ അദ്ദേഹം ജ്വലിപ്പിച്ച പ്രചോദനവുമായിരുന്നു.

ജോസഫിന്റെ കഥ ബഥേലിലുടനീളം വ്യാപിച്ച്, ജീവിക്കുന്ന ദൈവത്തിന്റെ പരിവർത്തന ശക്തിയുടെ സാക്ഷ്യമായി. വിശ്വാസം വെറുമൊരു പ്രകടനമല്ലെന്നും അത് പ്രാവർത്തികമാക്കാനുള്ള ജീവിതരീതിയാണെന്നും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ഗ്രാമീണരെ ഓർമിപ്പിച്ചു. ബഥേലിന്റെ ഹൃദയഭാഗത്ത്,ജോസഫ് നട്ടുപിടിപ്പിച്ച അനുകമ്പയുടെ വിത്തുകൾ വളർന്നുകൊണ്ടിരുന്നു. മറ്റുള്ളവരെ സ്നേഹത്തോടെയും ദയയോടെയും സേവിക്കുന്നതിന്റെ സൗന്ദര്യത്തെക്കുറിച്ച്, അവരെ കണ്ടുമുട്ടുന്ന എല്ലാവരെയും ഓർമിപ്പിക്കുവാൻ അതിനു സാധിച്ചു.



www.malankaralibrary.com



# ദൈവിക വിളിയും സേവനവും
## നഴ്സിംഗ് തിരുവെഴുത്തുകളാൽ പ്രചോദനം

Dr. Anu Blessen



നഴ്സിംഗ് പലപ്പോഴും ദൈവത്തിനുള്ള സേവനമായി വിശേഷിപ്പിക്കപ്പെടുന്നു. പലപ്പോഴും കരിയറുകൾ നമ്മെ വൈവിധ്യമാർന്ന പാതകളിലേക്ക് നയിക്കുന്ന ഒരു ലോകത്ത്, നഴ്സിംഗ് തൊഴിൽ ഒരു അതുല്യമായ വിളിയായി നിലകൊള്ളുന്നു.

'ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ പരിചരിച്ചു.' (വി. മത്തായി 25:36)

വി.മത്തായിയുടെ പുസ്തകത്തിലെ ഈ ശക്തമായ വാക്യം നഴ്സുമാരുടെ ഹൃദയത്തോട് നേരിട്ട് സംസാരിക്കുന്നു. രോഗികളെയും ദുർബലരെയും പരിചരിക്കുന്നതിനുള്ള അവരുടെ സമർപ്പണത്തിൽ, അനുകമ്പയുടെയും സേവനത്തിന്റെയും സന്ദേശം ഉൾക്കൊള്ളുന്നു. ദൈവത്തിന്റെ സ്നേഹത്തിന്റെയും കൃപയുടെയും വിപുലീകരണമായാണ് അവർ തങ്ങളുടെ പ്രവൃത്തിയെ കാണുന്നത്. ലോകത്തിൽ യേശുവിന്റെ കൈകളും ഹൃദയവും ആയിരിക്കാനുള്ള ഒരു വിളിയാണ് ഭൂമിയിലെ മാലാഖമാർ എന്നറിയപ്പെടുന്ന നഴ്സുമാരിലൂടെ നടത്തപ്പെടുന്നത്.

'നിന്നെപ്പോലെതന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക' (വി. മർക്കോസ് 12:31)

സ്നേഹത്തോടും വിനയത്തോടും കൂടി പരസ്പരം സേവിക്കാനുള്ള ബൈബിളിന്റെ ആഹ്വാനത്തെ പ്രതിധ്വനിപ്പിക്കുന്ന നഴ്സിംഗ് വളരെ ശ്രേഷ്ഠമായ ഒരു വിളിയായി കണക്കാക്കപ്പെടുന്നു. നഴ്സിങ്ങിന്റെ ദൈവിക ബന്ധത്തിന്റെ വേരുകൾ ആധുനിക നഴ്സിങ്ങിന്റെ സ്ഥാപകയായ Florence Nightingale നിന്ന് കണ്ടെത്താനാകും; ക്രിമിയൻ യുദ്ധസമയത്ത് ആരോഗ്യ സംരക്ഷണം മെച്ചപ്പെടുത്താനു ള്ള അശ്രാന്ത പരിശ്രമം, സാരാംശത്തിൽ, ദുരിതബാധിതരെ പരിപാലിക്കാനുള്ള ബൈബിൾ കൽപനയ്ക്കുള്ള പ്രതികരണമായിരുന്നു.

നഴ്സുമാർ, രോഗികളുമായും കുടുംബങ്ങളുമായും നടത്തുന്ന ദൈനംദിന ഇടപഴകലുകൾ, യേശുവിന്റെ അടിസ്ഥാന പഠിപ്പിക്കലുകളെ പ്രതിനിധീകരിക്കുന്നു. അവർ സേവിക്കുന്നവരുടെ ക്ഷേമം ഉറപ്പാക്കുന്നു. ഓരോ വ്യക്തികളോടും അവർ തങ്ങളോടുതന്നെ അർപ്പിക്കുന്ന അതേ സ്നേഹത്തോടും അനുകമ്പയോടും കൂടി പെരുമാറുന്നു.

"നിങ്ങളുടെ ജോലി എന്തുതന്നെയായിരുന്നാലും മനുഷ്യനെ യല്ല, ദൈവത്തെ സേവിക്കുന്നതുപോലെ ഹൃദയപരമാർഥതയോടെ ചെയ്യുവിൻ. നിങ്ങൾക്കു പ്രതിഫലമായി കർത്താവിൽനിന്ന് അവകാശം ലഭിക്കുമെന്ന് അറിഞ്ഞുകൊള്ളുവിൻ. കർത്താവായ ക്രിസ്തുവിനെത്തന്നെയാണല്ലോ നിങ്ങൾ ശുശ്രൂഷിക്കുന്നത്." (കൊളോസോസ് 3:23-24)

പല നഴ്സുമാരും തങ്ങളുടെ ജോലിയെ ദൈവത്തിനുള്ള അഗാധമായ സേവനമായി വീക്ഷിക്കുന്നു, തങ്ങൾ പരിപാലിക്കുന്ന ഓരോ വ്യക്തിയിലും ദൈവികത്വം തിരിച്ചറിയുന്നു. അവർ തങ്ങളെത്തന്നെ ദൈവത്തിന്റെ രോഗശാന്തിയുടെയും ആശ്വാസത്തിന്റെയും ഉപകരണങ്ങളായി കാണുന്നു, ആവശ്യമുള്ളവർക്ക് പ്രത്യാശയും ആശ്വാസവും നൽകുന്നു. തങ്ങളുടെ വേല ആരാധനയാണെന്നും, അവിടെ അവരുടെ എല്ലാ പരിചരണ പ്രവർത്തനങ്ങളും ദൈവത്തോടുള്ള ഉത്തരവാദിത്തമാണെന്നും അവർ വിശ്വസിക്കുന്നു.

'കരുണയുള്ളവർ ഭാഗ്യവാൻമാർ; അവർക്കു കരുണ ലഭിക്കും.' (വി. മത്തായി 5:7)

നഴ്സിങ്ങിന്റെ മൂലക്കല്ലുകളിൽ ഒന്ന് അനുകമ്പയും സഹാനുഭൂതിയും ആണ്. യേശുവിന്റെ പഠിപ്പിക്കലുകളിൽ ആഴത്തിൽ വേരൂന്നിയ സദ്ഗുണങ്ങൾ. നല്ല സമരിയാക്കാരനെപ്പോലെ നഴ്സുമാരും അപരിചിതരോട് അവരുടെ കഷ്ടപ്പാടുകളിൽ കരുണയും ദയയും കാണിക്കുന്നു. വേദന അനുഭവിക്കുന്നവർക്ക് കരുണയും രോഗശാന്തിയും നൽകിക്കൊണ്ട് നഴ്സുമാർ അവരുടെ പ്രവർത്തനങ്ങളിലൂടെ ദൈവത്തോടൊപ്പം ചേർന്നു നിൽക്കുന്നു.

വി. ബൈബിൾ അനുശാസനകളാൽ ആഴത്തിൽ പ്രചോദിതരായ നഴ്സുമാർ, ദൈവത്തോടുള്ള ഒരു ദൈവിക വിളിയും സേവനവും ഉൾക്കൊള്ളുന്നു. നഴ്സുമാരുടെ അർപ്പണബോധവും അനുകമ്പയും നിസ്വാർത്ഥതയും ശരീരത്തെ സുഖപ്പെടുത്തുക മാത്രമല്ല ആത്മാക്കളെ സ്പർശിക്കുകയും ചെയ്യുന്നു. ഈ സമർപ്പിത വ്യക്തികൾ നമ്മുടെ ജീവിതത്തിലും സമൂഹത്തിലും ലോകത്തിലും ചെലുത്തുന്ന അഗാധമായ സ്വാധീനം നമുക്ക് തിരിച്ചറിയാം. നമുക്കിടയിലെ നഴ്സുമാരെ നമുക്ക് ചേർന്നു നിർത്താം. നഴ്സിംഗ് തീർച്ചയായും ദൈവത്തിൽ നിന്നുള്ള ഒരു വിളിയും മനുഷ്യരാശിക്കുള്ള ഒരു വിശുദ്ധ സേവനവുമാണ്. ■

www.malankaralibrary.com

# EVENTS OF DMCC



www.malankaralibrary.com



www.malankaralibrary.com

# Memorable Days

| | |
|---|---|
| 1998 Feb 27 | Holy Qurbono by Rt.Rev.Geevarghse Mannikkarottu Cor Episcopo |
| 1998 Mar 6 | Formation of the Community |
| 1998 Dec 18 | First Get-together |
| 2000 Feb 18 | Monthly prayer meeting started in Church |
| 2000 Aug | Visit of Dr. John Berchman's, Co-ordinator of ETRI |
| 2000 Oct 20 | First Picnic to Fujairah-Khorfakkan |
| 2000 Oct 13 | Formation of Vincent De Paul Society Unit |
| 2000 Dec | Christmas Carol visit to homes |
| 2001 Jan | Fr. Chacko Mannisseril OFM.Cap arrived. (Holy Qurbono once in Three months) |
| 2001 Jan | First Blood Donation at Al Wasl Hospital |
| 2001 Jan 19 | Formation of Legion of Mary/ Mathrusamajam |
| 2001 Aug 30 | Celebration of Onam |
| 2002 Jun 7 | Formation of MCYM Unit |
| 2003 Feb 17 | Arrival of Fr. Jerome Peedikaparambil OIC - The First Chaplain |
| 2003 Apr 18 & 20 | Good Friday Service & Easter Serve held for the first time |
| 2003 May 22 | Start of monthly Holy Qurbono – 4th Thursday of every month |
| 2004 Jun | Fr.Jerome's departure to Kerala |
| 2004 Sep 28 | Fr. Mathai Iranathara has taken charge of the Community as Second Chaplain. |
| 2004 Oct | Printed First Edition of Directory of the Community. |
| 2005 Dec 21 | Fairwell to Fr. Mathi Iranathara & Welcoming to Fr.Peter Kadamancodu OIC as the Third Chaplain |
| 2007 Dec 23 | Visit of Moran Mor Baselios Cleemis Catholicos to Dubai Community as part of Malankara Sanghamam |
| 2008 Dec 19 | Episcopal Visit by H.E. Jacob Mar Barnabas in Jebel Ali |
| 2008 Dec | Printed 2nd Edition of Directory of the Community |
| 2009 Dec 20 | Episcopal Visit by H.E. Joshua Mar Ignathios |
| 2010 Dec | Episcopal Visit by Geevarghese Mar Divannasios |
| 2011 Jun 23 | Farewell to Fr. Peter Kadamancodu OIC and Welcoming Fr. Mathai Kandathil as the 4th Chaplain |
| 2011 Sept 1 | Started Daily Prayer for 8 days on Eight Days Nomb. |
| 2011 Oct 13 | Start of Catechism Classes |
| 2011 Oct 29 | Resumption of Mathrusamajam |
| 2011 Dec 22 | Episcopal Visit by H.G Archbisop Thomas Mar Koorilos |
| 2012 Jan 20 | Resumption of MCYM |
| 2012 March | Start of Weekly Holy Qurbono on Fridays |
| 2013 Jan 4 | Episcopal Visit of H.E. Vincent Mar Paulose |
| 2013 Jan | Printed 3rd Edition of the Directory of the Community |
| 2013 Nov 7 | Visit of H.B Moran Mor Baselios Cardinal Cleemis Catholicos |
| 2014 Jun 15 | Month-long Preparation Prayer on Mar Ivanios Day started at DIP Camp by MCYM |
| 2014 Nov 7 | Episcopal Visit of H.E. Yoohanon Mar Chrysostom |
| 2015 May 16 | Dubai MCCL Unit won Second Place in the First Sargothsavam |
| 2015 July 7 | Start of First VBS (ECKARA) for Catechism Children |
| 2015 Nov | Episcopal Visit of H.E. Josep Mar Thomas |
| 2016 Nov 11 | Episcopal Visit of H.E. Philipose Mar Stephanos |
| 2018 Jul 13 | Release of Mobile App |
| 2018 Nov 9 | Episcopal visit of H.E. Geevarghese Mar Makarios |
| 2019 Nov 8 | Episcopal visit of H.E. Thomas Mar Eusebius |
| 2021 Feb 21 | Arrival of Fr. Reji Varughese Manackalethu as the Fifth Chaplain |
| 2021 Mar 30 | Departure of Fr. Mathew Kandathil to Kerala |
| 2022 Mar 3 | Decision to Celebrate the Silver Jubilee of the formation of Dubai Community |
| 2022 Oct 9 | Release of the Jubilee Logo by H.G Archbishop Thomas Mar Koorilos |
| 2023 Feb 19 | Episcopal visit of H.E. Yoohanon Mar Theodosius |
| 2023 Oct 27 | Blessing of the First Marriage as part of the Jubilee by H.E.Vincent Mar Paulose |
| 2023 Nov 5 | Silver Jubilee Celebration |

www.malankaralibrary.com



**Raju Mathew**
(Ex Chief Reporter - Malayala Manorama UAE)



ദുബായ് കരാമയിലെ താമസസ്ഥലത്തു നിന്ന് പത്തുമിനിറ്റ് നടപ്പ് ദൂരം. ദൈവവുമായും മനുഷ്യരുമായും ബന്ധം ഊട്ടുയുറപ്പിക്കാനുള്ള ഇടമായി കണ്ട സെന്റ് മേരീസ് ദേവാലയം. ദൈവ ജനത്തെ നയിച്ച മോശ ചെങ്കടലിനു മീതേ വടി നീട്ടിപ്പിടിച്ചപ്പോൾ കടൽ രണ്ടായി നിന്നപോലെ പ്രവാസ ജീവിതം രണ്ടായി പകുത്ത ഓർമകൾ. ദുബായിലെത്തും മുൻപും ശേഷവും എന്ന് ഓർമകളുടെ സാഗരത്തെയും രണ്ടായി പകുത്തു നിർത്താം.

പുറപ്പാടിന്റെ അനുഭവം ഉള്ളവർക്കേ വാഗ്ദത്ത ലോകത്തിന്റെ സന്തോഷം പൂർണമായി ഗ്രഹിക്കാനും അനുഭവിക്കാനും സാധിക്കൂ. ക്രിസ്തീയ ജീവിതം പുറപ്പാടിന്റെ അനുഭവവുമായി ഏറ്റവും ചേർന്നു നിൽക്കുന്നു. സ്വർഗസിയോനിലേക്കുള്ള യാത്രയായിട്ടാണ് അതിനെ കാണുന്നത്. ആന്തരീകവും ബാഹ്യവുമായുള്ള യാത്രയാണത്. പഴയനിയമത്തിൽ കാനാൻ ദേശം ലക്ഷ്യമാക്കിയുള്ള ഇസ്രായേൽ ജനത്തിന്റെ യാത്ര പുറപ്പാടിന്റെ നിരവധി അനുഭവങ്ങൾ കാണിച്ചു തരുന്നുണ്ട്. പകൽ മേഘസ്തംഭമായും രാത്രി അഗ്നിത്തൂണായും സ്വന്തം ജനത്തെ കാത്ത ദൈവത്തിന്റെ പരിപാലന. വിശക്കുന്നവർക്ക് മരുഭൂമിയിൽ മന്ന പൊഴിച്ചു തീറ്റിപ്പോറ്റിയ നാഥന്റെ കരുതൽ. ദൈവത്തിന്റെ പരിപാലനയിലാണ് ആ സമൂഹം നടന്നതെന്ന് തിരുവചനം വെളിപ്പെടുത്തുന്നു. കൃത്യമായ ലക്ഷ്യത്തിലേക്കുള്ള നയിക്കപ്പെടലാണത്. ക്രിസ്തീയ ജീവിതവും അതു തന്നെയാണ്. അമ്മയുടെ ഗർഭപാത്രത്തിൽ വച്ചേ പേർ ചൊല്ലി വിളിച്ചു വേർതിരിച്ചു കൃത്യമായ പദ്ധതിയുടെ ഭാഗമായി ലക്ഷ്യത്തിലേക്ക് നയിക്കുന്ന ജീവീതമാണ് ക്രിസ്തീയ ജീവിതം എന്നു തിരുവചനം ബോധ്യപ്പെടുത്തുന്നു. ക്രിസ്തുവിന്റെ കുരിശു പോലും രക്ഷാകര പദ്ധതിയുടെ ഭാഗമായിരുന്നല്ലോ. പ്രവാസ ജീവിതം പല തലങ്ങളിലും ക്രിസ്തീയ ജീവിതത്തെ പ്രതിഫലിപ്പിക്കുന്നതായി തോന്നിയിട്ടുണ്ട്.

പ്രവാസകാല അനുഭവം ജീവിതത്തിലെ അവിസ്മരണീയ കാലമായിരുന്നു. 2018 ജൂലൈ മുതൽ 2022 ഓഗസ്റ്റ് വരെയുള്ള നാലു വർഷം മനോരമയുടെ പ്രതിനിധിയായി യുഎഇ യുടെ മണ്ണിൽ പ്രവാസിയാകാൻ സാധിച്ചു. നാട്ടിൽ നിന്നു അകന്നു കഴിയുന്നതിന്റെ പ്രയാസം മറന്നത് ദുബായ് സെന്റ് മേരീസ് ദേവാലയത്തിലെ നമ്മുടെ കൂട്ടായ്മയിലാണ്. കരുതലിന്റെ കരുത്തും കൂടിവരവിന്റെ ഹൃദ്യതയും അനുഭവിച്ചറിഞ്ഞ നാളുകൾ. ഒരു പക്ഷേ നാട്ടിൽ ഉള്ളതിനേക്കാൾ കൂടുതൽ അടുപ്പം പ്രവാസ ലോകത്ത് ഉണ്ടാകുന്നുണ്ട്. മറ്റൊരു ലോകത്ത് പരസ്പരം കരുത്താകേണ്ടത് അനിവാര്യമാണെന്ന ചിന്തയാകാം. അല്ലെങ്കിൽ മറ്റൊരു ദേശത്ത് സ്വന്തം ദേശക്കാരനെ കാണുന്നതിന്റെ സന്തോഷമാകാം. അതുമല്ലെങ്കിൽ മലങ്കരയുടെ മക്കൾ എന്ന ബോധമാകാം. എന്തായാലും ശക്തമായ ഒരു സമൂഹം ചേർത്തുനിർത്താൻ ഉണ്ടായിരുന്നു എന്നതാണ് ഏറ്റവും ആഹ്ലാദം പകർന്നത്. ഈ കൂട്ടായ്മയുടെ ജൂബിലി ആഘോഷം വ്യക്തിപരമായി ഓർമകളുടെ ഉത്സവകാലം കൂടിയാണ്. പേരുകളുടെ ഒരു പെരുമഴ മനസ്സിൽ പെയ്യുന്നു. ഒരാളെ വിട്ടുപോയാൽ അതു വിഷമത്തിന് വഴിതെളിക്കും എന്നതിനാൽ ആരെയും പരാമർശിക്കുന്നില്ല. പക്ഷേ ഓരോരുത്തരും പകർന്ന സന്തോഷം അൽപം പോലും കുറയാതെ മനസ്സിലുണ്ട്.

ക്രിസ്മസ് കാരൾ സംഘം ഫ്ളാറ്റിൽ വന്നതും ഓണാഘോഷം നാട്ടിലേപ്പോലെ ആഹ്ലാദത്തോടെ നടത്തിയതുമെല്ലാം നല്ല ഓർമകൾ. മാർ ഈവാനിയോസ് ദിനാചരണം, പദയാത്ര, വീടുകളിലെ നർമ്മ സദസ്സുകൾ, റാസൽഖൈമയിലെ കുർബാന, വാർഷികാഘോഷം, ജബൽജയ്സിലേക്കും മറ്റുമുള്ള യാത്രകൾ.. അങ്ങനെ എണ്ണിപ്പറയാൻ എത്രയെത്ര നല്ല മുഹൂർത്തങ്ങൾ. കുടവിരിച്ചു നിന്ന സെന്റ് മേരീസ് കൂട്ടായ്മയുടെ തണൽ തന്ന സന്തോഷങ്ങളാണിതെല്ലാം.

ക്രിസ്തീയ ജീവിതം ക്രിസ്തുവിനോടു ചേർന്നുള്ള നടപ്പാണ്. ആ യാത്രയിൽ അവിടുത്തെ വചനങ്ങളാണ് വെളിച്ചമാകേണ്ടത്. അവിടുത്തെ തിരുശരീര രക്തങ്ങളാണ് പാഥേയങ്ങളാകേണ്ടത്. ഇതിന് ദൈവിക പ്രസാദവരം പകർന്നു തരുന്ന കൂദാശകൾ ആവശ്യമാണ്. ഈ കൂദാശകളാകട്ടെ സഭാ ജീവിതത്തോട് ചേർന്നു നിൽക്കുമ്പോഴാണ് ലഭിക്കുന്നത്. ഈ രീതിയിൽ എനിക്ക് സെന്റ് മേരീസ് ദേവാലയവും ഇടവക ജനവും ആത്മീയമായും ഭൗതികമായും കരുത്തേകിയവരാണ്. ചിരിച്ചു കൊണ്ടു സ്വീകരിച്ച എല്ലാ മുഖങ്ങളും ഇപ്പോഴും ഉള്ളിലുണ്ട്. ചിരിച്ചു മറിഞ്ഞ സന്ദർഭങ്ങളും മായാതെയുണ്ട്. രണ്ടാം വീടായി മാറിയ ദേവാലയത്തിന്റെ ജൂബിലിക്ക് എല്ലാ മംഗളങ്ങളും. അതിലെ എല്ലാ ഇടവകാംഗങ്ങൾക്കും നന്മകളും നേരുന്നു.

www.malankaralibrary.com

# മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം

His Excellency Most Rev. Dr. Antony Mar Silvanos
Bishop of the Major Archiepiscopal Curia



## ആമുഖം

1930-ൽ സഭയെ കത്തോലിക്കാസഭയുടെ കൂട്ടായ്മയിലേക്ക് ആനയിച്ച ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലിത്താ മലങ്കര സഭയുടെ സുവിശേഷ പ്രഘോഷണത്തോടുള്ള താൽപര്യക്കുറവിനെ ഓർത്ത് വേദനിച്ചു. "ഭാരതഭൂമിയുടെ അവിശ്വാസത്തിനും ആത്മീയമായ അതിന്റെ അജ്ഞാനത്തിനും ഒരു കാലത്ത് മലങ്കര സുറിയാനി സമുദായം സമാധാനം പറയേണ്ടതായി തന്നെ വന്നുകൂടും. മലങ്കര സുറിയാനി സമുദായം ഇപ്പോൾ ഉണർന്നു പ്രവർത്തിക്കേണ്ടതായിട്ടുണ്ട്. ക്രൈസ്തവ സഭയുടെ സർവപ്രധാനമായ ചുമതല സുവിശേഷ പ്രചാരണമത്രേ. രക്ഷകനായ മിശിഹാതമ്പുരാനെ ഏവർക്കും കാണിച്ചുകൊടുക്കുക എന്നുള്ളതാണ് അതിന്റെ മുദ്രാവാക്യം" (ഗിരിദീപം പേജ് 56). സുവിശേഷ പ്രഘോഷണ ശുശ്രൂഷയോട് താൽപര്യമില്ലാതെ ഉറങ്ങികഴിയുന്ന മലങ്കര സഭയുടെ ആലസ്യത്തെക്കുറിച്ച് ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലിത്താ വളരെ വേദനിച്ചു (ഗിരിദീപം പേജ് 55-62).

മലങ്കര സഭയെ സുവിശേഷ ശുശ്രൂഷയ്ക്ക് ഒരുക്കുവാൻ സഭയ്ക്കുള്ളിൽ ഒരു വിശുദ്ധീകരണം ആവശ്യമാണെന്ന് 1913-19 കാലഘട്ടത്തിൽ സെറാമ്പൂരിൽ പ്രൊഫസറായി ജോലിചെയ്യുമ്പോൾ അദ്ദേഹത്തിന് ബോധ്യമായി. മലങ്കര സഭയുടെ അടിത്തട്ടിൽ ഊറികിടക്കുന്ന മ്ലേച്ഛത കാണുവാനും മണക്കുവാനും എനിക്കിടയായെന്നും ആ മ്ലേച്ഛത എന്നിലും ഉണ്ടെന്നും എന്റെ സഭയെ വിശുദ്ധീകരിക്കുവാൻ ഞാനാണ് വിശുദ്ധീകരിക്കപ്പെടേണ്ടതെന്നും അദ്ദേഹത്തിന് ബോധ്യമായി. മലങ്കര സഭയുടെ നവീകരണത്തിനും വിശുദ്ധീകരണത്തിനും സന്ന്യാസത്തിൽ സ്ഫുടം ചെയ്ത ഒരു ആദ്ധ്യാത്മികത ആവശ്യമാണെന്ന് മനസ്സിലാക്കിയ അദ്ദേഹം സ്വയം വിശുദ്ധീകരണത്തിനായി ഒരു സന്ന്യാസി ആകുകയും **1919**-ൽ മുണ്ടൻമലയിൽ പുരുഷന്മാർക്കായി ബഥനി സന്ന്യാസ സമൂഹം സ്ഥാപിക്കുകയും ചെയ്തു. 1925-ൽ തിരുമൂലപുരത്ത് സ്ത്രീകൾക്കായി ബഥനി സന്ന്യാസിനി സമൂഹവും സ്ഥാപിച്ചു. കുടുംബജീവിതം നയിക്കുന്നവർക്കായി ആഴമായ ഒരു ക്രിസ്തീയ ജീവിതം നയിക്കാൻ ഉതകുന്ന ഒരു ജീവിതശൈലി സന്ന്യാസത്തിന്റെ ആദ്ധ്യാത്മികതയുമായി ബന്ധപ്പെട്ട് അദ്ദേഹം രൂപപ്പെടുത്തി. അത് ത്രിതീയാശ്രമം (Third Order) എന്ന പേരിൽ അറിയപ്പെട്ടു.

1930-ൽ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ട ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലിത്താ പുനരൈക്യം, സുവിശേഷ പ്രഘോഷണം എന്നീ രണ്ട് ചിന്തകൾക്ക് വലിയ പ്രാധാന്യം നൽകി. പുനരൈക്യത്തിനുശേഷമുള്ള ആദ്യകാലങ്ങളിൽ ശക്തവും സംഘടിതവുമായ സുവിശേഷ പ്രഘോഷണവും സഭൈക്യ പ്രവർത്തനങ്ങളും നടന്നിരുന്നു. എന്നാൽ പിൽകാലത്ത് സഭയുടെ ആദ്യകാല സുവിശേഷ തീക്ഷ്ണത മന്ദീഭവിച്ചിരിക്കുന്നു എന്ന് മലങ്കര സുറിയാനി കത്തോലിക്കാ സഭ തിരിച്ചറിയുകയും സുവിശേഷ പ്രഘോഷണ ശുശ്രൂഷയെ ഗൗരവമായി കാണാൻ ആഗ്രഹിക്കുകയും ചെയ്തു. മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം മാർ ഈവാനിയോസ് പിതാവ് സ്ഥാപിച്ച ത്രിതീയാശ്രമത്തിന്റെ ആനുകാലിക രൂപമാണെന്ന് പറയാം. മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷ സംഘത്തെ ഈ പശ്ചാത്തലത്തിലാണ് നാം മനസിലാക്കുക.

## 1. സുവിശേഷസംഘത്തിന്റെ ആരംഭവും ചർച്ചയും

